# കർണ്ണഭൂഷണം

ഉള്ളൂർ

Digitized By Kerala Sahitya Akademi

# കർണ്ണഭൂഷണം

(സവ്യാഖ്യാനം)

---

ഉള്ളൂർ, എസ്. പരമേശ്വരയ്യർ

---

ഏഴാം പതിപ്പ് കോപ്പി 500

---

*ULLUR PUBLISHERS,*

തിരുവനന്തപുരം

***All Rights Reserved]***

**1958**

വില രൂ. 1—25 ന. പ.

---

പ്രസാധകരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു,

Digitized By Kerala Sahitya Akademi

*Printed at*
The Sridhara Printing House,
TRIVANDRUM

Digitized By Kerala Sahitya Akademi

# മുഖവുര

'അന്നും ഇന്നും' എന്ന എൻെറ ഒരു ചെറിയ ഭാഷാകൃതി 'ഉണ്ണിനമ്പൂരി' മാസികയിൽ ഞാൻ ആദ്യമായി പ്രസിദ്ധപ്പെടുത്തിയപ്പോൾ അതു വായിച്ച ചില സാഹിത്യരസികന്മാർ ആ കൃതിയിൽ സൂചിപ്പിക്കുക മാത്രം ചെയ്തിട്ടുള്ള പുരാണപുരുഷന്മാരിൽ ഒരു മഹാത്മാവിന്റെ ഒരുപാഖ്യാനത്തെയെങ്കിലും സാമാന്യമായി പ്രപഞ്ചനം ചെയ്തു് ഒരു കവിത നിർമ്മിച്ചുകണ്ടാൽ കൊള്ളാമെന്നു് എന്നോടു് അപേക്ഷിക്കുകയുണ്ടായി. അവരുടെ ആകാംക്ഷയെ പൂരിപ്പിക്കുന്നതിനു വേണ്ടിയാകുന്നു കല്യാണകൃത്തായ കർണ്ണൻെറ കവചകുണ്ഡലദാനോദ്യമത്തെ വിഷയീകരിച്ചുള്ള "കർണ്ണഭൂഷണം" എന്ന ഈ ഖണ്ഡകാവ്യം ഞാൻ രചിക്കുവാൻ ഒരുമ്പെട്ടതു്. വിശ്വവിദിതമായ ഒരു പുരാവൃത്തത്തിൻെറ ഉദ്ദേശരഹിതമായ ഏതോ പുനരാഖ്യാനം മാത്രമാണു് ഈ കൃതി എന്നു നാമശ്രവണത്തിൽ തോന്നുമെങ്കിലും വാസ്തവം അങ്ങനെയല്ലെന്നുള്ളതു വായനക്കാർക്കു വേഗത്തിൽ മനസ്സിലാക്കുവാൻ കഴിയും. ഇത്തരത്തിലുള്ള ഒരു പ്രസ്ഥാനം വങ്ഗസാഹിത്യത്തിലും മററും ഇപ്പോൾ ലബ്ധ

Digitized By Kerala Sahitya Akademi

പ്രതിഷ്ഠമാണു്. പരമപാവനിയായ കൈരളീദേവിയുടെ പാദപത്മങ്ങളിൽ ഭക്തിപുരസ്സരം സമർപ്പിക്കുന്ന ഈ കവനകുസുമത്തെപ്പററി എനിക്കു് ഇതിലധികമായി ഒന്നും ഉപക്രമണികാരൂപത്തിൽ പ്രസ്താവിക്കേണ്ടതില്ല. ഭാരതീയരുടെ പ്രാക്തനങ്ങളായ പരമാദർശങ്ങൾ ജയിക്കട്ടെ. ഭഗവാൻ വേദവ്യാസമഹർഷിയുടെ ഭാരതീവിലാസത്തിനു വീണ്ടും വീണ്ടും നമസ്കാരം. വന്ദേ മാതരം.

തിരുവനന്തപുരം,<br>1-1-1104. } ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

"അക്കണ്ണനും—അതേ! കണ്ണൻ—

അദ്വൈതമാം തന്റെ കുണ്ഡലം

അരുത്തരത്ഥിക്കരുളിയോ-

രവണീ ഹരിചന്ദനം"

'അന്നും ഇന്നും.'

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# കർണ്ണഭൂഷണം

## I

അന്നു രാത്രി ചോരരായ് വാസരശ്രീയോടു
സൂരജ വിണ്ണോരോടെന്നപോലെ.
ത്തൂമയിൽ തൻവസ്തുകാരായ് മേൽക്കുമേൽ
ധാമനിധിയായ ദേവൻ വീണ്ടും.
ചോപ്പങ്കവാൽത്തൊപ്പി ചാർത്തിന മൌലികൾ
മേല്പോട്ടു നീട്ടിക്കൊണ്ടങ്ങുമിങ്ങും,
ഉച്ചത്തിലാച്ചാരവാക്കോതി ലാത്തുന്നു
നൽച്ചരണായുധർ നാഗരികർ.
വേതനത്തിന്നോരോ രാജന്യസ്തോത്രങ്ങൾ
സാധകം ചെയ്തതാം ജിഹ്വകളെ
ധന്യകളാക്കുന്നു തങ്ങൾക്കു യോജിച്ച
മന്നനെ വാഴ്ത്തുന്ന സൂതവര്യർ.

Digitized By Kerala Sahitya Akademi

## II

പന്ത്രണ്ടു വത്സരം ലുബ്ദ്ധമായ് മേവിന
പർജ്ജന്യപങ്‌ക്തിക്കു പണ്ടേപ്പോലെ
ഏവനെദ്ദർശിച്ച മാത്രയിൽ പിന്നെയും
കൈവന്നു ദാനധർമ്മാവബോധം ;
ആദ്രിവ്യൻ— ഉണ്ണുകയല്ലാതെ യൂട്ടുക-
യോത്ത്രമേ കാണാത്ത പാവകനെ
പായസപീയൂഷപ്പാൽക്കടലാക്കിന
വാചംയമാഗ്രിമൻ—ഋശ്യശൃംഗൻ
മേളിച്ച നാൾമുതൽ മങ്ഗലദേവത
ലാളിച്ചു പോററീടുമങ്ഗഭൂവിൽ,
മുന്നാളിൽ വഞ്ചിച്ചു കൊണ്ടലിൻ മൈത്രിയെ-
യെന്നാളും ശോധിപ്പാനെന്നപോലെ
അംബരം മുട്ടുന്നോരാകാരമേന്തിന
പൊന്മണിമാളികതൻ നടയിൽ,
എത്തിപ്പോയല്ലോ നാം ; ഈ നൽക്കണ്ണാമൃത-
മട്ടിക്കിൽനിന്നല്ലോ കേട്ടീടുന്നു.

## III

കേറീടാമങ്ങതിന്നുള്ളിലൊരോമന-
നീരാളമെത്തമേൽ നിദ്രകൊൾവോൻ



Digitized By Kerala Sahitya Akademi

ധാത്രിക്ക മുത്തിന്നായ് ദാനനീർ വാക്കുന്ന
പാർത്ഥിവകുഞ്ജരനഗ്രഗാമി.
അഞ്ചിതമാകും തന്നങ്ഗത്താലാമഞ്ജു-
മഞ്ജുത്വത്തെത്താഴ്ത്തിന മാനവചന്ദ്രൻ,
ചെങ്കതിരോനിൽനിന്നങ്കുരിച്ചീടുന്ന
മംഗല്യധാമമാവാം മാണവകൻ.
നീളെത്താൻ പ്രാശിച്ച ലോകത്തിൽ ദൈന്യമാം
ക്ഷ്വേളത്തിൻ രൂപത്തിലപ്പുമാനിൽ
കഞ്ജാതലോലംബകമ്രമായ് മിന്നുന്നു
വിൽഞാൺതഴമ്പണി പാണിയിങ്കൽ.

മണ്ഡലംവാഴുമാ രാജാവിൻ കർണ്ണങ്ങൾ
മണ്ഡനംചെയ്തീടും കുണ്ഡലങ്ങൾ
സേവിപ്പൂ പാർശ്വത്തിൽ തദ്വക്ത്രചന്ദ്രനെ
ശ്രീവിശാഖാഢ്യകളെന്നപോലെ.
തുശിതുളച്ചവയല്ലാശ്രുതികൾ ; ആ-
ബ്ഭൂഷകൾ കാതുകൾ തീർത്തതല്ല ;
ആഹാര്യഭാവത്താലാവിലമല്ലതു-
മാഗർഭധാനം തത്സാഹചര്യം.
അമ്മട്ടിൽ മാറിലുമമ്മഹാൻ ചാർത്തുന്നു
പൊന്മയമായോരു പോർക്കവചം ;



Digitized By Kerala Sahitya Akademi

വീരശ്രീദേവിതന്നന്തഃപുരത്തിന്നു
        ചേരും യവനികയെന്നപോലെ.
ശുദ്ധാന്തമുഗ്ദ്ധകളക്കണ്ണുഭ്രൂഷകൾ
        പൊത്താനായ് നീട്ടിന കൈകൾ രണ്ടും
ഇക്കഞ്ചുകം കണ്ടു നാണിച്ചു തങ്ങൾക്കു-
        ള്ളക്ഷികൾ മൂടുവാൻ പോക്കമല്ലോ.

## IV

ചാരുവാമച്ഛപ്രമഞ്ചത്തിൽ മിന്നിന
        പൂരുഷാകാരം പുരുഷകാരം
ആരെന്നു ഞാനിനിയോതേണമോ ? സാക്ഷാൽ
        ഭാരതമാതാവിൻ ഭാസ്വൽസൂനു ;
ശ്രീമാനാമേവൻെറ ദിവ്യാഭിധാനം തൻ
        നാമത്തിൻ മാറെറാലിയെന്നപോലെ
ലോകത്തിൻ കർണ്ണം കേട്ടാനന്ദമേല്പൂ, ത-
        ത്ത്യാഗസാമ്രാജ്യൈകചക്രവർത്തി ;
ഭൂപരത്തിങ്കലെദുർഗ്ഗതിധ്വാന്താർക്കൻ ;
        ചാപവേദാഗമപാരഗാമി ;
അങ്ഗാരലോചനശിഷ്യശിഷ്യോത്തമ,-
        നങ്ഗാവനീരതിയൈല്ലന്താരമ്പൻ ;



Digitized By Kerala Sahitya Akademi

കന്യ പൃഥയ്ക്കു കടിഞ്ഞൂൽക്കിടാവായ
കർണ്ണൻ, കരാഞ്ചിതകാളപൃഷ്ഠൻ :-
ആ നവ്യജീമൂതവാഹന,നാരെയു-
ണ്ടാനന്ദനർത്തനമാടിക്കാതെ !
അപ്പുരുഷേന്ദ്രൻ തൻ പൂങ്കവിളിൽപ്പുത്തൻ-
കർപ്പൂരം പൂശിടുമല്പഹാസം
തങ്ങളെക്കൈവിടൊല്ലെന്നിരന്നീടുന്ന
പൊൻകുണ്ഡലങ്ങൾക്ക സാന്ത്വനമോ ?
തന്നോടു മൈത്രിയും ദ്വേഷവും കാട്ടുവാൻ
വിണ്ണവർ തേടിടും മത്സരത്തിൽ
ആശങ്കതനിക്ക താൻ പോന്നോരാദ്ധീരൻത-
ന്നാകൂതം മിന്നിക്കും കൈവിളക്കോ ?

V

അങ്ങുള്ളിലാരൊരാൾ പോവതു,ലോകത്തിൻ
ജങ്ഗമചൈതന്യമെന്നപോലെ ?
സൌവർണ്ണശൈലത്തിൻ സാരമോ ? തൃക്കൈയിൽ
ഗോവിന്ദനേന്തും സുദർശനമോ ?
അല്ലല്ല ; പള്ളിക്കുറപ്പുകൊണ്ടീടുമാ-
വില്ലാളിക്കുള്ളുന്നീ വിപ്രവര്യൻ.



Digitized By Kerala Sahitya Akademi

പുണ്യാത്മാവാകിന പൂഷാവിന്നല്ലാതീ-
യന്യാദൃശാഭിഖ്യയാർക്കു വായ്ക്കും ?
ആ മാനിനീമണി കുന്തിതാനന്നാമന-
ക്കൌമാരധാരിയാം പത്മിനീശൻ

കണ്മണിയുണ്ണിയെക്കാണ്മതിന്നായിത്താ-
നിമ്മഹീചംക്രമണേച്ഛു കൊൾവൂ.
കുന്തിഭോജാത്മജയാകുമക്കുഞ്ഞൊരു
മന്ത്രത്താൽ മാമ്പഴമെന്നപോലെ

ആകാശവീഥിയിൽ നിന്നഹോ! തന്നെപ്പ-
ണ്ടാകർഷിച്ചിട്ടതുമപ്പുറവും
ഓർമ്മയിൽ വന്നതുമൂലമോ, ദേവന
കോൾമയിർക്കൊൾവതു മേനിയെങ്ങും ?
അല്ലെങ്കിൽ തൻസുതനന്യാത്മജീവിതൻ ;
ചൊല്ലുന്നതങ്ങനെ വന്ന കാര്യം ?

ദൈവമാമെന്നാകിലും ക്ഷാത്രമാമോജസ്സു
ഭീമമെന്നാലുള്ളൊരു ചിന്തമൂലം
ഉൽപന്നമായിട്ടും കമ്പമൊഴിഞ്ഞിപ്പ-
തപ്രഭാതാരള്യകൈതവത്താൽ ?
പങ്കത്തിൽ നില്പതാം പാഴ്മലർമൊട്ടിനും
തങ്കരത്താലോലം നൽകിടുന്നോൻ
പുണ്യനാം പുത്രനെപ്പുൽകുവാൻ പോകുമ്പോ-
ളിന്നമട്ടൊക്കെയാമെന്നതില്ലേ ?



Digitized By Kerala Sahitya Akademi

ആ മട്ടിൽ മാളികയ്ക്കുള്ളിലുറങ്ങും ത-
ന്നോമനയുണ്ണിതൻ മുന്നിൽ വേഗാൽ
പ്രേക്ഷകയായ്‌ച്ചെന്നു നന്ദനവാത്സല്യ-
പാരവശ്യാകുലൻ ഭാനുമാലി.

IV

അന്നമ്മണിയറയാകവേ പൂത്തൊരു
കൊന്നപ്പൂന്തോട്ടമായ് മിന്നിനിൽക്കേ
മഞ്ഞനീരാടിന മന്നവൻ തന്മിഴി-
മഞ്ജുളച്ചെന്താർ മലർന്നു മെല്ലെ.
ആഗന്തുകനൊരാൾ, അന്തണൻ, കാല്യത്തിൽ-
ആഗമവിഗ്രഹ,നത്ഭുതാഭൻ,
കാണികൾക്കുൾപ്പൂ കുളുർപ്പിക്കും ചെന്തീയായ്,
കാഞ്ചനവർണ്ണമാം കർപ്പൂരമായ്,
ചേണുറ്റ തൻ പൂർവ്വപുണ്യത്തിൻ സൽഫലം
പാണിയിൽ പക്വമായ് വീണപോലെ,
ആസന്നനായതു കണ്ടെഴുന്നേറ്റങ്ങേ-
ങ്ങാസന,മെങ്ങർഘ്യ,മെങ്ങു പാദ്യം,
എങ്ങു മധുപർക്ക,മെന്നരചെസ്സങ്കോ-
ണങ്ങേൾ,നാതിഥ്യജാഗരൂകൻ,



Digitized By Kerala Sahitya Akademi

ആ ദിവ്യനെച്ചെന്നഭിവാദനംചെയ്താ-
    നാദിത്യൻ ചന്ദ്രനായ് മാറിയോനേ.
കണ്ഡലമണ്ഡിതഗണ്ഡമാം തൻ ശീർഷം
    മണ്ഡലാധീശ്വരമൌലിരത്നം
പാദസഹസ്രവാനാകമതിഥിതൻ
    പാദസപര്യയ്ക്കു പത്മമാക്കി
ബന്ധനമസ്കൃതി ചെയ്യവേ ലോകത്തിൻ
    ബന്ധമകററീടും ദേവദേവൻ
സൂനുവിനെധന്യസമ്രാട്ടായ് വാഴിച്ചാ-
    നാനന്ദബാഷ്പാഭിഷേചനത്താൽ.

VII

അമ്മന്നനാദ്യമായോതിനാൻ: “അങ്ങേക്കായ്
    ബ്രഹ്മൻ! നമസ്കാരം വീണ്ടും വീണ്ടും!!
ശോഭനാനങ്ങിങ്ങെഴുന്നള്ളി, മുന്നമാ
    വൈഭണ്ഡകൻമുനിയെന്നപോലെ,
വാടുറേറാരീയങ്ങരാജ്യം തണുക്കുവാൻ
    കാരുണ്യവർഷം പൊഴിച്ചുവല്ലോ!
ചൈതന്യദാതാവേ! സാധുവാം ഞാനൊരു
    സൂതകുലത്തിൽ ജനനമാർന്നോൻ
രാധയെൻ തായ, യധിരഥനെൻ താത,-
    നോതുന്നു കർണ്ണനെന്നെൻെറ നാമം.



Digitized By Kerala Sahitya Akademi

മാനധനാഗ്രണി, മന്നൻ, സുയോധനൻ,
ദീനദയയ്ക്കൊരു ദിവ്യധാമം,
പീയൂഷഭാനുവംശാർണ്ണവകൌസ്തുഭ,-
മീയെൻ ബഹിശ്ചരപ്രാണനായു് :-

തേർവിട്ടുകൊള്ളുവാൻ നോക്കാതെ ബാല്യത്തിൽ
പോർവില്ലെടുപ്പാൻ മുതിർന്നോരെന്നെ
മംഗലകുംഭാഭിഷേകത്താലേവനീ-
യംഗഭൂലക്ഷ്മിക്കധീശനാക്കി :—
ആദ്യമാമൌദാര്യപാഠം പഠിപ്പിച്ചോ-
രാദ്യദേശികന്നു ഞാൻ ഗർഭദാസൻ.
ആശിപ്പതെന്തെന്നു കല്പിച്ചാലാവാക്യ-
മാശിസ്സെന്നോർപ്പോൻ ഞാൻ ദത്തകർണ്ണൻ
ചീളെന്നതേകുവനെൻ വലങ്കൈയാലോ
കാളപൃഷ്ഠത്താലോ കായത്താലോ ?

ധർമ്മാധർമ്മാവെത്രയോ സൂക്ഷ്മത്തിൽ സൂക്ഷ്മമെ-
ന്നമ്മഹായോഗീന്ദ്രരോതിടുന്നു ;
ഏതുമതെന്തെന്നു കണ്ടവനല്ല ഞാൻ—
പാതകകാപഥമാത്രപാന്ഥൻ !
എങ്കിലുമുണ്ടൊരു ഭേഷജമെൻ കൈയി-
ലെൻ ഗദങ്ങൾക്കെല്ലാമൊററമൂലി.



Digitized By Kerala Sahitya Akademi

ഏവനെന്തെങ്ങപ്പോളെന്നോട്ട നേർന്നാലും
ജീവ,നതല്ലതിൻ മേലെന്നാലും
ഞാനവന്നേകമതപ്പോൾ ; എൻപാദമ-
ദ്ദാനഗംഗാംബുവാൽ ധൌതമാകും.
കൂടിക്കിടപ്പതുണ്ടിന്നന്മയൊന്നെന്നിൽ
കോടക്കാർകൊണ്ടലിൽ മിന്നൽപോലെ.”

## VIII

എന്നുരചെയ്തുകൊണ്ടാനതമൌലിയായ്
മുന്നിൽ നിലകൊള്ളും തന്മകനെ
ആയിരം കണ്ണുള്ളോരണ്ടർകോൻ തന്റെ നേ-
ക്കായതമായെഴുമീർഷ്യയോടെ
മാറിടം ചേർത്തു പുണർന്നു നിറുകയിൽ
കൂറോടു കൈയണച്ചാശ്ലിസ്സുകി,
അപ്പുനബ്ഭദ്രന്നു താനെന്നു ചേർത്തുമോ-
ത്തജ്ജഗച്ചക്ഷുസ്സോരല്പനേരം
സർവ്വം വിസ്മരിച്ചങ്ങനെ നിന്നുപോയ്
നിർവൃതിമണ്ഡലമദ്ധ്യവർത്തി.
ഹേമാസനത്തിങ്കൽ താനിരുന്നപ്പുറ-
മാമാന്യനേയുമടുത്തിരുത്തി,



Digitized By Kerala Sahitya Akademi

ഓതിനാൻ ഭാസ്കരൻ ശങ്കയാൽ കണ്ഠത്തിൽ
പാതിതടഞ്ഞൊരു വാക്കിവണ്ണം :—

XI

“ആരോമൽപ്പൈതലേ ! ഹാ ! കഷ്ടമയ്യോ ! നീ-
യാരെന്നരച്ചുപോയ് ഹന്ത ! നിന്നെ ?
രാധേയനല്ല, നീ, യാധിരഥിയല്ല ;
സൂതകുലത്തിൽ ജനിച്ചോനല്ല.
പാലാഴിപ്പൈതലാം പാരിജാതത്തെയോ
കാലിക്കുളമ്പുചാൽ പെററിടുന്നു ?
പാണ്ഡുരകീർത്തിയാം നിൻ ജനയിത്രിയ-
പ്പാണ്ഡവമാതാവാം കുന്തിദേവി !
ധർമ്മിഷ്ഠൻ, വില്ലാളി, ദാതാ, വനകമ്പി,-
യിമ്മട്ടിൽ ത്രൈലോക്യം വാഴ്ത്തും നിന്നാൽ—
സീമന്തപുത്രനാൽ—വീരസൂവായവ-
ളാമാന്യ, ഗോവിന്ദനച്ഛൻപെങ്ങൾ.
പാർത്ഥപുമർത്ഥങ്ങൾ നാലിലും ധർമ്മം നീ
പാർത്ഥയുഗങ്ങളിൽ സത്യവും നീ ;
അച്ഛനാരെന്നതും കാണ്മീല കുഞ്ഞതി-
പ്പശ്ചാത്താപാർത്തനാം പാപിതന്നെ !



Digitized By Kerala Sahitya Akademi

ചണ്ഡകരനെന്നും സർവ്വസംഹാരിയാം
ദണ്ഡധരന്നു ജനകനെന്നും
നിർദ്ദയനേവനെ നിന്ദിപ്പൂ ജീവിക-
ളദ്ദിവ്യവിഗ്രഹനാസ്സുരാത്മാ
ഞാനാണീയെൻകണ്ണന്നാനകദുന്ദുഭി ;
നൂനമധിരഥൻ നന്ദഗോപൻ.

## X

“താപസമന്ത്രത്തിൻ തത്ത്വപരീക്ഷയാം
പാപത്തിൽ പെട്ടുപോയ് പണ്ടു കുന്തി!
ഞാനതിൻമൂലമക്കന്യയ്ക്കു കാന്തനായ് ;
കാനീനൻ കാശ്യപിസൂതജൻ നീ !
പെററൊരു മാത്രയിൽ പേടിച്ചും നാണിച്ചും
കററക്കിടാവിനെക്കന്യകയാം
രത്നാകരത്തിങ്കൽ ചേരേണ്ടതാവാമീ-
രത്നപ്രകാണ്ഡമെന്നോർത്തപോലെ
പൊങ്ങു തടികൊണ്ടു തീർത്തോരു പെട്ടിയി-
ലങ്ങിട്ടു വേഗമടച്ചു പൂട്ടി



Digitized By Kerala Sahitya Akademi

അശ്രുനദിയിലൊഴുക്കിനാലാദ്യമാ-
യശ്വനദിയിലോ പിന്നെയല്ലോ!
ചർമ്മണ്വതിയും യമുനയും ഗംഗയും
ചമ്പാപുരിവരെ മാറി മാറി
വെൺനുരവൈരക്കൽക്കാപ്പണിഞ്ഞീടിന
തന്നലക്കൈകളാൽത്താങ്ങിത്താങ്ങി
എന്നിളംപൈതലിൻ ചെമ്മെയ്യൊളി മേൽക്കുമേൽ
പൊന്നിറം പൂശുമപ്പേടകത്തെ
കൊണ്ടുചെന്നപ്പുറം രാധയിൽ ചേർപ്പതു
കണ്ടേൻ ഞാൻ ദൂരസ്ഥനന്യതന്ത്രൻ.
പഞ്ജരബദ്ധമാം പൈങ്കിളിക്കുഞ്ഞെ,ങ്ങീ
വൻജലസ്തംഭമെ,ങ്ങെന്ന ലോകർ
അത്ഭുതപ്പെട്ടിടാം ; ആര് താൻ നിൻസ്രഷ്ടി-
ശില്പത്തിൽ തത്ത്വാർത്ഥം കണ്ടിരിപ്പോർ ?
കൂടെ നിന്നക്കണ്ടു മൂവരെനിക്കെന്റെ
മാഠരപിങ്ഗലദണ്ഡർപോലെ ;
മിത്രാധികരവർ മേളിപ്പു നീയുമായ്
നിത്യസഹവാസനിഷ്ഠയുള്ളോർ.
ഒന്നീയൊളിത്തിടമ്പാമനപ്പോർച്ചട്ട ;
പിന്നെ രണ്ടീരത്നകുണ്ഡലങ്ങൾ ;



Digitized By Kerala Sahitya Akademi

പീയൂഷസാരത്താൽ തീർത്തൊരീബ്ഭൂഷക-
ളായുഷ്മാനാക്കമണ്ണിയുവാനെ.
നിൻ ചിരജീവിതം പ്രാർത്ഥിച്ചാരം നിന്നമ്മ ;
സഞ്ചിതമാക്കിനേൻ ഞാനതേവം.
മുന്നിലും പിന്നിലും പാർശ്വദ്വയത്തിലു-
മിന്നിറമാർന്ന നിൻ സോദരന്മാർ
ത്തുമയിൽ രാമനെക്കൈകേയീനന്ദന-
സൗമിത്രിമാർപോലെ കാത്തിരിപ്പൂ.
ഏതെഴുത്തെങ്കിലും നെററിമേൽ നാന്മുഖൻ
ബോധിച്ചപോലെ കുറിച്ചിടട്ടെ ;
മിത്രമാം ശ്രീകൃഷ്ണനേത്തുമട്ടുള്ളോരു
കൃത്രിമകൈക്കളും കാട്ടിടട്ടെ ;
പാശുപതമല്ല, ശൂലി, പിനാകമോ
ഫാലാക്ഷിപോലുമോ, നൽകിടട്ടേ ;
പോരിനാൽ ജിഷ്ണുവാം ഫൽഗുനൻ നിന്നോട്
പോരിട്ടാൽ പിന്നെയും ഫൽഗുവീര്യൻ.
കണ്ണനെന്നുണ്ണി താൻ രജതാവിക്കഞ്ചുക-
കണ്ണാവതംസങ്ങളുള്ള കാലം!"



Digitized By Kerala Sahitya Akademi

## XI

ഇത്ഥമാച്ചിന്നൻ പൌരുഷശ്രീസത്മം
പുത്രാസ്യപത്മമൊന്നുററുനോക്കി;
സാമ്പ്രതമായതിൽ പണ്ടേക്കാൾ തെല്ലൊരു
കൂമ്പലുമില്ല വിരിവുമില്ല!
വേപഥുരോമാഞ്ചബാഷ്പങ്ങൾ പൂണ്ടു താൻ
ഹാ! പരമോത്തമഗ്ഗൽഗദോക്തി
താമരത്തണ്ടിലെ നല്ലിലമേൽ വീണ
പേമഴയ്ക്കൊപ്പമായ്ത്തീർന്നുവല്ലോ!
അന്നിർവ്വികാരമാം വിഗ്രഹമാർന്നവൻ
കണ്ണനോ കണ്ണവിഹീനൻതാനോ?
കേട്ടതിലില്ലൊരു കൌതുകം; മറെറന്തോ
കേൾപ്പതിലുൾക്കണ്ഠയുണ്ടുതാനും;
വല്ലതുമാവട്ടെ; വന്നൊരു വാർത്ത താൻ
ചൊല്ലുക, പീഠിക നിർത്തിയെന്നായ്
ഭാനുമാൻ ചിന്തിച്ചു തന്നുടെ ജിഹ്വയാം
വീണതൻ കമ്പികൾ വീണ്ടും മീട്ടി:—

## XII

അണ്ടർകോനിജ്ജഗതാനന്ദം ഞാനമാ-
യുണ്ടൊരു മത്സ്യം പണ്ടുപണ്ടു.



Digitized By Kerala Sahitya Akademi

മത്സുതൻ സുഗ്രീവൻ പ്രാർത്ഥിച്ചു രാഘവൻ
തത്സുതൻ ബാലിയെയെന്നു കൊന്നോ,
പാരമന്നാൾതൊട്ടു പാകാരിയെന്നോടു
വൈരനിര്യാതനബദ്ധദീക്ഷൻ.
ഇന്ദ്രന്റെ പുത്രക്കില്ലപ്പൃതനൈകങ്കര്യ-
മന്ദാധികാരിത്വം പോലുമെന്നോ ?

ഭാസ്കരവംശജൻ പൌലസ്ത്യസംഹാരി
ഭാസ്കരപുത്രനെബ്ബന്ധുവാക്കി !
ആവട്ടെ ; പിന്നെയും മന്നിൽ ജനിച്ചിട്ടും
ഗോവിന്ദൻ മർത്ത്യനായെന്നനജൻ ;
അന്നിതിന്നുത്തരം ചോദിപ്പൻ ഞാനെന്നാ-
ണിന്ദ്രനുറച്ചു,തതൊത്തുപോയി !
കൈതവഗോപനാം കംസാരിക്കർജ്ജുനൻ
ഹാ ! തൻ ദ്വിതീയനാമന്തരാത്മാ ;
ആവിഷ്ണുവൈരിയാമന്ധതനൂജനെ
നീ വലങ്കൈയായി നിൽപ്പൂതാനും !
ശോകിക്കൊല്ലെന്മകനിന്ദ്രനെക്കൊണ്ടെന്നോ-
ത്തേകിനേനീവർമ്മകുണ്ഡലങ്ങൾ.
ദിവ്യാസ്ത്രമല്ലാതെ ദീർഘായുസ്സേതുമേ
ശർവൻ തൽപുത്രന്നു നൽകീലല്ലോ !



Digitized By Kerala Sahitya Akademi

മറ്റാരുമാവട്ടെ ; മാർക്കണ്ഡനല്ലവൻ ;
　　മുറ്റും ചിതാന്തം തജ്ജൈത്രയാനം !
എന്നു വിടുന്നുവോ ദൂതരെയന്തകൻ–
　　നിന്നുടെ സോദരൻ–അങ്ങു നോക്കി ;
അന്നു ശമിക്കണം ഗാണ്ഡീവഹൂങ്കാരം ;
　　അന്നരിവെൺചാമ്പലർജ്ജുനാംഗം !
ഓമനേ ! കാണുമക്കാഴ്ചയൊരിക്കൽ നീ–
　　യാമുക്തകുണ്ഡലഭൂഷിതാംഗൻ ;
ആയതു കണ്ടിന്ദ്രൻ ഗൗതമശാപമോ–
　　ർത്തായിരം പ്രാവശ്യം മാഴ്കിടട്ടേ !

## XIII

"എന്നാലതിന്നൊരു വിഘ്നം വരുത്തിടാ–
　　നിന്നു കരുതുന്നു ദേവരാജൻ.
ഹാ ! സുതവാത്സല്യം ഭവ്യരെക്കൊണ്ടുമെ–
　　ന്താസുരകൃത്യങ്ങൾ ചെയ്യിപ്പീല !
ന്യൂനതയൊന്നുണ്ടു നൂനമെന്നെണ്ണിക്കു–
　　ദാനധർമ്മാസക്തിപാരവശ്യം !
വെണ്മതിക്കുള്ള കറുപ്പല്ലതെന്നാകിൽ
　　കണ്മണിക്കുള്ളൊരു വെണ്മയാട്ടെ.



Digitized By Kerala Sahitya Akademi

ഉണ്ണാൻ മറന്നോവൻ ധ്യാനം തുടങ്ങുന്ന-
തന്നരനപ്രാജ്ഞനാത്മഘാതി.
അംബുധിക്കുടിയും വേലയാൽ ശോഭിപ്പൂ;
നന്മയ്ക്കുമൊട്ടൊരു സീമവേണം;
അസ്ഥാനത്തിങ്കലല്ലാത്മപൂജാവിധി;
ശുദ്ധൻ നിനക്കതു രൂപമില്ല.
കോട്ടമതൊട്ടൊട്ടു കാണ്മൂ സഹസ്രാക്ഷൻ-
കോട്ടമതിലിലെക്കൊച്ചുരന്ധ്രം!

വഞ്ചകനെത്തിടും വണ്ണിയായ് നിന്നോട്,
കഞ്ചുകകുണ്ഡലഭിക്ഷ വാങ്ങാൻ :—
വജ്രത്തഴമ്പാന്ന തൻവലംകൈയൊരു
പിച്ചപ്പാഴ്ക്കുമ്പിളായ്ക്കോട്ടിക്കാട്ടാൻ!
മത്തകരീന്ദ്രർതൻ മസ്തകമൌക്തിക-
മെത്രമേൽ പോകിലുമെന്തു ചേതം?
പിന്നെയും നേടിടാം; ദംഷ്ട്രകളെന്നപോ-
മന്നത്രെ പഞ്ചാസ്യൻ വിശ്വഹാസ്യൻ.
എന്തുമിവയൊഴിച്ചെന്നെണ്ണി നൽകിലും
സ്വന്തം നിലയ്ക്കൊരു ദോഷമില്ല;

ഏതെല്ലാം വിട്ടാലും വീഴാതെ നോക്കണം
സോദരത്യാഗമാം പാതകത്തിൽ.



Digitized By Kerala Sahitya Akademi

വാസുകി നീർക്കോലിയാകുമെന്നോർക്കുന്നു
വാസവൻ ; ദോഷജ്ഞനോ കുണ്ഡലീശൻ ?
നീരദമാക്കുമോ സർവ്വജ്ഞഭൂഷയെ
നീരദവാഹനയാഗ്‌ഞായന്ത്രം ? ”

## XIV

ഇത്തരം വാക്കോതിപ്പത്മാക്ഷൻ നോക്കിനാൻ
പുത്രൻതൻ നന്മുഖമൊന്നു വീണ്ടും.
ആ മുകുരത്തിങ്കൽ വ്യക്തമായ് വീക്ഷിച്ചാ-
നാഗാമിയാകും തന്നാശാഭംഗം.
സ്ഫീതപ്രസാദമാമാവദനേന്ദുവി-
ലാദിയിലല്പമാം മ്ലാനഭാവം
പേർത്തുമൊരങ്കത്തിൻ രീതിയിൽ കണ്ടെത്തു
വീർത്തു വിധുന്തുദരൂപമേന്തി
അത്തിങ്കളെ ഗ്രസിച്ചാക്കുന്നു ; ചീർക്കുന്നു
മിത്രന്റെ മുന്നിൽനിന്നന്ധകാരം !
ഇപ്പുലർവേളയെന്തന്തിയായ് മാറുവാൻ ?
ഇഗ്ഗുരത്തിന്നേതു വർഷരാത്രം ?
താൻ വേണ്ടതെന്തിനിമേലെന്നു ചിന്തിച്ചു
പോംവഴിയൊന്നുമേ കണ്ടിടാതെ,



Digitized By Kerala Sahitya Akademi

ആജ്ജഗച്ചക്ഷുസ്സ് വീണ്ടുമരുളിനാ-

നാത്മജവാത്സല്യചാപലാന്ധൻ.

## XV

"മാതാവു മാതാവെന്നുള്ളോരു കീർത്തിക്കം-

ണേതാവത്താകും നിൻ യത്നമെല്ലാം!

കീർത്തിയോ കേവലം ജീവിച്ചിരിപ്പോൻതൻ

ഉപാധിയാളെന്നത്രേ സാധുവാദം.

ലോകത്തിൻ ദൃഷ്ടിയിലോന്തുകൾ നാമെല്ലാം;

ഏകമാം വർണ്ണമതെങ്ങു കാൺമൂ?

തെററന്നു കീർത്തിയകീർത്തി;യതിന്നുച്ച്

പിറേറനിമിഷത്തിലർദ്ധരാത്രി!

നിർണ്ണയം നാളത്തേയമ്മിക്കുഴവിതാ-

നിന്നതു കൈതൊഴും ദൈവലിംഗം;

എമ്പാടുമാനത്തിൻ പശ്ചാദക്രീഡകൾ

കുംഭാഭിഷേകവും കൊള്ളിവയ്പും.

ആകവേ പാർക്കിലാരുടെ കീർത്തിയും

ലോകത്തിൻ വായിലേ ലാലാബിന്ദു!

ആയതിൽ കാൽക്ഷണമത്തയ്യലേറിനി-

ന്നാടിത്തകർപ്പതുപോലെ തോന്നും.



Digitized By Kerala Sahitya Akademi

അപ്പുറം ലോകമിറക്കിട്ടുമൊന്നുകിൽ,
തുപ്പിട്ടുമല്ലെങ്കിലക്കണ്ണത്തെ;
ഗ്രസ്തമായീടിലും ക്ഷിപ്തമായീടിലു-
മത്തുള്ളിതൻകഥയപ്പോൾ തീരും.

## XVI

അല്ല ! നരന്റെ പേർ നീർപ്പോളയ, ല്ലതോ
കല്ലെഴുത്തെന്നുതാൻ കല്പിക്കാം നാം ;
ആയാലമായത്തു വായിപ്പാനുള്ളവ-
നായുഷ്മാനല്ലാഞ്ഞാലെന്തു ലാഭം ?
നമ്മുടെ പേരാരാരും വാഴ്ത്തിയാൽ നാമതു
നമ്മുടെ കാതിനാൽ കേട്ടിടേണം ;
നമ്മുടെ നന്മുഖം കാട്ടുന്ന കണ്ണാടി
നമ്മുടെ പാണിതാനേന്തിടേണം.
നാമങ്ങു പോകുകിലപ്പുറം നമ്മുടെ
നാമം നിലച്ചെന്തേ ? പേർമാഞ്ഞെന്തേ ?
രമ്യമാമേതൊരു ഭൂലോകഗാനവും
സംയമിനിക്കുള്ളിൽ കേൾപ്പീലല്ലോ !



Digitized By Kerala Sahitya Akademi

നിത്യവുമോട്ടമൺപാത്രങ്ങളൂഴിയിൽ
പുത്തനായ് നാന്മുഖൻ തീർത്തീടുന്നു ;
ഹന്ത ! തൻ ദണ്ഡത്താലായവ തച്ചുട-
ച്ചന്തകൻ മേല്ക്കുമേലാപ്പിടുന്നു.
ചത്ത ശവമതിൽ ചാർത്തിന പൂമാല-
യെത്രമേൽഘ്രാണിപ്പാൻ ശക്തമാകും ?
ലോകാന്തരസ്ഥൻ തന്നൈഹികവിഖ്യാതി-
യാകാശശൂന്യതാഹീഹീഹാസം !
അക്കീർത്തിതൻദ്യുതിയസ്ഥിക്കൂടല്ലതി ;
അക്കീർത്തിനൃത്തം കബന്ധനൃത്തം !
ആർക്കു താൻ കാമ്യമല്ലത്യന്തദുർല്ലഭം
ദീർഘായുർലക്ഷ്മിതൻ തൃക്കടാക്ഷം ?
ഭിത്തിയാമായതിൽ യോഗവും ക്ഷേമവും
ചിത്രങ്ങളായ്ച്ചേർന്നു മിന്നിടുന്നു.
ഭങ്ഗിയിൽ നാലു പുമർത്ഥപഥവുമ-
ശ്ശൃംഗാടകത്തിങ്കൽ മേളിക്കുന്നു.
വേരററു വീണോരു വൃക്ഷത്തിലെന്തിന്നു
വാരിദം വീഴ്ത്തുന്നു ബാഷ്പപൂരം ?



Digitized By Kerala Sahitya Akademi

ഹന്ത ! പരഭൃവിൻ ദോഹദമക്കാഷ്ഠം—
ഇന്ധനം-ഇങ്ഗാലം-ഭസ്മം-മേലിൽ,
ഇദ്ദാനസിന്ധുവിൽ നീ വീണു ചാകകി-
ലത്യാഹിതമതിന്മീതെയുണ്ടോ ?
നീവി വിററുണ്ണുന്ന നിർവ്വാണവാണിജ്യം
നീ വിരഞ്ഞീടൊല്ലേ നീതിമാനേ ! ”

## XVII

ഇത്തരമൊക്കെയുരമാതിത്തൻ ജിഹ്വാഗ്ര-
നർത്തനതാന്തയാം ഭാരതിയെ
വിശ്രാന്തയാക്കിനാൻ വിസ്മയസ്തബ്ധനാം
വിശ്വൈകമങ്ഗലവിദ്യുദ്ദീപം.
സമ്പ്രതി തന്മനം സഞ്ചയിച്ചീടിനോ-
രമ്പുകൾതീർന്നതാമാവനാഴി,
എങ്കിലും പിന്നെയും മിന്നിനാൻ വാഗ്മിയായ്
തൻക്ലിഷ്ടമൌനത്താൽ സപ്ലസപ്ലി.
ശങ്കപൂണ്ടന്യയാം നർത്തകിയാക്കിനാൻ
കൺകടപ്പങ്കജമങ്കയാളെ ;
അപ്പനെ മേല്ക്കുമേൽ നോക്കിനാൻ സാകൂതം
സപ്രേമം, സസ്മിതം സപ്രത്യാശം ;



Digitized By Kerala Sahitya Akademi

ക്രന്ദുന്ന കുട്ടന്റെ വക്ത്രാബ്ജമായതി-
ലാവലമൊട്ടലരെന്നപോലെ !
നവ്യമാമച്ചിത്രമീക്ഷിച്ചാൻ സത്രാസം,
സവ്യഥം, സത്രപം, സാനുക്രോശം.
നിഷ്ഫലസംരംഭൻ, നിഷ്പന്നനിർവേദൻ,
നിഷ്പിഷ്ടനിശ്ശേഷമോഹോത്സേകൻ,
ആദിത്യൻ കർണ്ണോക്തിക്കാത്മീയകർണ്ണങ്ങ-
ളാതിഥ്യവ്യഗ്രങ്ങളാക്കിനിന്നാൻ.
ചീളെന്നു കാറകന്നഭ്രം പ്രസന്നമായ് ;
കോളററു പാൽക്കടൽ ശാന്തിയേന്തി ;
കഞ്ചുകകർണ്ണാവതംസങ്ങൾ ബാഹ്യങ്ങൾ ;
ഗാംഭീര്യധൈര്യങ്ങളാന്തരങ്ങൾ ;—
ആജന്മഭൂഷകൾ നാലും തനിക്കെന്നാ-
രാജന്യസത്തമൻ സ്പഷ്ടമാക്കി
ഭാരതമാതൃസ്തനന്ധയന്നൊത്തോരു
ഭാരതിയോതിനാൻ ഭാനുവോടായ് :—

## XVIII

“പ്രത്യഹമേവരും പാദങ്ങൾ കൂപ്പുമെൻ
പ്രത്യക്ഷദൈവമേ ! ഭാനുമാനേ !



Digitized By Kerala Sahitya Akademi

ലേഖപ്രവേകരിലേകനാം മാത്രമേ
ലോകം സവിതാവെന്നോതുന്നുള്ളൂ
സ്രഷ്ടാവിന്നില്ലാത്തൊരക്കീർത്തിയങ്ങേയ്ക്കീ
നിത്യഗോദാനംതാൻ ലബ്ധമാക്കി.
അങ്ങയെ ഞാനും സവിതാവായ് വന്ദിപ്പൂ
തിങ്ങളിൽത്തിങ്ങളിൽ സന്ധ്യാന്താരം.
സത്യമെന്നപ്പന,ങ്ങക്കുന്തിയമ്മതൻ-
വൃത്തം ഞാൻ കേട്ടാലും കേൾക്കാത്താലും.
ത്വത്സുതൻ പാർത്ഥൻെറ ജീവിതം മഞ്ജൂഷ-
യശ്വനദിക്കുള്ളിൽ വീഴുവോളം ;
രാധ വളർത്തിയോരിക്കർണ്ണൻ തൽഭിന്നൻ-
നൂതനനാമൊരു ഗംഗാദത്തൻ.
എന്നമ്മ ഭാരതഭൂമി ; എന്നപ്പനോ
നിർണ്ണയമങ്ങേയ്ക്കുമപ്പനീശൻ !
അക്കാലം—തെല്ലെന്നെ മിഥ്യാഭിജാത്യമാം
പൊയ്ക്കാലിൽ നിർത്താതെ കാത്ത ദൈവം-
ഞാനതിന്നാദ്യമായഞ്ജലി കൂപ്പുന്നു
മാനുഷകാന്വയജന്മധന്യൻ
സൂതജനാവട്ടെ ; സുരജനാവട്ടെ ;
മേദിനീദേവിതന്നങ്കമാർന്നോൻ—



Digitized By Kerala Sahitya Akademi

ആന്തരമായീവ രണ്ടിലുമോർക്കുകിൽ
ഞാൻ "തര" ഭേദമേ കാണ്മീലല്ലോ!

## XIX

"അദ്ധ്യായമൊന്നുണ്ടെൻ ജീവിതഗ്രന്ഥത്തിൽ—
ശസ്ത്രാസ്ത്രശിക്ഷതന്നന്ത്യഘട്ടം ;
പൌരാണികത്വമെൻ പൈതൃകസ്വത്തല്ലേ ?
പാരായണം ചെയ്യാം ഞാനതല്പം.
സമ്പ്രാപ്തവിദ്യരായ് ഞങ്ങളെല്ലാമെന്നു
കുംഭോത്ഭവൻ ഗുരു കണ്ടൊരിക്കൽ
ആയതു ശോധിപ്പാൻ കല്പിച്ചാൻ രംഗമൊ-
ന്നായതം വിസ്തൃതമത്ഭുതാഭം.
ആഗതനായാനർജ്ജുനൻ മറ്റെങ്ങും
ലോകൈകവീരരില്ലെന്നപോലെ ;
ഞാനുമങ്ങെത്തിനേൻ മത്സരപ്പോരിനായ്
ബാണധനുർദ്ധരൻ ബദ്ധകക്ഷൻ.
തൻവിറ പൂണ്ടൊരു മെയ്യുമായ് വൃദ്ധനാ-
മെൻവളർത്തച്ഛനുമുണ്ടു പിൻപേ.
കോമളമാകുമപ്പൈക്കൂട്ടിൽ നിന്നൊരു
ഗോമായുവിൻ രുതം കേട്ടിതപ്പോൾ :—



Digitized By Kerala Sahitya Akademi

"ആരെടാ ? നീയൊരു സൂതനല്ലേ ? നിന-
ക്കീരാജഗോഷ്ഠിയിലെന്തു കാര്യം ?
ഇജ്ജന്യമണ്ഡപം പേക്കൂത്തുപന്തല-
ല്ലിച്ചെറുഞാണൊലി പാഴ്പാട്ടല്ല ;
തോൽവാറും ചട്ടയുമേന്തേണ്ട കൈകളാൽ
പോർവില്ലും ക്രൂരമ്പും ഭേദിബ്ഭേദി
ഏന്തുവരയ്ക്കും ചെന്നെത്തിടുമിച്ചെക്കൻ ?
ചോദിപ്പാനാരുമില്ലെന്നായ് കാലം !
ഭാരത സാമ്രാജ്യസാർവഭൌമാത്മജൻ
വീരനാമർജ്ജുനൻ ; കണ്ണ ! നീയോ
വാരുററ തൽകീർത്തി വാഴ്ത്തേണ്ടവൻ മാത്രം ;
മാറിനി,ല്ലെന്തിനി വ്യർത്ഥാടോപം ? "
ആരതെന്നാശങ്കയോട്ടു നോക്കിനേൻ ; ആ വാദി
ശാരദ്വതാചാര്യൻ ! ശാന്തം പാപം !
കാർമ്മുകസംഗീതശാസ്ത്രത്തിൽ ഞാൻ "സപരീ-
ഗാമാ" പഠിച്ചതങ്ങാരിൽനിന്നോ ;
ആ നമ്യൻ വർഷീയാനായിപ്പോയ് മട്ടണ്ഡ്യൻ ;
ഹാ ! നിഷ്പ്രതീകാരം തൽപ്രലാപം !
ഇത്തരമോർത്തു ഞാൻ ലജ്ജിച്ചും ദുഃഖിച്ചും
കർത്തവ്യമെന്തെന്നു കണ്ടിടാതെ



Digitized By Kerala Sahitya Akademi

താഴത്തു വീഴുന്ന താതാൻപ്രാണിയാൽ
താങ്ങിയെടുത്തുകൊണ്ടാസ്യം താഴ്ത്തി
മണ്ഡപത്തിൽ നിൽക്കവേ കേട്ടേനൊൻ തോഴൻതൻ
വൻഗദാസ്ഫാലനം—അല്ല, വാക്യം:—

XX

"ധിക്, ധിക്കിതെന്തൊരു വാക്കാതിദേശിക,—
നിത്രമേലേറാമോ ജാത്യന്ധമാടം ?
വ്യക്തിയും ജാതിയും തർക്കത്തിലല്ലാതെ—
യിലുനർവേദത്തിലെങ്ങിരിപ്പൂ ?
ഈയപമര്യാദ ഹാ ! കാണ്ഡപൃഷ്ഠനാ—
മായുധജീവിയങ്ങോതിയല്ലോ ;
അന്യായവാക്കിതു കേൾക്കുന്നോരെന്നച്ഛൻ
കർണ്ണവിഹീനനല്ലോർമ്മവേണം.
അൻപിൽ തൻ ദീപ്തിയാലാകാശവീഥിക്കു
പൊൻപൂശും പുഷ്കലതേജഃപുഞ്ജം
ചീരയല്ലങ്ങു വലിച്ചു പിഴുതിടാൻ ;
വേരുതോണ്ടീടുവാൻ വൃക്ഷമല്ല.
യാതൊരു താങ്ങുമററഭ്രത്തിൽ മിന്നുമ—
സ്വാതന്ത്ര്യസ്വാരാജ്യരത്നദീപം



Digitized By Kerala Sahitya Akademi

നമ്മുടെ ഫൂൽകാരമേല്ക്കുന്നീ, ലെല്ക്കുകി-
ലമ്മട്ടിൽ മങ്ങിക്കെടുന്നുമില്ല.
കല്ലുരപെട്ടാലും, മെയ്മുറിഞ്ഞാലും, തീ-
ക്കള്ളിൽപോയ് വീണാലും, തല്ലേററലും,
തന്നൊളി മേൽക്കുമേൽ വീശുന്ന കാഞ്ചന-
മന്നല്ലാക്കാകല്പമായേ പററൂ.
കോമളത്താമരപ്പൂ മധുവുണ്ടിടു-
മാ മധുരപ്രിയമായ ഭൃങ്ഗം
സ്വല്പവും കണ്ടത്തിൽ പററിന പങ്കത്തെ
സ്വപ്നത്തിൽപോലുമൊരന്നാപ്പീലല്ലോ!
ബാഹുജവംശങ്ങൾ പണ്ടോരോ വീരർതൻ
ബാഹുക്കൾ നട്ടു തഴച്ചതല്ലീ?
ന്യൂനമെൻ കർണ്ണനുമബ്ബാഹുവു,ങ്ങടങ്ങേ-
യ്യാനയെക്കാണ്മാനും വെള്ളെഴുത്തോ ?
സൂതൻപോൽ! സൂതൻപോൽ! സൂതകുലത്തിന്നു
പാതിത്യമെന്തത്ര പററിപ്പോയി?
നാന്മുഖനിന്നലെസ്സൂതനായ് വാണവൻ
നാരായണൻ നാളെസ്സൂതനാവോൻ.
മന്നനല്ലെന്നങ്ങു ചൊന്നോരെൻ തോഴനെ
മന്നനായ് വാഴിപ്പനിക്ഷണം ഞാൻ;



Digitized By Kerala Sahitya Akademi

രാജാവു താൻ കണ്ണൻ തന്മിത്രം ഭാരത-

രാജാധിരാജകുമാരനെങ്കിൽ.”

## XXI

“ഇത്തരം വാക്കുരച്ചെന്നെയെടുത്തൊരു
ഭദ്രാസനത്തിലിരുത്തിത്തോഴർ
ഗംഗാജലത്തിനാൽ കുംഭാഭിഷേകം ചെ-
യ്തങ്ങാവനീശൻ ഞാനെന്നോതി

പൊന്മുടി മൌലിയിൽ ചാർത്തിയും താൻതന്നെ
വെണ്മണിച്ഛത്രം പിടിച്ചും വേഗാൽ
ചാമരം വീശിയും നിന്നു കൃപരോ'ടാ-
രീമന്നനാ'രെന്നു ചോദ്യം ചെയ്താൻ.
'അംഗേശ ചെല്ലുക ! വെല്ലുക ! സംഗ്രാമ-
രംഗാലങ്കാരമണിത്തിടമ്പേ !
ഞാനിനിയങ്ങേയ്ക്കു സൂതൻ' എന്നോതിനാൻ
ദീനൻ കൃപാചാര്യൻ സാധുവാദി.
നിശ്ചയത്തിന്നൊട്ടും താമസിച്ചീല ; ത-
ന്നച്ഛനോടൊന്നുമേ ചോദിച്ചീല ;



Digitized By Kerala Sahitya Akademi

തൊണ്ണൂറുമൊൻപതും സോദരർക്കാരോരോ
മന്നിടം വേണമെന്നോർമ്മിച്ചീല ;
പിഞ്ഞരികകൊണ്ടുള്ള ജാലം കണക്കെ ഞാൻ
കൺ ചിമ്മും മുന്നിലീക്കാര്യം തീർന്നു.
ഊനമററിത്തരമട്ടിനമെന്നുടെ
മാനത്തെ രക്ഷിച്ച മർത്ത്യസിംഹം—
ദാനമാം നോയ്മ്പു ഞാൻ നോല്ക്കുമാറെന്നെയീ-
സ്ഥാനത്തിലേററിന രാജരാജൻ-
ആ മഹാനേകനെൻ പ്രാണനിൽ പ്രാണൻ ; ഞാ-
നാമഹീമർത്ത്യപിണ്ഡോപജീവി !

ഈഗ്ഘട്ടമെൻ മനോഭിത്തിയിൽ നിന്നാരു
മായ്ക്കിലും മായാത്ത ചിത്രം തന്നെ.
ആഹാ ! ജയിപ്പൂ ! വിജയിപ്പൂ ഞങ്ങൾ തൻ
സൌഹാർദ്ദം—സൌഭ്രാത്രം— സർവ്വോൽകൃഷ്ടം
എന്നോമൽത്തോഴരെയെന്നു ഞാൻ കാൺകിലും
നന്ദിയാമീശന്നു നന്ദീയായി
ലോകത്തെ മാത്രമല്ലെന്നെ മറപ്പൂ ഞാ-
നാഹന്ത ! ദൈവത്തെ-സ്സർവ്വത്തേയും ! ”



Digitized By Kerala Sahitya Akademi

## XXII

ആ വാക്കു കേട്ടളവാദിത്യനോതിനാൻ :—
"ഈവാർത്തയൊന്നിനാൽ ഞാൻ ജയിച്ചു.
അങ്ങനെയുള്ള നിൻ തോഴർക്കു മേല്ക്കുമേൽ
മങ്ഗലം വന്നിടനെങ്കിലും നീ
ഈയടർച്ചട്ടയുമിക്കുണ്ഡലങ്ങളും
കായത്തിൽ നിന്നു കളഞ്ഞിടൊല്ലേ !
പ്രാണനിൽ പ്രാണനെപ്പാലിപ്പാനെന്നാലും
പ്രാണനെപ്പാഴിൽ നീ കൈവിടൊല്ലേ !
ആകാലികാന്തത്തിന്നാശിപ്പതാർ ? ദൈവ-
മാഹ്ലതന്മാർക്കു താനാതിഥേയൻ
നിൻ നന്മയോർത്തു ഞാനീവരം നിന്നോടു
പിന്നെയും പിന്നെയും നേർന്നിടുന്നേൻ"

## XXIII

ഓതിനാനങ്ഗേശൻ; "ഇന്നെന്നെശ്ശോധിപ്പ-
തെന്തു പരീക്ഷയോ തമ്പുരാനേ !
ലോകദൃക്കങ്ങു താൻ ദൃശ്യനാമീശ്വര-
നാഗമവിഗ്രഹൻ കർമ്മസാക്ഷി ;



Digitized By Kerala Sahitya Akademi

എൻനന്മയോർപ്പവൻ മിത്രമെൻജന്മദൻ ; —
കർണ്ണനം നിർണ്ണയം കർണ്ണയുക്തൻ.
ആരുരച്ചാരിതു കേൾപ്പതോ ? ചിത്രമി-
ക്കാരണമില്ലാത്ത കാര്യോൽപത്തി !
ദീധിതിമാലിതൻ വക്ത്രത്തിൽ നിന്നെത്തി-
സ്ഫീതാന്ധതാമിസ്രം നിർഗ്ഗമിപ്പാൻ ?
പാൽ ചുരത്തീടേണ്ടൊരമ്മതൻ വക്ഷോജം
പാഴ്ക്കാളകൂടമെന്തുദ്വമിപ്പാൻ ?
വ്യോമംവിട്ടങ്ങൊട്ടു താഴത്തിറങ്ങിയി-
ബ്ഭൂമിയെ സ്പർശിപ്പാനോർത്തിടുമ്പോൾ
ആദർശം താവകമങ്ങേപ്പുറം പാഞ്ഞു
പാതാളസ്പൃക്കായ് താൻ നില്പൂയെന്നോ ?
മൽപ്രാണബന്ധുവിന്നക്രീതദാസൻ ഞാൻ
തൽപാപഭാഗിതാൻ തർക്കമില്ല.
സൗഹാർദ്ദവാരുണീപാനലഹരിയിൽ,
സൗഹാർദ്ദചിത്തഭ്രംശാവേശത്തിൽ,
സൗഹാർദ്ദഘോരാപസ്മാരാവേശത്തിൽ—ഞാൻ
ലോകത്തിൻ ദൃഷ്ടിയിൽ ദുഷ്ടൻതന്നെ.
ജീവിതത്രാസിലെത്തങ്കത്തട്ടൊന്നെനി-
ക്കാവിധം താഴ്ന്നു പങ്കപൂർണ്ണം ;



Digitized By Kerala Sahitya Akademi

ഉൽകൃഷ്ടമായുള്ള യശസ്സാൻ ദാനത്തെ
ഞാൻ മറെറത്തട്ടിലിട്ടൊപ്പിക്കുന്നു.
അന്നൃപസംസർഗ്ഗസുലഭമാമൈശ്വര്യ-
മനഘമന്യാർത്ഥം ഞാൻത്യജിപ്പൂ
ഗോവധജീവിതൻ പാദുകാദാനമെ-
ന്നോവരുമോർത്തിടാമെൻെറ കൃത്യം.
താല്പര്യവേദികളല്ലവർ ; സത്യത്തി-
ലൌല്പത്തികമെനിക്കാത്മത്യാഗം.
ഏവൻ തൻ പാരണവാരിയുമന്നാവു-
മേകിപ്പോൽ ശ്വാവിന്നും ശ്വാപചന്നും ;
ആ രന്തിദേവൻതന്നാത്മജയാം നദി
താരാട്ടിനാളെന്നെശ്ശൈശവത്തിൽ.
തന്നുടെ ശേവധി സർവ്വവും തോഴനാം
കിന്നരനാഥന്നാർ തീറെഴുതി ;
പാദങ്ങൾ കൂപ്പിന പർവ്വതകന്യയ്ക്കു
പാതിയുടലും പകുത്തു നൽകി ;—
ആശിച്ചതേവർക്കുമേകുമദ്ദേവനെ-
ന്നാചാര്യന്നാചാര്യനാത്മയാജി.
തൻഭുജമാർജ്ജിച്ച സർവ്വോർവ്വീചക്രവു-
മമ്പിലാരാഗന്തുവേകന്നേകി;



Digitized By Kerala Sahitya Akademi

പിന്നത്തേയർത്ഥിക്കു ജീവാധികങ്ങളാം
തന്നസ്ത്രശസ്ത്രങ്ങൾ ദാനംചെയ്തു;
ആരാമനജ്ഞനവൈരിയെന്നാചാര്യൻ—
കേരളനിർമ്മാണകേളികാരൻ.

## XXIV

"ഈവർമ്മകുണ്ഡലദാനത്തിനാലിങ്ങു
കൈവരും ദോഷം ഞാൻ കണ്ടുവല്ലോ!
മൃത്യുവശഗനാമെന്നല്ലീ ചൊന്നതു?
ചിത്രമിബ്ഭീഷണിയെൻ പിതാവേ!
ഭൂമിയിൽ ജാതനാം ഞാനിതു ചെയ്യുകിൽ
സാമാന്യമാനുഷനാമെന്നല്ലീ?
ആവട്ടെ,യായതാണൊൽദാസ്യമിന്നു ഞാൻ
ദേവനുമല്ല പുമാനുമല്ല!
മാനുഷജീവിതമാഹാത്മ്യസർവസ്വം
നൂനം തദസ്ഥിരഭാവമല്ലീ?
നാളെയെന്നോതുവാൻ നാവില്ലാതാക്കുന്ന
നാന്മുഖൻ താനല്ലീ നമ്യനാര്യൻ?



Digitized By Kerala Sahitya Akademi

ചെമ്മേ താൻ ചെയ്യേണ്ട കൃത്യങ്ങൾ ചെയ്യുവൻ
ജന്മത്തിന്നാനൃണ്യം നേടിനിൽപ്പൂ ;
ആഢ്യന്യൻ ഗാർഹസ്ഥ്യധർമ്മജ്ഞനെന്നാളും
ശ്രാദ്ധദേവാതിഥ്യജാഗരൂകൻ.
ആയുസ്സിനല്ലാക്കുമായുസ്സു ; സാധന-
മായത്രേ, സാദ്ധ്യം പുമർത്ഥ,മെങ്കിൽ
ആ ലക്ഷ്യമെയ്യേണ്ടുമമ്പാരെറക്കിട്ട-
മാവനാഴിക്കകമായുഗാന്തം ?
ഹാ ! പേർത്തുമെന്തിന്നു രംഗസ്ഥൻ ഞാനോർപ്പൂ
നേപഥ്യസംഭാരമെത്തിനോക്കാൻ ?
ഏതൊരു വേഷവുമാടട്ടെ വന്നെനി-
ക്കേതു രസത്തിലും പ്രീതിതന്നെ.
ആനന്ദാഹ്ലാദനമായതിദേവത
താദനതാൻ നീക്കമെൻ മുന്നിൽ വന്നാൽ ;
സുന്ദരം താനതിൻ തുന്നെററിച്ചിത്രകം
സിന്ദൂരമായാലും ചാന്തായാലും.
ഫുല്ലാംബുജാസ്യയാം വാസരാധീശ്വരി ;
അല്ലണിക്കുന്തലാം രാത്രിദേവി ;
മേളിപ്പൂ രണ്ടോടും ഞാനെന്നി,ക്കാവശ്യ-
മാലോകഹ്ലാദകരം മാറി മാറി.



Digitized By Kerala Sahitya Akademi

പാത്രത്തിൽ നൽകിന ദാനത്താലിട്ടിനം
പേർത്തും ഞാൻ ധന്യരിൽ ധന്യനായാൽ
അർത്ഥം ഗ്രഹിപ്പിച്ച വാക്യത്തിനെന്തു മേ-
ലെത്തേണ്ടൂ പൂർണ്ണവിരാമമെന്ന്യേ ?

## XXV

"പാത്രത്തിൽ ദാനമെന്നോതിനേൻ ; ത്യാഗിക്കു
പാത്രമാരിന്ദ്രനു തുല്യനേകൻ ?
ഏവന്റെ നാട്ടിലെക്കല്ലുകൾ ഹീരങ്ങൾ ;
കേവലം മൺപിണ്ഡം ശാതകുംഭം ;
ധേനുക്കളൊക്കെയും കാമിതദോഗ്ധ്രികൾ ;
പാനീയം പീയൂഷയൂഷമെങ്ങും ; 976
മുത്തങ്ങപ്പുൽക്കൊടികൂടിയും മന്ദാരം
ഇഷ്ടികകൂടിയും ചിന്താരത്നം ;
തത്താദൃങ്മാഹാത്മ്യശാലിയാമണ്ണൻമുന്നി-
ലുത്താനപാണിയായ് നില്പാനോപ്പോൻ !
ആഗമവേദികളധ്വരവേദിയി-
ലാഹുതിചെയ്യുന്നതാർക്കുവേണ്ടി ;



Digitized By Kerala Sahitya Akademi

ഏവൻ തൻ വാഹനത്തിൻ കോളാമ്പിയാകയാൽ
ഭൂവിതു സർവ്വസസ്യാഢ്യയായി ;
അദ്ദേവൻ പ്രീതനായ് താൻതന്നെ മുന്നിൽവ-
ന്നർത്ഥിക്കിലപ്പുറമെന്തുവേണം ?
ഭാരതഭൂതലമൌദാര്യസസ്യത്തിൻ-
വാരുററ കേദാരം പണ്ടുപണ്ടേ ;
ആമൂലമാശിഖമാത്തതപം കണ്ടവൻ
ജീമൂതവാഹനൻ വീണ്ടും വീണ്ടും !
ഇദ്ദിനം തൽകരമേന്തിടും ദംഭോളി-
യദ്ദധീചിക്കുള്ളോരസ്ഥിമാത്രം ;
വൃത്രാരി കാട്ടിടും വിഖ്യാതദോർവീര്യ-
മദ്ദാനശൌണ്ഡൻതൻ ദാനവീര്യം.
ആശിച്ച മട്ടിൽ തൻ മെയ്മാംസമത്രയു-
മൌശീനരൻ ശിബി, പത്രിരൂപൻ,
ഇശ്ശക്രന്നേകിനാൻ വാൾകൊണ്ടറുത്തൊരു
കൊച്ചരിപ്രാവിനെ കാത്തുകൊൾവാൻ.
ത്രാസവും ലജ്ജയും പൂണ്ടമ്മഹാത്മാവിൻ
ത്രാസു താൻ കൈവിട്ട പൂർവവൃത്തം
ഇന്ദ്രൻ മറപ്പതു,ല്ലന്നത്തേതിങ്കൽ നി-
ന്നിന്നത്തെബ്ഭാരതം ഭിന്നമെന്നോ ?



Digitized By Kerala Sahitya Akademi

ആ മൃതസഞ്ജീവിന്യാരാമമിന്നോളം
പാഴ്മുൾച്ചെടിക്കാടായ് മാറീട്ടില്ല ;
ആ വീരഹര്യക്ഷഗഹ്വരമിപ്പൊഴു-
മാഖുവിൻമാളമായ്ത്തീർന്നിട്ടില്ല.
എന്തവനെന്നോടു യാചിപ്പാനിച്ഛിപ്പൂ ?
ഹന്ത ! മൽകഞ്ചുകകുണ്ഡലങ്ങൾ !
ഒന്നു ഞാൻ മുന്നമേ മാറണ്ടു പാഴ്ത്തുണി ;
ഒന്നു വധൂചിതമാഭരണം !
ചെല്ലാറില്ലാരുമേ രോഹണശൈലത്തിൽ
വെള്ളാരങ്കല്ലിന്നു വേണ്ടി മാത്രം !
ഇച്ഛിപ്പതെൻ പ്രാണനെന്നാലതിന്നെന്തി-
നിശ്ശിരോവേഷ്ടനപ്രാണായാമം ?
പണ്ടു ഞാൻ ഭാർഗ്ഗവശിഷ്യനായ് വാണനാൾ
വണ്ടത്താനായ് വന്നീ വജ്രപാണി
എന്തുരുശോണിതപാനത്താൽ തീർത്തീലേ
നന്ദനവാത്സല്യജ്ജൂർത്തിദാഹം ?
തൻകൈയിലിപ്പൊഴുമദ്ദാഹം തീർക്കുവാ-
നെൻകണ്ഠശോണിതമുല്ലസിക്കെ
കഞ്ചുകകുണ്ഡലദ്രാവകമെന്തിന്നു
സഞ്ചയിച്ചീടുന്നു സാധു ശക്രൻ ?



Digitized By Kerala Sahitya Akademi

നേരിട്ടു വേണ്ടതു ചോദിച്ചാൽ നൽകുവാ-
നീ രിഷ്ടിപാണിയാം ഞാനിരിക്കെ
ഇന്ദ്രനീ യാച്ഞയാൽ നാണിപ്പിക്കുന്നതെ-
ന്തെന്നെയുമെൻ മാതൃഭൂമിയേയും ?

## XXVI

"ഇദ്ദാനം ചെയ്യുകിലെങ്ങനെയങ്ങു ഞാൻ
മൃത്യുവശഗനാമെന്നു ചൊല്ലി ?
അന്തകൻ — എൻജ്യേഷ്ഠൻ — ആരെന്നു, മായവ-
ന്നെന്തധികാരമാപരിധിയെന്നും
ചിന്തിച്ചുകണ്ടവൻ തന്നെ ഞാ,നക്കാര്യ-
മെൻതറവാട്ടിലെക്കാര്യമല്ലേ ?
താൻ മുന്നിൽ വെച്ച കാൽ പിന്നോട്ടെടുക്കാതെ-
യാൺമയിൽ മാററാരോടങ്കമാടി
പെട്ടിടും വില്ലാളിയെങ്ങുപോമെന്നു ഞാ-
നൊട്ടൊട്ടറിഞ്ഞവൻ രാമനോതി.
അങ്ങനെ താഴത്തു വീണിടും ധന്വിയെ
മങ്ഗലപാർഷദർ താങ്ങിത്താങ്ങി
ആദിത്യലോകത്തിൽ—അങ്ങത്തിരുമുമ്പിൽ
ആനയിച്ചീടുമെന്നാപ്തർ ചൊൽവൂ.



Digitized By Kerala Sahitya Akademi

അത്രമേലുൽഗതിനൽകീടുമാവീഴ്ച

മൃത്യുവുമാശിപ്പാനുള്ള മൃത്യു-

ഏകമാം ശ്വാസത്തിൻ സ്ഫൂർത്താലപ്പുണ്യ-

ലോകത്തിലെത്തിക്കും വ്യോമയാനം-

കിട്ടിയാൽ ധന്യനായ് ഞാൻ; എനിക്കാപ്പദം

വിട്ടൊരു പൈതൃകസ്വത്തെന്നുള്ളൂ ?

ദേവി ജയലക്ഷ്മി പുൽകുവോന്നുർവ്വര,

ജീവിതത്യാഗിക്കു വീരസ്വർഗ്ഗം,

കാന്ദിശീകനു നിരയവു, മേകിടും

പോർനിലം വില്ലാളിക്കേകലക്ഷ്യം.

മററുള്ള ജീവികൾ ചാകിലും നൽകുന്നു

മുററും തദ്ദേഹത്താൽ ലോകാഭീഷ്ടം ;

രോമവും, ചർമ്മവും, ശൃംഗവും മററും-ത-

ദാമിഷംപോലും-നമുക്കു കാമ്യം.

പട്ടടക്കണ്ടിനു പാഴ്‌വളമാവതു

കഷ്ടമേ ! മർത്ത്യൻെറ കായം മാത്രം.

പ്രസ്പഷ്ടമോതുന്നുണ്ടന്യർക്കായ് ജീവിപ്പാൻ

ഏൽസുന്ദവ്യാജത്താലന്തര്യാമി.

കേവലമെങ്ങു ഞാൻ പോകിലും കേൾക്കുന്ന-

താവാക്കിൻ മാറെറാലിയൊന്നു മാത്രം.



Digitized By Kerala Sahitya Akademi

കീർത്തിലതാലവാലസേകാർത്ഥിയായല്ല
പേർത്തും ഞാൻ വാർപ്പൂ ദാനതോയം ;
ഇക്കാര്യംകൊണ്ടെനിക്കപ്ഫലമെത്തുന്നു
നിഷ്കാമഭക്തനു മുക്തിപോലെ.
കീർത്തിയെ—ഈശന്നു മൌലിയിൽ ചൂടുന്നോ-
രാദ്രിവ്യഗങ്ങളെ—ആർ പഴിക്കും ?

യാതൊരു പുഷ്കലക്ഷീരത്തിൻ സ്രുതിയാൽ
മേദിനി രത്നഗർഭാഖ്യയായി ;
യാതൊരു ശാശ്വതകർപ്പൂരദീപ്തിയാൽ
മേദിനി ദിവ്യഗന്ധാഢ്യയായി ;
അക്കീർത്തിസഞ്ചയം ഭാരത്താൽ വീഴാതെ-
യിക്ഷിതി താങ്ങുമനന്തമൂർത്തി ;
കാലത്താലല്പമായ്ത്തീരാത്ത പീയൂഷം ;
കാലത്താൽ വാടാത്ത കല്പമാല്യം ;
കാലമാം സ്വർഭാനു തീണ്ടാത്ത രാകേന്ദു ;
കാലമാം കാലന്നു കൈലാസേശൻ ;-

അല്ല ! ഞാനായതു നേടുകിൽ നേടിനേ-
നക്ഷയപാത്രസ്യമന്തകങ്ങൾ !



Digitized By Kerala Sahitya Akademi

## XXVII

“ആ മഹാൻ പ്രഹ്ലാദപൌത്രൻ ബലിയോട്
വാമനനായൊരു ദാനം വാങ്ങാൻ
ഇന്ദ്രാനുജൻ പണ്ടു വന്നാൻ ; തടസ്ഥമായ്
നിന്നാൻ ഗ്രഹോത്തമൻ ശുക്രാചാര്യൻ.
ദാതാവു ഞാനിന്നു ; യാചകൻ ദേവേന്ദ്രൻ ;
ബാധകൻ സാക്ഷാൽ നവഗ്രഹേശൻ !
സാധുക്കളായുള്ള ഞങ്ങളെയീമട്ടിൽ
ജ്യോതിഷ്പ്രകാണ്ഡങ്ങൾ ശോധിച്ചാലോ ?
മുററുമിബ്ഭൂദേവി ധർമ്മിഷ്ഠയായ്ത്തീർന്നാൽ
മററുള്ള ഗോളങ്ങൾക്കെന്തുചേതം ?
വൈരോചനാദിത്യമത്സരക്രീഡയി-
ലാരു ജയിച്ചവ,നാരു തോറേറാൻ ?
ദർപ്പത്തിൽ തൻകഴൽ വെച്ചാൻ ത്രിവിക്രമ-
നബ്ബലിതന്നുടെ മൌലിയിന്മേൽ ;
എങ്കിലു,മക്കഴൽ നൂതനസ്വാരാജ്യ-
ത്തങ്കക്കിരീടമായ് തത്ര മിന്നി.
അക്കാഴ്ച കണ്ടുകണ്ടാശ്ചര്യവാദിയായ്
ചിൽക്കാതൽ നിൽക്കവേ ദേവലോകം
പാതാളത്തോളം താണുപോ,യെന്നല്ല
പാതാളം വിണ്ണോളം പൊങ്ങി താനും.



Digitized By Kerala Sahitya Akademi

സത്യവാക്കാകമത്യാഗൈകശേവധി
മദ്ധ്യമലോകത്തിൻവാടാദ്ദീപം
ഇന്നലെശ്ശുക്രനായ് നാളെയും ശക്രനാം,
ഇന്ന യശസ്സിനാൽ ശക്രശക്രൻ.
കാമമിന്നർജ്ജുനതാതനം കണ്ണനെ-
യാമട്ടിൽ തോല്പിപ്പാനശിക്കുന്നു.
ഈയയാചഞ്ഞയൊന്നിനാൽ മാത്രം വിജിതനായ്-
പ്പോയാൻ ധനഞ്ജയൻ നൂനമെന്നാൽ
നേരിട്ടാൽ നിശ്ചയം തോൽവിയെന്നോതിനാൻ:-
വേറിട്ട പോരിനി വേണ്ടതുണ്ടോ?
താനേതാൻ വന്നിങ്ങു യാചിച്ചാൽ പോലും ഞാൻ
പ്രാണനും ദേഹവും നൽകിയേനേ;
അർജ്ജുനന്നാസ്ഥിതിക്കങ്ങേക്കോ ദ്ദൂരെ നി-
ന്നപ്പനെയാനയിച്ചെന്തുകാര്യം ?
ജ്യേഷ്ഠന്റെ കൈയിലൊരുത്തമപാത്രത്തെ
ച്ചേർത്താനവരജൻ ദാനം നൽകാൻ;
എന്നതു ചിന്തിച്ചാൽ കാര്യജ്ഞനാമവ-
നെന്നുത്തമർണ്ണനാണെന്നു വന്നു.
ഞാനും സുയോധനരാജകുമാരനും
നൂനം പരസ്പരപ്രേമബദ്ധർ.



Digitized By Kerala Sahitya Akademi

എന്നാലുമെൻദാനവാർദ്ധിക്കു വേലയ-
ല്ലെന്നോമൽതോഴർതൻ മൈത്രീലക്ഷ്മി.
എൻവ്രതം ഭഞ്ജിച്ചു ധന്യമായ് തീരുവാൻ
ജന്മം നയിപ്പീലമ്മോഹിനിയാൾ.
നാലു തടിനികൾ പോററുകമൂലമായ്
ബാലകൻ ഞാനൊരു രാജാവായി;
ആക്കംപൂണ്ടെത്രനാൾ വാഴ്കിലുമന്ത്യത്തി-
ലാകല്പസിന്ധുവിൽ മുങ്ങും താനും;
മദ്ധ്യത്തിലെന്നുടെ ദാനാഭിധാനയാം
മുക്തിദയാകിയ ജാഹ്നവിയിൽ
ആഹാ! ഞാനെൻ പുകൾവെൺതാമരയ്ക്കൊരു
ദോഹദമായ് വീണാലാർക്കു നഷ്ടം?"

## XXVIII

"അക്ഷമനായി ഞാനാഖണ്ഡലനെൻെറ
ഭിക്ഷ നൽകീട്ടൊരു മർത്ത്യനാവാൻ.
വ്യർത്ഥമെൻ കുണ്ഡലം രണ്ടും ശതക്രതു
വൃദ്ധശ്രവസ്സിങ്കൽ ചേർന്നിടട്ടെ;—
മാർഗ്ഗണരോധകമാകുമെൻ കഞ്ചുകം
മാർഗ്ഗണപാണിയിൽ വീണിടട്ടെ.



Digitized By Kerala Sahitya Akademi

മന്നാഥ! മൽഗുരോ! മൽപ്രഥമാതിഥേ!
മദ്ദേവ! മാത്തണ്ഡ! കൈതൊഴുന്നേൻ;
കൈവണങ്ങീടുന്നേനീനൽസുദിനത്തെ-
യാവേദനം ചെയ്തോരങ്ങേ മേന്മേൽ.
ഇന്നു ഞാനെന്തുമദ്ദാനം നൽകിടൊ-
ല്ലെന്നല്ലീ നേർന്നു ഭിക്ഷുവായി?
അബ്ഭിക്ഷ കൂടാതെ തീരില്ലെന്നാണെങ്കിൽ
കല്പിച്ചു കൊണ്ടാലും കാരുണ്യാത്മൻ!
എൻവലങ്കയ്യുണ്ടു, വാളുണ്ടു കണ്ഠമു-
ണ്ടനപാഥം മൂന്നും ഭവാന്നധീനം.
ഇത്ഥമോവല്ലികയിക്ഷണമബ്ബാല-
മിത്രരക്താംശുവാൽ ദീപ്തമാകം.
ഉച്ചൈശ്ശ്രവസ്സൊരു കൂർമ്മമായ് മാറിന
വജ്രിക്കെൻ കഞ്ചുകകുണ്ഡലങ്ങൾ-
ഏകട്ടെ-എൻചിതാവേദിഹവിസ്സുകൾ-
വേഗത്തിൽ കൊണ്ടുപോയ്ഹവ്യവാഹൻ.”

## XXIX

എന്നോതിക്ഖഡ്ഗവും കൈയുമായ് നിൽക്കുന്ന
തന്നോമൽതങ്കത്തളാമരാശി



Digitized By Kerala Sahitya Akademi

പൌരുഷരൂപനെ, പ്രഖ്യാതിവിത്തനെ-
ബ്ഭാരതമേദിനീസന്താനത്തെ—
വീണ്ടുമേ വീണ്ടുമേ വീക്ഷിച്ചു ചൊല്ലിനാൻ:
"വേണ്ടപ്പൻ ! നിൻഭിക്ഷ വേണ്ടെ വേണ്ട !
വൈരോചനസുതന്നെ നീ മകനേ! ദാന-
വീരോചിതംതന്നെ നിന്റെ വാക്യം.
പുത്രിയായ്ത്തീർന്നേൻ ഞാൻ നിന്നാൽ ; എൻവർച്ചസ്സു
വർദ്ധിക്കമാറായി നീ നിമിത്തം.
നിൻപാദം നില്പതു പാംസുവിലെങ്കിലും
നിൻമൌലിക്കിന്ദുതാൻ ചൂഡാരത്നം.
ആരിൽ താനങ്കമില്ലായതു കാണുന്നു
സൂരനാമെന്നിലും സൂക്ഷ്മദർശി.
നിൻകീർത്തി പൊങ്ങുക; നിൻപേർ വിളങ്ങുക;
നിർവ്വിഘ്നം വെൽക നിൻ ദാനധർമ്മം.
ഇക്കർണ്ണം കൈവിടും കുണ്ഡലം ലോകത്തിൻ
നൽക്കർണ്ണഭൂഷണമായ് ലസിക്കും;
ഊഴമാറു കൈവിടും കഞ്ചുകം ലോകത്തിൻ
രോമാഞ്ചകഞ്ചുകമായ് വിളങ്ങും."
എന്നോതിബ്ഭാസ്കരൻ പിന്നെയും കർണ്ണനെ-
ത്തന്നോടു ചേർത്തണച്ചാശ്ലേഷിക്കെ



Digitized By Kerala Sahitya Akademi

അങ്ങുടനാകാശവീഥിയിൽ നിന്നണഞ്ഞായ്
മങ്ഗലമാമൊരു പുഷ്പവർഷം
വജ്രീക്കു മുന്നിലകമ്പടിവന്നതാ-
മസ്സുമനസ്സുകളംഗഭ്രുവിൽ ;
അല്ലെങ്കിൽ വിണ്ണിലെ വൃക്ഷങ്ങൾ പൂക്കളാ-
ലർച്ചിച്ചതാവാമപ്പുണ്യവാനെ !

XXX

തൻദിനകാര്യാതിപാതത്താൽ മുന്നോട്ടം
നന്ദനപ്രേമത്താൽ പിന്നിലോട്ടം
ഒന്നുപോലപ്പുറമാകൃഷ്ടനായ് നിന്നാ-
നനപത്യനാമാവാം ചിത്രമാണു.
നക്ഷത്രഗ്രാമികൾപൂർവാശാവക്ത്രത്തെ-
യക്ഷമരായ് നിന്നു നോക്കീടുന്നു ;
“ഉരുക്കളില്ലാത്ത സൂതന്നു വൈകല്യം
വേറിട്ടുംമെയ്യേല്ക്കതാൻ പാറുകയോ ?
പംഗുക്കളാകയോ പച്ചക്കുതിരക,-
ളെങ്ങർക്കു സാമയികാഗ്രയായി ?
പുത്രനെക്കാണ്മാൻ താൻ പോകയോ ചെയ്യുതി
നിദ്രയ്ക്കു ജാഗരം വന്നിലല്ലോ”



Digitized By Kerala Sahitya Akademi

ഇത്തരമോരോന്നു വാനത്തിൽ പത്രികൾ
തദ്രുതവ്യാജത്താലാതിഥ്യോതി
തങ്ങളിൽ നോക്കുന്നു ; പേർത്തും പതംഗൗഘ-
സങ്കടം താൻ പതാങ്ഗാന്തർദ്ധാനം.
അർക്കനെന്തിത്രമേൽ വൈകുവാൻ ഹേതുവെ-
ന്നുൽക്കണ്ഠ കൈക്കൊണ്ടു നോക്കി നോക്കി
മേൽക്കുമേൽ കൂകുന്നു ‘കൊക്കൊക്കൊക്കോ’ വട്ടേവൻ
കേൾക്കുമാറുച്ചത്തിൽ കുക്കുടങ്ങൾ
പിന്നെയും പുത്രനെപ്പോലിങ്ങനം ചെയ്തു
ധന്യരിൽ ധന്യനായ്ത്തന്നെയെണ്ണി
അപ്പുനാമാദിത്യനാകാശമെത്തിനാൻ
പശ്ചാദപിലോകനലോലനേത്രൻ.

ശുഭം.



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ടിപ്പണി

1. വാരസ്ത്രീ=ദിനലക്ഷ്മി. സൂരജ=കാളിന്ദി. സൂര്യോദയമാകുവാൻ പോകുന്നു എന്നു താല്പര്യം. എങ്ങനെ ഗംഗയോടു ചേരുന്ന കാളിന്ദിയും ഗംഗയാകുമോ അതുപോലെ രാത്രി പകലുമായി ചേർന്നാൽ രാത്രി ശേഷിക്കുകയില്ല. 'സൂരജ' എന്നും 'വിണ്ണാറു്' എന്നും ഉള്ള വാക്കുകൾ കർണ്ണനും ദേവേന്ദ്രനും തമ്മിലുണ്ടാകുവാൻ പോകുന്ന സമാഗമത്തെ സൂചിപ്പിക്കുന്നു. ശുമ=വിശുദ്ധി. വസു=കിരണമെന്നു സൂര്യപക്ഷത്തിലും ധനമെന്നു കർണ്ണപക്ഷത്തിലും. ധാമനിധി=തേജസ്സിന്നിരിപ്പിടമെന്നു സൂര്യപക്ഷത്തിലും ('ഇനോ ഭഗോ ധാമനിധിഃ' എന്നമരം) പ്രതാപത്തിന്നിരിപ്പിടമെന്നു കർണ്ണപക്ഷത്തിലും. ദേവൻ=രാജാവെന്നു കർണ്ണപക്ഷത്തിൽ. ചോപ്പുകവാൽത്തൊപ്പി=ചുവന്ന നിറത്തിലുള്ള വാലിട്ട തൊപ്പിയെന്നു പോല്ലീസുദ്യോഗസ്ഥന്മാരുടെ പക്ഷത്തിൽ. ചുവന്ന അങ്കവാലും, പൂവുമുള്ളതെന്നു കോഴികളുടെ പക്ഷത്തിലും. പിന്നോട്ടുള്ള വാലായി അങ്കവാലിനേയും തൊപ്പിയായി പൂവിനേയും കുക്കുട പക്ഷത്തിൽ ഗ്രഹിക്കണം. കോഴികൾ കൂകുന്നതു പോല്ലീസുകാർ ആചാരം ചെയ്യുന്നതുപോലെയിരിക്കുന്നു. ചരണായുധർ=കോഴികൾ; പോല്ലീസുദ്യോഗസ്ഥന്മാർക്കു് ആയുധം വേണമല്ലൊ; അതു് ഇവിടെ ചരണമാകുന്നു. നാഗരികൾ=നഗരത്തിലുള്ളവർ എന്നു കുക്കുട പക്ഷത്തിൽ; പോല്ലീസ്സധികാരികൾ എന്നും ഈ വാക്കിനു് അർത്ഥമുണ്ടു്. വേതനം=ശമ്പളം. രാജന്യസ്തോ

Digitized By Kerala Sahitya Akademi

ത്രങ്ങൾ=രാജസ്തുതികൾ. സൂതന്മാർക്ക് അനുരൂപനായ രാജാവു സൂതജനായ കർണ്ണൻ തന്നെയെന്നും മററുള്ള രാജാക്കന്മാരുടെ വിഷയത്തിൽ ശമ്പളത്തിനു മാത്രമായി പാടുന്ന സ്തോത്രഗാനങ്ങൾ അദ്ദേഹത്തിന്റെ വിഷയത്തിൽ പാടി അവർ ചരിതാർത്ഥരാകുന്നു എന്നും. സൂതന്മാർ മഹാരാജാവിനെ പള്ളിയുണർത്തുന്ന സ്തോത്രങ്ങൾ പാടുന്നു എന്നു സാരം.

2. അങ്ഗരാജ്യത്തിൽ പണ്ടൊരിക്കൽ പന്ത്രണ്ടു സംവത്സരം മഴ പെയ്തില്ല. പർജ്ജന്യപങ്ക്തി=മേഘമാല. ഋശ്യശൃംഗനെ കണ്ടപ്പോൾ പഴയപോലെ മേഘങ്ങൾ വർഷിച്ചു തുടങ്ങി. അദ്ദേഹത്തിന്റെ പുത്രകാമേഷ്ടിയിലാണല്ലോ അഗ്നിയിൽ നിന്നു ദശരഥന്റെ ഭാര്യമാർക്കു പായസം ലഭിച്ചതു്. അഗ്നി സ്വാതേ ഭക്ഷിക്കയല്ലാതെ ദാനം ചെയ്യുക പതിവില്ല. വാചംയമൻ=മുനി. മങ്ഗലദേവത=ലക്ഷ്മീദേവി. അങ്ഗഭൂവ്—അങ്ഗരാജ്യമെന്നും കാമദേവൻ (അങ്ഗജൻ) എന്നും. തന്റെ പുത്രനായ കാമദേവനെ ലക്ഷ്മീദേവി ലാളിച്ചു പോററുന്നതു് ആശ്ചര്യമല്ലല്ലൊ. അങ്ഗരാജാവിന്റെ മാളിക മേഘമാർഗ്ഗത്തോളം ഉയർന്നിരിക്കുന്നതു പണ്ടത്തെപ്പോലെ മേഘങ്ങൾ പതിക്കാതിരിക്കുന്നതെങ്ങിനെ ... ആവയുടെ സ്നേഹത്തെ പരിശോധിക്കുന്നതിനെന്നു് ഉൽപ്രേക്ഷ. കർണ്ണാമൃതം=വന്ദികളുടെ ഗാനമാകുന്ന കർണ്ണാമൃതം. കർണ്ണസംബന്ധമായുള്ള അമൃതം എന്നും.

3. ദാനനീർ=മദജലം എന്നു കുഞ്ജരപക്ഷത്തിൽ. നീരാളമെത്തപ്പുറത്തു് ആതിഥേയന്മാർ കായശോഭയുള്ള

Digitized By Kerala Sahitya Akademi

കണ്ണൻ കിടക്കുന്നതു കണ്ടാൽ തന്റെ ശരീരത്താൽ അദ്ദേഹം ആ മെത്തയെ അധഃകരിക്കയാണോ എന്നു തോന്നും. അംഗം=ശരീരം. സൂര്യപുത്രനാകയാലാണ് ആ കായശോഭ. മാണവകൻ=കുമാരൻ. അദ്ദേഹത്തിന്റെ പാണിയിൽ ഞാൺ തഴമ്പാകുന്ന (അണി) ആഭരണം കാണുന്നു. അതു കഞ്ജാത (താമര)ത്തിൽ ലോലംബം (വണ്ടു)പോലെ കളം മനോഹരമായിരിക്കുന്നു. അതു കണ്ടാൽ ശിവൻ കാളകൂടം പാനം ചെയ്തപ്പോൾ അതെങ്ങനെ അദ്ദേഹത്തിന്റെ കണ്ഠത്തിൽ ലഗ്നമായോ അതുപോലെ താൻ പ്രാശിച്ച ജനങ്ങളുടെ ദാരിദ്ര്യമാണെന്നു തോന്നും. ദൈന്യത്തെ കാളകൂടമായി ഉല്ലേഖനം ചെയ്തിരിക്കുന്നു. മണ്ഡലം വായ്ക്കുമാരാജാവ്=ചന്ദ്രബിംബമെന്നുകൂടി അർത്ഥം. ചന്ദ്രനെയെങ്ങനെ വിശാഖാനക്ഷത്രങ്ങൾ സേവിക്കുമോ അതുപോലെ ഈ രണ്ടു കുണ്ഡലങ്ങളും പാർശ്വഭാഗത്തിൽ ആ ചന്ദ്രതുല്യനായ രാജാവിന്റെ ആനനചന്ദ്രനെ സേവിക്കുന്നു. ശ്രുതി=ചെവി. കാരുകർ=ശില്പികൾ. ആഹാര്യഭാവം = കൃത്രിമത്വം. ആവിലം=മലിനം. ആ ചെവികൾക്കും കുണ്ഡലങ്ങൾ

ആവിലം=മലിനം. ആ ചെവികൾക്കും കുണ്ഡലങ്ങൾ

ക്കും തമ്മിലുള്ള സാഹചര്യം ഗർഭാധാനം മുതൽക്കുള്ളതാണ്. വീരലക്ഷ്മി അദ്ദേഹത്തിന്റെ മാറിടത്തിൽ വസിക്കുന്നു; ആ ദേവിയുടെ അന്തഃപുരത്തിന്റെ പററിയ വെളിനടയാണ് ആ പോർച്ചട്ട.

ശുദ്ധാന്തമുഗ്ദ്ധകൾ=അന്തഃപുരത്തിലെ നവോഢകൾ. കണ്ണന്റെ അന്തഃപുരത്തിലെ നവോഢകൾ ഭർത്താവിന്റെ കുണ്ഡലങ്ങളുടെ പ്രകാശത്തിൽ ലജ്ജിച്ചും അവ പൊത്തുവാൻ കൈകൾ നീട്ടുന്നു; അപ്പോഴെല്ലാം

Digitized By Kerala Sahitya Akademi

അതുപോലെ പ്രകാശമുള്ള പോർച്ചട്ട കാണുന്നു; അതു കൈകൾ കൊണ്ടു പൊത്തുവാൻ കഴിയാത്തതിനാൽ തങ്ങളുടെ മിഴികൾ തന്നെ പൊത്തുന്നു. പൂരുഷാകാരം =പൂരുഷവേഷം പൂണ്ട. പുരുഷകാരം=പൗരുഷം. ഭാരതമാതാവിൻ ഭാസ്വൽസൂനു=ഭാരതഭൂമിയുടെ ശോഭിക്കുന്ന പുത്രനെന്നും ഭാരതരുടെ (പാണ്ഡവരുടെ) മാതാവായ കുന്തിക്കു് (ഭാസ്വാൻ) ആദിത്യനിൽ നിന്നു ലഭിച്ച പുത്രനെന്നും. കർണ്ണശബ്ദം ലോകത്തിന്റെ (ജനങ്ങളുടെ) കർണ്ണം കേൾക്കുമ്പോൾ അതു തന്റെ പേരിന്റെ മാററൊലിയെന്നു തോന്നി ആനന്ദിക്കുന്നു. ത്യാഗസാമ്രാജ്യം= ത്യാഗമാകുന്ന സാമ്രാജ്യം. ദ്വാപരയുഗത്തിലെ (ദുർഗ്ഗതി) ദാരിദ്ര്യമാകുന്ന (ധ്വാന്തം) ഇരുട്ടിനു സൂര്യൻ. ദ്വാപരയുഗത്തിൽ ദാരിദ്ര്യത്തെ നശിപ്പിച്ചവൻ. ചാപവേദമാകുന്ന (അർണ്ണവം) സമുദ്രത്തിന്റെ മറുകര എത്തുന്നവൻ. അങ്ഗാരലോചനൻ=ശിവൻ. ശിവന്റെ ശിഷ്യനായ പരശുരാമന്റെ ശിഷ്യനാണു് കർണ്ണൻ. അങ്ഗഭൂമിയാകുന്ന രതീദേവിക്കു കാമദേവൻ. അതിസുന്ദരമായ അങ്ഗരാജ്യത്തിനു യോജിച്ച രാജാവെന്നു താൽപര്യം.

6. പൃഥ=കുന്തി. കടിഞ്ഞൂൽക്കിടാവു്=ആദ്യത്തെ സന്താനം. കാളപൃഷ്ഠം=കർണ്ണന്റെ വില്ലു്. നവ്യജീമൂതവാഹനൻ=തന്റെ മാംസം ജീമൂതവാഹനനെന്ന വിദ്യാധരൻ ഗരുഡനു നൽകി നാഗങ്ങളെ രക്ഷിച്ച കഥ നാഗാനന്ദം നാടകം വഴിക്കു പ്രസിദ്ധമാണല്ലോ. അത്തരത്തിലുള്ള ഒരു ദാനവീരനാണു് കർണ്ണനെന്നു താൽപര്യം. കർണ്ണന്റെ കിടപ്പു വർണ്ണിക്കുകയാണു്. മുഖത്തു പുഞ്ചിരി കാണുന്നു; അതു കണ്ടാൽ തങ്ങളെ അർത്ഥിക്കു

Digitized By Kerala Sahitya Akademi

ദാനം ചെയ്യുകയെന്നു് അപേക്ഷിക്കുന്ന കുണ്ഡലങ്ങളെ കണ്ണൻ സാന്ത്വനം ചെയ്യുകയാണെന്നു തോന്നും. അഥവാ തന്റെ നേൎക്കു സൂൎയ്യൻ സ്നേഹവും ദേവേന്ദ്രൻ ദ്വേഷവും കാണിക്കുവാൻ പോകുന്നു എന്നും അവ രണ്ടും തനിക്കു തുല്യമെന്നുള്ള ആകൂതം (അഭിപ്രായം) ആ പുഞ്ചിരിയാകുന്ന കൈവിളക്കു പ്രകാശിപ്പിക്കുകയാണോ എന്നു തോന്നും. ജങ്ഗമം=സഞ്ചരിക്കുന്ന. ശ്വേതവൎണ്ണശൈലം=മഹാമേരു. സാരം=സത്തു്. സുദൎശനം=ചക്രായുധം.

6. അനന്യാദൃശാഭിഖ്യ=മററുള്ളവരിൽ കാണാത്ത ശോഭ. കൌമാരധാരി=ബാല്യത്തിലെ ഭൎത്താവു്. ചംക്രമണം=മന്ദസഞ്ചാരം. കുന്തിഭോജാത്മജ=കുന്തിഭോജരാജാവിന്റെ പുത്രി. ഭൌമം=ഭൂമിയിലുള്ളതു്, ഭീമം=ഭയാനകം. പ്രഭാതരളമാകുന്ന സൂൎയ്യബിംബം. ആ താരള്യം താനും കുന്തിയുമായുള്ള അത്ഭുതമായ സമാഗമത്തിന്റെ സ്മരണംമൂലമോ അല്ലെങ്കിൽ ക്ഷാത്രതേജസ്സു തികഞ്ഞ പുത്രനോടു് എങ്ങനെയാണു് താൻ വന്ന കാൎയ്യം പറയുന്നതു് എന്നുള്ള ഭയം മൂലമോ ആണെന്നു് ഉൽപ്രേക്ഷ. തൻകരം=തന്റെ കിരണമെന്നും കൈയെന്നും. എത്രയോ ദൂരെ ചളിയിൽ നില്ക്കുന്ന താമരമൊട്ടുകൂടി തന്റെ കരംകൊണ്ടു താലോലിക്കുന്ന ആദിത്യൻ തന്റെ സ്വന്തം പുത്രനെ പുല്കുവാൻ പോകുമ്പോളുള്ള അവസ്ഥ എന്തായിരിക്കണം!

7. ആഗന്തുകൻ=അതിഥി. കാല്യം=പ്രഭാതം. ആഗമവിഗ്രഹൻ=വേദസ്വരൂപൻ. (ഇവിടെ സാക്ഷാൽ ത്രയീതനു) തന്നെയാണു് ആഗതനായിരിക്കുന്നതു്. ആ ചെന്തീയുടെ ചൂടില്ല; പൊൻനിറമുള്ള

Digitized By Kerala Sahitya Akademi

കർപ്പൂരംപോലെയിരിക്കുന്നു ; ആദിത്യൻ ചന്ദ്രനായി മാറിയതുപോലെയിരിക്കുന്നു.

8. ശീർഷം=ശിരസ്സ് ഗണ്ഡം=കവിൾ. പാദസഹസ്രവാൻ=സഹസ്രകിരണൻ, മകൻെറ ശിരസ്സിൽ അച്ഛൻ വർഷിച്ച ആനന്ദബാഷ്പം അദ്ഭുതത്തെ ധന്യസമ്രാട്ടായി വാഴിക്കുവാനുള്ള അഭിഷേകജലംപോലെ ശോഭിച്ചു. കർണ്ണൻ അപ്പോൾ ധന്യാഗ്രഗണ്യനായി എന്നു താൽപര്യം. ബ്രഹ്മൻ != അല്ലയോ ബ്രാഹ്മണ! വൈഭണ്ഡകൻ= (വിഭണ്ഡകൻെറ പുത്രൻ) ഋശ്യശൃംഗൻ. മുൻപ് ഋശ്യശൃംഗൻ മഴ പെയ്യിച്ചു ; അങ്ങിപ്പോൾ കാരുണ്യവർഷവും പൊഴിച്ചു.

9. ധാമം=ഗൃഹം. പീയൂഷഭാനു=ചന്ദ്രൻ. ചന്ദ്രവംശമാകുന്ന സമുദ്രത്തിലെ കൗസ്തുഭരത്നമാകുന്ന സുയോധനൻ. മാതാപിതാക്കന്മാരുടേയും ഗുരുവിൻെറയും മററും നാമങ്ങൾ ചൊല്ലി നമസ്കരിക്കുക എന്നുള്ളതാണ് അഭിവാദനശൈലി. ബഹിശ്ചരം=വെളിയിൽ സഞ്ചരിക്കുന്നതു്. തേർ വിടുന്നതാണ് സൂതധർമ്മം ; അതു കൂടാതെ ഞാൻ ബാല്യത്തിൽ ക്ഷത്രിയോചിതമായ ആയുധവിദ്യ പഠിച്ചു. എന്നെ എൻെറ പ്രാണസുഹൃത്ത് അംഗരാജാവാക്കി പ്രഥമമായ ഔദാര്യപാഠം പഠിപ്പിച്ചു ദേശികൻ=ഗുരു. ഗർഭദാസൻ=ഗർഭത്തിൽതന്നെ ദാസൻ ; ബാല്യംമുതൽ ദാസനെന്നർത്ഥം. അവിടത്തെ അഭ്യർത്ഥനയെ ഞാൻ ആശിസ്സായി ഗണിക്കും. കർണ്ണൻെറ വിഷയത്തിൽ സർവവും ദാനപരമാകയാൽ ദത്തകർണ്ണനെന്ന പദം പ്രയോഗിച്ചിരിക്കുന്നു. കേട്ട ഉടൻ എന്നു സാരം. ധർമ്മാധ്വാവ്=ധർമ്മമാർഗ്ഗം പാപമാകുന്ന ദുഷ്ടമാർഗ്ഗ്

Digitized By Kerala Sahitya Akademi

ത്തിൽ മാത്രം സഞ്ചരിക്കുന്നവൻ. ഭേഷജം=മരുന്നു്. ഗദങ്ങൾ=രോഗങ്ങൾ.

10. ധൌതം=ക്ഷാളിതം ആനതം=കുനിഞ്ഞതു്. തനിക്കു ദേവേന്ദ്രനെപ്പോലെ ആയിരം കണ്ണു് ഇല്ലല്ലോ എന്നുള്ള ദുഃഖത്തോടുകൂടി. ഉണ്ടെങ്കിൽ അവകൊണ്ടെല്ലാം തത്താദൃശനായ പുത്രനെ നോക്കാമായിരുന്നു. ഇന്ദ്രനെപ്പററിയുള്ള സ്മരണയാണല്ലോ അപ്പോൾ ആദിത്യനു മുൻപിട്ടു നിൽക്കുന്നതു്. നിർവൃതി=പരമാനന്ദം.

11. ശങ്ക=തൻെറ വാക്കു പുത്രൻ സഹിക്കുമോ എന്നുള്ള സംശയം. രാധേയൻ=രാധയുടെ പുത്രൻ. ആധിരഥൻ=അധിരഥൻെറ പുത്രൻ. ഗോഷ്പദം എങ്ങനെ ക്ഷീരസമുദ്രസന്താനമായ പാരിജാതത്തെ പ്രസവിക്കയില്ലയോ അതുപോലെ കേവലം ഒരു സൂതവംശം നിന്നെ പ്രസവിക്കയില്ല. പാരിജാതവും ദാനശൗണ്ഡമാണല്ലോ. പാണ്ഡുരം=ധവളം. പൃഥയുടെ നാലു പുത്രന്മാരെ നാലു പുരുഷാർത്ഥങ്ങളെന്നും നാലു യുഗങ്ങളെന്നും പറയാമെങ്കിൽ അവരിൽ നീ പ്രഥമവും ഉത്തമവുമായ ധർമ്മവും (സത്യം) കൃതയുഗവുമാണു്. താൻ ജാതനായ ശിശുവിനെ രക്ഷിക്കാത്തതുകൊണ്ടുണ്ടാകുന്ന പശ്ചാത്താപം.

12. ദണ്ഡധരൻ=യമൻ. ചണ്ഡകിരണനെന്നും യമൻെറ അച്ഛനെന്നും ലോകം നിന്ദിക്കുന്ന എനിക്കു കരുണ എവിടെ നിന്നുണ്ടാകും? എൻെറ ശരീരം ദേവൻെറയും ആത്മാവു് അസുരൻെറയുമാണു്. ആനകദുന്ദുഭി=വാസുദേവൻ. എൻെറ കൃഷ്ണ ഞാനാണു് വസുദേവൻ, അഥവാ വാസ്തവത്തിൽ പിതാവു്. അധി

Digitized By Kerala Sahitya Akademi

രഥൻ=വളർത്തച്ഛൻ മാത്രം; നന്ദഗോപനെപ്പോലെ. താപസൻ=ഇവിടെ ദുർവ്വാസസ്സ്. കാനീനൻ=കന്യകാപുത്രൻ. കാശ്യപി (അരുണൻ) സൂതനായ ആദിത്യൻെറ പുത്രനാണു് നീ; അങ്ങനെയേ നിനക്കു സൂതജത്വമുള്ളൂ. കുന്തി കുഞ്ഞിനെ ആററിലൊഴുക്കിയതു് അത്യുത്തമയായ ഈ രത്നം രത്നാകരമാകുന്ന സമുദ്രത്തിൽ ചേരേണ്ടതാകുമെന്നു വിചാരിച്ചായിരിക്കണമെന്നു് ഉൽപ്രേക്ഷ.

13. അശ്വനദി=ചർമ്മണ്വതിയുടെ ഒരു പോഷകനദി; അതു കുന്തിഭോജൻെറ രാജധാനിയിൽക്കൂടി ഒഴുകുന്നതാണു്; അതിനു മുമ്പു തന്നെ അശ്വനദിയിൽ ഒഴുക്കി. അത്ര വിശിഷ്ടമായ ഒരു ശിശുവിനെ ത്യജിക്കേണ്ടതുകൊണ്ടുള്ള വിഷാദം. ചർമ്മണ്വതി (ചംബൽ) യമുനയുടെ ഒരു പോഷകനദി. ചമ്പാപുരി=അംഗരാജ്യത്തിൻെറ തലസ്ഥാനം. ഇന്നത്തെ ഭാഗൽപൂരു് എന്ന പട്ടണത്തിനു സമീപം ഗംഗാതീരത്തിലായിരുന്നു ചമ്പ. ഞാൻ മുകളിൽ നിന്നു് ഈ കാഴ്ച കണ്ടുകൊണ്ടിരുന്നു. പക്ഷേ എൻെറ ദിനകൃത്യത്തിൽ പരാധീനനായിരുന്നതിനാൽ എനിക്കു നിന്നെ രക്ഷിക്കുവാൻ സാധിച്ചില്ല. കൂട്ടിലടച്ച കിളിക്കുഞ്ഞുപോലെയുള്ള ഈ കിടാവു് ഇത്രയും നദികളിൽ മുങ്ങാതെ എങ്ങനെ രാധയുടെ കൈയിൽ ചെന്നെത്തി എന്നു ലോകം ആശ്ചര്യപ്പെടാം. പക്ഷേ നീ ചിരംജീവിയാണു്. മാഠരൻ, പിംഗലൻ, ദണ്ഡൻ ഇവർ സൂര്യൻെറ പാരിപാർശ്വികന്മാരെന്നു പ്രസിദ്ധം. പാരിപാർശ്വികന്മാർ=ചുററി നില്ക്കുന്നവർ. മിത്രാധികർ=മിത്രത്തെക്കാൾ അധികരെന്നും സാക്ഷാൽ മിത്രനായ എന്നെക്കാൾ അധികരെന്നും.

Digitized By Kerala Sahitya Akademi

14. മുന്നിലും പിന്നിലും പോർച്ചട്ടയും രണ്ടു പാർശ്വത്തിലും രണ്ടു കണ്ഡലവും, നിന്നെ ഭരതനും ലക്ഷ്മണശത്രുഘ്നന്മാരും ശ്രീരാമനെയെന്ന പോലെ രക്ഷിക്കുന്നു. ബ്രഹ്മാവ് എന്തുതന്നെ വിധിച്ചാലും, തന്റെ മിത്രമായ ശ്രീകൃഷ്ണൻ എന്തെല്ലാം ചതി പ്രയോഗിച്ചാലും, ശിവൻ പാശുപതാസ്ത്രമല്ല, പിനാകമോ തൃതീയാക്ഷിഃപാലുമോ നൽകിയാലും, നിന്നോട് പോർ ചെയ്താൽ അർജ്ജുനന്റെ വീര്യം നിസ്സാരമാകും. അവനു പോർകൊണ്ടു മാത്രമേ ജിഷ്ണുത്വമുള്ളു. പൌരുഷലക്ഷ്മിക്കിരിപ്പിടമാകുന്നു മകന്റെ മുഖപത്മം.

15. വേപഥു=വിറയൽ. പ്രേമഴ=ഉൽകടമായ വാക്യമെന്നു ധ്വനി. ജിഹ്വയാം വീണ=മൃദുവായി സമഞ്ജസമായി ഉപന്യസിക്കുവാൻ പോകുന്നതിനെ ദ്യോതിപ്പിക്കുന്നു.

16. നിര്യാതനം=പകരം വീട്ടൽ. ശ്രീനാരായണനു കൈങ്കര്യം ചെയ്യുവാൻ എന്റെ പുത്രന്മാർ മന്ദാധികാരികൾ കൂടിയല്ലയോ? സൂര്യവംശത്തിൽ ജനിച്ച ശ്രീരാമൻ സൂര്യപുത്രനായ സുഗ്രീവനെ തന്റെ ബന്ധുവാക്കി. ദ്വിതീയനാമന്തരാത്മാ=പ്രാണസ്നേഹിതൻ. അന്ധതനുജൻ=ധൃതരാഷ്ട്രന്റെ പുത്രനായ സുയോധനൻ. കർണ്ണന്റെ മകനല്ലാതെ ആരെങ്കിലും മഹാവിഷ്ണുവിനു ശത്രുവാകുമോ? വർമ്മം=കവചം. ശർവ്വൻ (ശിവൻ) തൽപുത്രനു (ദേവേന്ദ്രപുത്രനു) പാശുപതാസ്ത്രമല്ലാതെ ദീർഘായുസ്സു നൽകിയില്ലല്ലോ.

17. മാർക്കണ്ഡൻ=ചിരഞ്ജീവിയായ മാർക്കണ്ഡേയൻ. അർജ്ജുനന്റെ ജൈത്രയാത്ര ചിത്രവരയ്ക്കുമാത്രമുള്ളു. ശത്രുമുക്തം=കവചം. അർജ്ജുനൻ മരിക്കുന്നതു് ആയിരം

Digitized By Kerala Sahitya Akademi

കണ്ണുകൾകൊണ്ടും കാണുന്ന ദേവേന്ദ്രൻ ആ കണ്ണുകൾക്ക കാരണമായ ഗൌതമശാപമോർത്ത് ആയിരം പ്രാവശ്യം വ്യസനിക്കും. ഭവ്യർ=യോഗ്യർ. അതു ചന്ദ്രനുള്ള കറുപ്പ് എന്നു പറയുന്നതു തെററാണെങ്കിൽ കൃഷ്ണമണിയിൽപെട്ടുന്ന വെള്ളയായിക്കോട്ടെ. ദാനത്തെ കളങ്കമെന്നു പറയുന്നതു് അനുചിതമാണെങ്കിൽ വേണ്ടെന്നു താല്പര്യം.

18. അപ്രാജ്ഞതൻ=മൂഢൻ. ആത്മഘാതി=ആത്മഹത്യ ചെയ്യുന്നവൻ. സമുദ്രവും വേല (കര)യാൽ ശോഭിക്കുകതന്നെ ചെയ്യുന്നു. സീമ=അതിരു്. ആത്മപൂജയ്ക്കും സ്ഥാനമുണ്ടു്. വർണ്ണി=ബ്രഹ്മചാരി. ശൂരനായ ദേവേന്ദ്രൻ ഇരപ്പാളിയായി വരും. പഞ്ചാസ്യൻ=സിംഹം. വിശ്വഹാസ്യൻ=(വിശ്വ) സർവരാലും ഹസിക്കപ്പെടേണ്ടവൻ ദംഷ്ട്രങ്ങൾ ദാനം ചെയ്യരുതു്. ദംഷ്ട്രങ്ങൾകൊണ്ടു നേടിയ ആനയുടെ മസ്തകമുത്തുകൾ എത്ര വേണമെങ്കിൽ ദാനം ചെയ്യാം. സോദരത്യാഗം = കവചകുണ്ഡലങ്ങളാകുന്ന നിന്റെ സഹോദരന്മാരെ ത്യജിക്കുക.

19. സർപ്പരാജാവായ വാസുകി ഒരു നീർക്കോലിയെപ്പോലെ ബുദ്ധിഹീനനെന്നു ദേവേന്ദ്രൻ വിചാരിക്കുന്നു. കുണ്ഡലീശൻ=(കുണ്ഡലന്മാരിൽ ശ്രേഷ്ഠനായ കർണ്ണനെന്നും). ആ സർപ്പരാജാവു് അത്ര ദോഷനോ ? സർവ്വജ്ഞഭൂഷയെ=(സർവ്വജ്ഞന്മാർക്ക് അലങ്കാരമായ കർണ്ണനെയെന്നും) സർവ്വജ്ഞനായ ശ്രീപരമേശ്വരന്റെ ആഭരണമായ വാസുകിയെ. നീരദം=പല്ലില്ലാത്തതു് (മേഘംപോലെ ദാനസജ്ജമെന്നു കർണ്ണപക്ഷത്തിൽ.)

Digitized By Kerala Sahitya Akademi

നീരദവാഹനൻ=മേഘവാഹനൻ. അദ്ദേഹത്തിന്റെ അഭ്യർത്ഥനയാകുന്ന യന്ത്രം വാസുകിയുടെ പല്ലു പറിക്കുമോ ? പത്മാക്ഷൻ=പത്മംകൊണ്ടു കളിക്കുന്നവൻ, സൂര്യൻ. ആദ്യം അല്പം ഒരു ലാഞ്ഛനത്തിന്റെ രൂപത്തിൽ കണ്ട പുത്രമുഖത്തിന്റെ മ്ലാനത വളർന്നു രാഹുരൂപം കൈക്കൊള്ളുന്നു. ആ മ്ലാനത അനപപന്നമായ അച്ഛന്റെ വാക്കു കേട്ടതിനാലുണ്ടായതാണു്. സൂര്യന്റെ മുന്നിൽ ആ അന്ധകാരം ആവിർഭവിച്ചതു് ആശ്ചര്യം തന്നെ. പ്രഭാതം സായം സന്ധ്യയായതുപോലെയും ശരൽക്കാലത്തു വർഷരാത്രി വന്നതുപോലെയും അദ്ദേഹത്തിനു തോന്നി. ലോകചക്ഷുസ്സാണെങ്കിലും അപ്പോൾ പുത്രവാത്സല്യചാപല്യത്താൽ അന്ധനാണു്.

20. ഏതാവത്തു്=ഇതുവരെയുള്ളതു്. കീർത്തി ജീവിച്ചിരിക്കുന്നവന്റെ ധർമ്മപത്നിയാണെന്നു് സൂര്യൻ സമർത്ഥിക്കുവാൻ നോക്കുന്നു. ലോകത്തിന്റെ ദൃഷ്ടിയിൽ നമ്മുടെ നിറം മാറിക്കാണുന്നു. പെട്ടെന്നു കീർത്തി അയശസ്സായും നട്ടുച്ച അർദ്ധരാത്രിയായും പരിണമിക്കാം. ഇന്നു് അത്തു തൊഴുന്ന ശിവലിംഗം നാളെ അമ്മിക്കുഴവിയാകും. പര്യായക്രീഡകൾ=മാറി മാറിയുള്ള വിളയാട്ടുകൾ. ഇപ്പോൾ കുംഭാഭിഷേകം ചെയ്യും; ഉത്തരക്ഷണത്തിൽ കൊള്ളിവയ്ക്കും. ലാലാ=ഉമിനീർ. അത്തയ്യൽ= കീർത്തിദേവി, ഒരു നിമിഷം ലോകരസന ഉമിനീർപോലെ കീർത്തിയെ വച്ചുകൊണ്ടിരിക്കും. അടുത്ത നിമിഷത്തിൽ ഒന്നുകിൽ മറക്കും; അല്ലെങ്കിൽ ആക്ഷേപിക്കും.

Digitized By Kerala Sahitya Akademi

21. ഗ്രസ്തം=വിഴുങ്ങപ്പെട്ടത്. ക്ഷിപ്തം=തള്ളപ്പെട്ടത്. കല്ലെഴുത്ത്=ശിലാരേഖ. സംയമനി=യമന്റെ രാജധാനി. നാം മരിച്ചാൽ നമ്മെപ്പറ്റിയുള്ള സ്തുതി നാം കേൾക്കുന്നില്ല. (ഭൂമിയിൽനിന്ന് അത്ര ദൂരെയാണ് സംയമനി.)

22. ആകാശത്തിലെ ശൂന്യതയുടെ 'ഫീ ഫീ' എന്നുള്ള അപഹാസമാണ് മരിച്ചവന് ഇഹലോകത്തിലുള്ള ഖ്യാതി. അസ്ഥികൂടത്തിന്റെ വെണ്മയാണ് ആ കീർത്തികളുള്ളത്. ശൃങ്ഗാടകം=നാൽക്കവല.

23. നിലംപതിച്ച മരത്തിൽ യാതൊരു മേഘവും അശ്രുതുല്യമായ ജലം സേചനം ചെയ്യിട്ട് ആവശ്യമില്ല. അത്ര മറെറാരു വൃക്ഷത്തിന് ഒന്നുകിൽ വളമാകും; അല്ലെങ്കിൽ വിറക്, കരിക്കട്ട, ഭാരം ഇങ്ങനെ രൂപാന്തരപ്പെടും. മാനസമുദ്രത്തിൽ നീ വീണു മരിച്ചാൽ അത് അത്യാപത്താണ്. നീവി=മൂലധനം. നിർവ്വാണവാണിജ്യം =(കടി പുറപ്പെട്ടുപോകുമ്പോളുള്ള വാണിജ്യമെന്നും ശരണഫലമായ വാണിജ്യമെന്നും )താന്ത=തളൎന്നവർ. മനസ്സിൽ ആവിഷ്കരിക്കേണ്ട ആശയങ്ങൾ മുട്ടങ്ങിയിരുന്നു. ബുദ്ധിമുട്ടി മൌനം ഭജിച്ച അദ്ദേഹം പിന്നെയും വാശിയായിത്തോന്നി. സപ്തസപ്തി=ഏഴു കുതിരകളോടുകൂടിയവൻ; ആദിത്യൻ. സരസ്വതി തളൎന്നപ്പോൾ കടാക്ഷലക്ഷ്മിയെ നൎത്തനംചെയ്യിച്ചു.

24. സൂൎയ്യൻ നോക്കിയപ്പോൾ പുത്രന്റെ മുഖപത്മം ആമ്പൽപൂപോലെ കൂമ്പി. ത്രാസം=ഭയം. ത്രപ=ലജ്ജ. അനുക്രോശം=അനുകമ്പ, നിഷ്പന്നനിർവേദൻ=നൈരാശ്യം ഉണ്ടായവൻ. തന്റെ മോഹമൌഢ്യങ്ങ

Digitized By Kerala Sahitya Akademi

ണ്ടായ (ഉത്സേകം) മദം നിശ്ശേഷം നശിച്ചവൻ. അത്രമ കർണ്ണങ്ങൾ=സ്വന്തം ചെവികൾ. കർണ്ണന്റെ മുഖത്തു മ്ലാനത മാറി പ്രസന്നത വന്നു. കഞ്ചുകകുണ്ഡലങ്ങൾ ബാഹ്യങ്ങളും ഗാംഭീര്യവും ധൈര്യവും ആന്തരങ്ങളുമായ ഭൂഷണങ്ങളാണു്. ഇവയെല്ലാം തനിക്ക ജന്മസിദ്ധങ്ങളമാണു്. ഭാരതമാതാവിന്റെ (ഭാരതഭൂമിയുടെ) സ്തന്യം പാനംചെയ്ത ഒരു പുരുഷന്നു് ഉചിതമായ വിധത്തിൽ മറുപടി പറഞ്ഞു. പ്രത്യഹം=ദിനംതോറും.

25. ലേഖപ്രവേകർ=ദേവശ്രേഷ്ഠർ, സവിതാവു്=ജനയിതാവെന്നും സൂര്യനെന്നും. നിത്യഗോദാനം=നിത്യമുള്ള കിരണങ്ങളുടെ ദാനമെന്നു സൂര്യപക്ഷത്തിൽ. കിരണങ്ങൾ ഉറങ്ങുന്നവരെ ഉണർത്തുന്നതുമൂലമാകുന്നു ആദിത്യനെ സവിതാവെന്നു പറയുന്നതു്. നിത്യമുള്ള ഗോക്കളുടെ ദാനംകൊണ്ടല്ലയോ അങ്ങേയ്ക്കു് ഈ കീർത്തി? പാർത്ഥൻ=പൃഥയുടെ പുത്രൻ. ഞാൻ പൃഥയുടേയും അങ്ങയുടേയും പുത്രനായിരുന്നതു് പൃഥ അശ്വനദിയിൽ എന്നെ അടച്ചു പെട്ടി ഒഴുക്കുന്നതുവരെ മാത്രമാണു്. രാധയുടെ കൈയിൽ ഗംഗയാണല്ലോ എന്നെക്കൊണ്ടു ചെന്നേല്പിച്ചതു്. അതിനാൽ ഞാൻ പുതിയ ഒരു ഗംഗാദത്തനാണു്. (ഭീഷ്മരെപ്പോലെ ഗുണശാലിയെന്നും) ഈശൻ=ഈശ്വരൻ. മിഥ്യാഭിജാത്യം=വൃഥാ ഉള്ള കുലീനത. മനുഷ്യകുലത്തിൽ ജനിക്കകകൊണ്ടുതന്നെ ഞാൻ ചരിതാർത്ഥനാണു്. ഞാൻ ഭൂമിയുടെമടിയിൽ കളിക്കുന്ന കിടാവാണു്. സൂതജസൂരജപദങ്ങൾക്കുതമ്മിൽ സ്ഥൂലമായി നോക്കുമ്പോൾ തരഭേദം (തകാരരേഫങ്ങളുടെ ഭേദം എന്നും)

Digitized By Kerala Sahitya Akademi

കാണാം ; സൂക്ഷ്മദൃഷ്ടിയിൽ സൂൎയ്യനിൽനിന്നു ജനിച്ചാലും സൂതനിൽ നിന്നു ജനിച്ചാലും ഫലം ഒന്നു തന്നെ.

26. പൌരാണികത്വം=പുരാണവാചനം. അതു സൂതന്റെ പ്രവൃത്തിയാണല്ലോ. കുംഭോത്ഭവൻ=ദ്രോണാചാൎയ്യർ. ശോധിക്കുക=പരീക്ഷിക്കുക. വളൎത്തപ്പൻ=അധിരഥൻ. ഗോമായു=കുറുക്കൻ. അപ്രതീക്ഷിതമായ അപശബ്ദം.

27. ഗോഷ്ഠി=സദസ്സ്. ജന്യം=യുദ്ധം പാട്ടുംകൂത്തും സാരഥ്യവും മററുമാണു് സൂതന്മാരുടെ വൃത്തി. ഭാരതസാമ്രാജ്യസാൎവ്വഭൌമൻ–ഇവിടെ പാണ്ഡു. വാരററ–ദീൎഘമായ. നിന്റെ കുലവൃത്തി അൎജ്ജുനനെപ്പോലെയുള്ള രാജാക്കന്മാരെ സ്തുതിക്കുക എന്നുള്ളതാണു്. ആടോപം–ഗൎവ്വ്. വാദി–വക്താവു്. ശരദ്വതാചാൎയ്യൻ–ശരദ്വാന്റെ പുത്രനായ കൃപാചാൎയ്യർ. ചാപവിദ്യയാകുന്ന സംഗീതശാസ്ത്രത്തിന്റെ പ്രഥമപാഠങ്ങൾ ഞാൻ പഠിച്ചതു കൃപാചാൎയ്യരിൽ നിന്നാണു്. തന്റെ വൃത്തി പാട്ടാണെന്നുള്ളതിനെ തുടൎന്നുകൊണ്ടു കൎണ്ണൻ പറയുന്നതാണു് നമ്യൻ–വന്ദ്യൻ. വൎഷീയാൻ–അതിവൃദ്ധൻ. മദ്ദണ്ഡ്യൻ–എന്നാൽ ദണ്ഡിക്കപ്പെടേണ്ടവൻ. അതിനാൽ അദ്ദേഹത്തിന്റെ പ്രലാപത്തിനു പ്രതിക്രിയയില്ല. എന്നെപ്പററിയുള്ള ഈ ആക്ഷേപം കേട്ടപ്പോൾ പുത്രവത്സലനായ അധിരഥൻ മോഹിച്ചു താഴെ വീഴുവാൻ ഭാവിച്ചു.

28. ഭഗ്നം–പരാജയം, ഗദകൊണ്ടുള്ള പ്രഹരംപോലെയുള്ള ഭയങ്കരമായ വാക്യം. സുയോധനന്റെ ശസ്ത്രം ഗദയാണു്. ധിക്–ലജ്ജാവഹം. ജാത്യുന്മാദം–ജാതിസംബന്ധമായുള്ള ഭ്രാന്തു്. വ്യക്തിയും ജാതിയും

Digitized By Kerala Sahitya Akademi

തർക്കശാസ്ത്രത്തിലല്ലാതെ ധനുർവേദത്തിലില്ല. യോദ്ധാക്കളുടെ ഇടയിൽ ജാതിചിന്തവേണ്ടെന്നു സാരം. കാണ്ഡപൃഷ്ഠൻ—കുലത്തിനു നിന്ദ്യമായ വൃത്തിയോടു കൂടിയവൻ; ബ്രാഹ്മണനായി ജനിച്ച് ആയുധവിദ്യയാൽ ജീവിക്കുന്നവൻ. ധൃതരാഷ്ട്രർക്കു കണ്ണില്ലെങ്കിലും ചെവിയുണ്ടെന്നും (കർണ്ണനോടു കൂടാത്തവനല്ലോ നാം) ഇതു കേട്ടാൽ അങ്ങയെ ശിക്ഷിക്കുമെന്നും താല്പര്യം. പുഷ്കലം—പൂർണ്ണം. സ്വാരാജ്യം—സ്വർഗ്ഗം. സ്വതന്ത്രമായി സ്വർഗ്ഗത്തിൽ (അത്രമാത്രം ഉയരത്തിൽ) പരിലസിക്കുന്ന ജ്യോതിർബിംബം നാം ഫൂ എന്നു ഊതിയാൽ കെടുന്നതല്ല. ആ ഫൂൽകാരം അവിടെ എത്തുന്നതുമല്ല.

29. സ്വർണ്ണം (നല്ലാർക്ക്) സ്ത്രീകൾക്ക് ആഭരണമാകുന്നതുപോലെ സ്വർണ്ണസന്നിഭനായ ഉത്തമപുരുഷൻ ഏതെല്ലാം സങ്കടത്തിലും നല്ലവർക്ക് അലങ്കാരമാകാതെ നിവൃത്തിയില്ല. കിഴങ്ങിൽ ചളിയുണ്ടെന്നു വിചാരിച്ചു താമരപ്പൂവിലെ തേൻ കുടിക്കാതെ മധുരപ്രിയമായ വണ്ടിരിക്കുന്നുണ്ടോ ? അതുപോലെ ഗുണഗ്രാഹികളായ സത്തുക്കൾ ഗുണവാന്മാരുടെ ഉൽപത്തി പരിശോധിക്കാറില്ല. ബാഹുജന്മാർ—രാജാക്കന്മാർ. വംശം—കുലം (മുളയെന്നും) കർണ്ണൻ തന്റെ ബാഹുവീര്യത്താൽ നൂതനമായി ഒരു രാജവംശം സ്ഥാപിക്കും. വെള്ളെഴുത്തുള്ളവർക്കും ആനയെക്കാണാൻ പ്രയാസമില്ലാത്തതുപോലെ ജാതിചിന്തയുള്ള അങ്ങേക്കും കർണ്ണന്റെ ലോകോത്തരമായ മാഹാത്മ്യം ഗ്രഹിക്കുവാൻ പ്രയാസമില്ല. പാതിത്യം=പതിതത്വം. ത്രിപുരദഹനത്തിൽ ബ്രഹ്മാവ് ശിവനു സൂതനായി തേർ തെളിച്ചു. അനന്തരകാലത്തിൽ ശ്രീനാ

Digitized By Kerala Sahitya Akademi

രായണൻ അജ്ഞാതസൂതനായി. സുയോധനൻ ദീർഘദർശനം ചെയ്തു ഫലിച്ചു.

30. തന്മിത്രം=അവൻെറ സ്നേഹിതനായ ഞാൻ ഭദ്രാസനം-സിംഹാസനം. സങ്ഗ്രാമം=യുദ്ധം. ഞാൻ അങ്ങയുടെ അപദാനങ്ങൾ കീർത്തനം ചെയ്യുന്ന സൂതനാകാമെന്നു കൃപാചാര്യർ പറഞ്ഞു. സാധുവാദി=നന്നന്നെന്നു പറയുന്നവൻ.

31. പിഞ്ഛിക=മയിൽപീലി. ജാലം=കൺകെട്ടവിദ്യ. ഞാൻ അംഗരാജാവായില്ലെങ്കിൽ ഇത്തരത്തിലുള്ള ദാനത്തിനു ശക്തനാകുന്നതല്ല. സൌഹാർദ്ദം=സ്നേഹം. സൌഭ്രാത്രം-സഹോദരസ്നേഹം. നന്ദി (കൃതജ്ഞത) യാകുന്ന ഈശൻ (ശ്രീപരമേശ്വരൻ) ഞാൻ നന്ദി (നന്ദികേശ്വരൻ) ആകുന്നു. അതായതു് കൃതജ്ഞതയ്ക്കു് അടിമപ്പെടുന്നു. ഞാൻ ലോകോപവാദത്തെയും അന്തഃകരണത്തെയും ഈശ്വരനെയും മറന്നു പോകുന്നു. എന്റെ പ്രാണസുഹൃത്തിനു വേണ്ടി ഏതു പാപവും ചെയ്തുപോകുന്നു.

32. അടർ=യുദ്ധം. പ്രാണനിൽ പ്രണൻ=പ്രാണാധിക സ്നേഹിതൻ. അകാലികാന്തം=അകാലത്തിൽ മരണം, ദൈവം താൻ അയച്ചു വരുത്തുന്നവർക്കു മാത്രമേ ആതിഥ്യം നൽകുന്നുള്ളു. അപമൃത്യു പാപമെന്നു താല്പര്യം. ഓർത്തു=കരുതി. ലോകദൃക്-ലോകചക്ഷുസ്സ്.

33. കർണ്ണയുക്തൻ=എനിക്കും ചെവിയുണ്ട്. ചിത്രം=ആശ്ചര്യം. ദീധിതി=കിരണം. സ്ഫീതാന്ധതാമിസ്രം=വലുതായ ക്രരിരുട്ടു്; പാപപ്രേരകമായ വാക്യം അങ്ങ് ആകാശം വിട്ടു ഭൂമിയിലേയ്ക്കു് വന്നപ്പോൾ അങ്ങ

Digitized By Kerala Sahitya Akademi

യുടെ ആദർശം പാതാളംവരെ താണുപോയി. രാഗി-പങ്കുകൊള്ളുന്നവൻ. വാരുണി=മദ്യം ആരവശം=സംഭ്രമം.

34. സുയോധനന്റെ സഹവാസംകൊണ്ടു സിദ്ധിക്കുന്ന ധനം ഞാൻ നിത്യം മററുള്ളവർക്കുവേണ്ടി ത്യജിക്കുന്നു. മാട്ടിനെ കൊല്ലുന്നവന്റെ ചെറിപ്പുദാനം. ഔല്പത്തികം-നൈസർഗ്ഗികം. തന്റെ പാരണയ്ക്കായി വച്ചിരുന്ന വെള്ളവും ചോറും പട്ടിക്കും ചണ്ഡാലനുമായി രന്തിദേവൻ പകുത്തു നല്കി. രന്തിദേവന്റെ യാഗജലം ഒഴുകിയാണു് ചർമ്മണ്വതീനദി ഉണ്ടായതെന്നു് ഐതിഹ്യം. ആ നദിയിൽക്കൂടിയാണു് കർണ്ണന്റെ ദേഹം ശൈശവത്തിൽ ഒഴുകിയതു്. ശേവധി=നിധി. കിന്നരനാഥൻ=വൈശ്രവണൻ. ആഗന്തു=അതിഥി; ഇവിടെ കാശ്യപൻ.

35. പിന്നത്തെയർത്ഥി-ദ്രോണാചാര്യർ. അർജ്ജുനവൈരി=കാർത്തവീര്യാർജ്ജുനന്റെ ശത്രു. ഞാൻ അർജ്ജുനവൈരിയായതു് ആശ്ചര്യമല്ലെന്നു താൽപര്യം. ഭീഷണി=പേടിപ്പെടുത്തൽ. മനുഷ്യജീവിതത്തിന്റെ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു് പ്രധാനമായി അതിന്റെ അസ്ഥിരഭാവത്തിലാണു്. നമ്യനമ്യൻ-നമ്യന്മാർക്കും നമ്യൻ.

36. ആനൃണ്യം=കടംവീട്ടൽ. അപ്പോൾ അവൻ ധന്യൻ (ധനവാനെന്നും) ചരിതാർത്ഥനായി. ഗൃഹസ്ഥവൃത്തിയുടെ സാരം ഗ്രഹിച്ചവനായി ശ്രാദ്ധദേവൻ (യമൻ) എപ്പോൾ കയറിവന്നാലും അദ്ദേഹത്തെ ഒരതിഥിയെപ്പോലെ സൽക്കരിക്കുന്നതിനു സന്നദ്ധനുമായി. ആയുസ്സ് കേവലം സാധനമാണു്; പുരുഷാർത്ഥമാണു് സാദ്ധ്യം.

Digitized By Kerala Sahitya Akademi

ആയുസ്സ ശസ്ത്രം; പുരുഷാൎത്ഥം ലക്ഷ്യം. അത്തരത്തിലുള്ള അമ്പ് ആവനാഴിയിൽ യുഗാവസാനംവരെ ഉറങ്ങുവാൻ ആരു സമ്മതിക്കും. ചിരഞ്ജീവിയായാലും പുരുഷാൎത്ഥം പ്രയത്നിക്കാഞ്ഞാൽ സിദ്ധിക്കുന്നതല്ലെന്നു താൽപൎയ്യം. ഉദ്ഗ്രഥിതനായ ഞാൻ അണിയറയ്ക്കുള്ളിലെ ഒരുക്കങ്ങളെന്തെന്നു നോക്കുന്നില്ല; ഭാവിയെപ്പററി എനിക്കു ചിന്തിച്ചിട്ടു കാൎയ്യമില്ല. നവരസങ്ങളിൽ ഏതും (കരുണബീഭത്സങ്ങളും) എന്നെ രസിപ്പിക്കും. ആയതി=ഭാവികാലം. ആയതിയാകുന്ന ദേവത എൻെറ മുൻപിൽ വരുമ്പോൾ അവളുടെ മുഖപടം താനേ നീക്കും. ചിത്രകം-പൊട്ട്. അതു ചുവന്നതായാലും (ഗുണമായാലും) കറുത്തതായാലും (ദോഷമായാലും) എൻെറ ദൃഷ്ടിയിൽ സുന്ദരം തന്നെ. ദിനലക്ഷ്മി വിടൎന്ന താമരപ്പൂവാകുന്ന (താമരപ്പൂപോലെയുള്ള) മുഖത്തോടു കൂടിയവളാണെങ്കിൽ രാത്രി ഇരുട്ടാകുന്ന (ഇരുട്ടുപോലെയുള്ള) കൈശികത്തോടു കൂടിയവളാണ്. രണ്ടുപേരും സുന്ദരിമാരെന്നൎത്ഥം. ആലോകഛായകൾ-വെളിച്ചവും നിഴലും.

37 അൎത്ഥം ഗ്രഹിപ്പാൻ വാക്യത്തിനു പൂൎണ്ണവിരാമമല്ലാതെ മററൊന്നും വേണ്ടാത്തതുപോലെ ഉത്തമ പാത്രത്തിൽ ദാനം നല്കിയാൽ പിന്നെ എനിക്കു മരിക്കുന്നതിലെന്തുണ്ടു ദോഷം? ഹീരം-വൈരം. ശാതകുംഭം=സ്വൎണ്ണം. കാമിതദോഗ്ധ്രികൾ = ആഗ്രഹത്തെ = കറന്നുതരുന്നവ (കാമധേനുക്കൾ). പാനീയം=വെള്ളം. മന്ദാരം-കല്പവൃക്ഷം തത്താദൃക്=അത്തരത്തിലെല്ലാമുള്ളതു്. ഉത്താനപാണി=മലൎന്ന കൈയോടുകൂടിയവൻ; യാചകൻ. ആഗമവേദികൾ=വേദജ്ഞർ. അധ്വരം=യാഗം.

Digitized By Kerala Sahitya Akademi

38. വാഹം=വാഹനം ; ഇവിടെ മേഘം. മേഘം തുപ്പുന്നകോളാമ്പിയാണു് ഭൂമി. കേദാരം=ക്ഷേത്രം, ആശിഖാ=അഗ്രംവരെ. ജീമൂതം=മേഘം. ഉദാരന്മാരെ ഉദാരന്മാരറിയുന്നു. ജീമൂതവാഹനൻ ഉദാരനാണല്ലോ. ദംഭോളി=വജ്രായുധം. ദധീചിമഹർഷിയുടെ അസ്ഥികൊണ്ടാണു് വജ്രായുധം നിർമ്മിച്ചിട്ടുള്ളതു്. തന്റെ അസ്ഥി ദധീചി ദാനം ചെയ്തില്ലെങ്കിൽ ദേവേന്ദ്രൻ എങ്ങനെ തന്റെ ദോർവ്വിക്രമം കാണിക്കും ? ഔശീനരൻ=ഉശീനര (കൻഡഹാർ) രാജ്യത്തിലെ രാജാവു്. പത്രിരൂപൻ-പക്ഷിയുടെ വേഷം പൂണ്ടു വന്നവൻ. പ്രാപ്പിടിയന്റെ വേഷത്തിൽ ഇന്ദ്രനും അരിപ്രാവിന്റെ വേഷത്തിൽ അഗ്നിയും വന്നു.

39. മൃതസഞ്ജീവിനിച്ചെടി പടരുന്ന ഉദ്യാനം ഹര്യക്ഷഗഹ്വരം-സിംഹത്തിന്റെ ഗുഹ. ആഖു=എലി. രോഹണം=സിംഹളദ്വീപിലെ ഒരു പർവ്വതം. അവിടെ രത്നനിഷ്പത്തി പ്രസിദ്ധമാണു്. ശിരോവേഷ്ടന പ്രാണായാമം=കൈ തലയ്ക്കു ചുററുമായി കൊണ്ടുപോയി തിരിയെ മൂക്കത്തു കൊണ്ടുവന്നു് അതു പൊത്തിയുള്ള പ്രാണായാമം ; ആവശ്യമില്ലാത്ത ക്ലേശം. ഊരുശോണിതം-തുടയിലുള്ള രക്തം. ജൂത്തി-പനി. വന്ദനവാത്സല്യമാകുന്ന പനിനിമിത്തമുണ്ടായ ദാഹം ദേവേന്ദ്രൻ ശമിപ്പിച്ചതു് എന്റെ ഊരുശോണിതത്താലാണു്. കണ്വന്റെ ശങ്ക അത്തരത്തിലായിരുന്നു. എന്റെ കഴുത്തിലെ രക്തംവേണമെങ്കിൽ അദ്ദേഹത്തിനു കുടിക്കാം. പിന്നെയെന്തിനു വേറെ ദ്രാവകം സംഭരിക്കുന്നു.

Digitized By Kerala Sahitya Akademi

40. രിഷ്ടിവാദം. പരിധി-സീമ. അങ്കം=യുദ്ധം. വെട്ടുക=മരിക്കുക. മണ്ഡലന്മാരായ പാർഷദർ (പരിജനങ്ങൾ.) ആപ്തർ=ശിഷ്ടർ.

41. ഉൽഗതി=ഉയർച്ച. എന്റെ പ്രാണശ്വാസം ആ ആകാശവിമാനത്തെ സ്പർശിക്കുമ്പോൾ അതെന്നെ അങ്ങയുടെ തിരുമുമ്പിലെത്തിക്കും. ആദിത്യലോകം എന്റെ പിതൃസ്വത്താണു്. പോർനിലം ജയലക്ഷ്മി. ആലിങ്ഗനം ചെയ്യുന്നവനു ഭൂമിയും മരിക്കുന്നവനു സ്വർഗ്ഗവും ഓടിഒളിക്കുന്നവനു നരകവും നൽകുന്നു. ചർമ്മം-തോൽ. ശൃംഗം=കൊമ്പു്. ഹൃദയത്തിന്റെ സ്വപ്നശബ്ദം അന്തര്യാമിയായ ഈശ്വരൻ പരാർത്ഥമായി നാം ജീവിക്കണമെന്നു പദേശിക്കുന്നതുപോലെ തോന്നുന്നു.

42. എന്റെ കീർത്തിലതയുടെ തടം നനയ്ക്കുന്നതിനു വേണ്ടിയല്ല ഞാൻ ദാനനീർ ഒഴിക്കുന്നതു് അതു് എന്റെ പരാർത്ഥജീവിതത്തിന്റെ ആനുഷങ്ഗികഫലമാണു്. ഈശ്വരനും കൂടി കീർത്തിയെ അഭിലഷിക്കുന്നു. ഗങ്ഗാപ്രസങ്ഗംകൊണ്ടു് അതിന്റെ വിശുദ്ധി വ്യഞ്ജിക്കുന്നു. ഭൂമിക്കു രത്നഗർഭ എന്ന പേർ കീർത്തിയാകുന്ന വൈരക്കല്ലിനെ പ്രസവിക്കുകനിമിത്തമുണ്ടായി. ആ കീർത്തിയാകുന്ന ഈ ഭൂമിയെ അനന്തമൂർത്തിയായി (ശേഷരൂപനായി എന്നും അനന്തമായ ശരീരത്തോടുകൂടിയതായി എന്നും) താങ്ങുന്നതു്. കാലപ്പഴക്കത്താൽ ആ അമൃതം പുളിക്കുന്നില്ല. ആ കല്പവൃക്ഷപ്പൂമാല വാടുന്നില്ല; ആ പൂർണ്ണ ചന്ദ്രൻ സ്വർഭാനു (രാഹു) വിനാൽ ഗ്രസിക്ക

Digitized By Kerala Sahitya Akademi

പ്പെട്ടന്നില്ല ; കാലത്തിന്റെ ശക്തിയെ കാലനെ ശിവ നെന്നപോലെ നശിപ്പിക്കുന്നു. എനിക്ക് ആ കീൎത്തി കിട്ടിയാൽ അവിടുന്നു മററു ചിലൎക്കു ദാനം ചെയ്തിട്ടുള്ള അക്ഷയപാത്രവും സ്യമന്തകവും കിട്ടിയ ഫലമായി. അക്ഷയപാത്രം നേടിയ യുധിഷ്ഠിരനും സ്യമന്തകം നേടിയ സത്രാജിത്തും കൎണ്ണന്റെ സമകാലികന്മാരായിരുന്നു.

43. പ്രഹ്ലാദപൌത്രൻ=വിരോചനപുത്രനായ മഹാബലി. ഇന്ദ്രാനുജൻ=ഉപേന്ദ്രൻ ; വാമനൻ. ഇന്ദ്രാനുജൻ എന്നു പ്രയോഗിച്ചിരിക്കുന്നതു് ആ കുടുംബക്കാരുടെ തൊഴിൽ ചതിയാണെന്നു കാണിക്കുവാനാണു്. അന്നു തടസ്ഥമായി നിന്നതു ഗ്രഹങ്ങളിൽ വച്ചു ശ്രേഷ്ഠനായ ശുക്രാചാൎയ്യരാണു്. ബാധകൻ=തടുക്കുന്നവൻ. പ്രകാണ്ഡം=ശ്രേഷ്ഠവസ്തു. ജ്യോതിഷ്പ്രകാണ്ഡം=ഉത്തമ ജ്യോതിസ്സ്. വൈരോചനാദിത്യന്മാർ=വിരോചനപുത്രനായ മഹാബലിയും അദിതിപുത്രനായ വാമനനും. ഇവിടെയും വിരോചന (സൂൎയ്യ) പുത്രനായ കൎണ്ണനും അദിതിപുത്രനായ ദേവേന്ദ്രനും തമ്മിലാണു് മത്സരക്രീഡയുണ്ടാകുവാൻ പോകുന്നതു്. ആക്കാലത്തു് മഹാബലി സ്വൎഗ്ഗാധിപതിയായിരുന്നു. സ്വൎഗ്ഗവും ഭൂമിയും വാമനൻ അപഹരിച്ചു. മൂന്നാമത്തെ പാദം ബലിയുടെ ശിരസ്സിൽ വച്ചപ്പോൾ പുതിയ ഒരു സ്വൎഗ്ഗാധിപതിയായി താൻ തീൎന്നപോലെ ബലിക്കു് അനുഭവമുണ്ടായി. ബലി താണുപോയ പാതാളം ധൎമ്മഗൌരവത്താൽ സ്വൎഗ്ഗത്തോളം പൊങ്ങി.

44. മൎത്ത്യമലോകം=ഭൂമി. അടുത്ത കല്പത്തിൽ മഹാബലി ഇന്ദ്രനാകുമെന്നു പൌരാണികവചനം. ഇന്നു്

Digitized By Kerala Sahitya Akademi

അദ്ദേഹം കീർത്തികൊണ്ടു ശക്രന്മാക്ക് ശക്രനാണു്. അദ്ദേഹത്തിനു് ഏതു തോൽവി ? ധനഞ്ജയനായ അർജ്ജുനനാണു് വാസ്തവത്തിൽ എന്നോടു യാചിക്കുന്നതു്; ദേവേന്ദ്രനല്ല. എന്റെ ധനഞ്ജയനായ അർജ്ജുനൻ എനിക്കു ദാനം ചെയ്യാൻ ഒരു ഉത്തമപാത്രം സമ്പാദിച്ചു തന്നു; അല്ലെങ്കിൽത്തന്നെ എന്നോടു യാചിക്കാമല്ലോ. ഉത്തമർണ്ണൻ=കടം തന്നവൻ.

45. വാർദ്ധി=സമുദ്രം. രുക്മാംഗദന്റെ വ്രതം മോഹിനി ഭഞ്ജിച്ചതുപോലെ സുയോധനന്റെ മൈത്രി എന്റെ ദാനവ്രതത്തെ ഭഞ്ജിക്കുകയില്ല. എന്റെ കവചകുണ്ഡലങ്ങൾ യുദ്ധത്തിൽ അദ്ദേഹത്തിനു് ഉപകരിച്ചാലും അവയെ ദാനം ചെയ്യരുതെന്നു് അദ്ദേഹം ശഠിക്കുന്നതല്ലെന്നു താല്പര്യം. ഒടുവിൽ കല്പസിന്ധു (പ്രളയസമുദ്രം; ഇവിടെ സിന്ധുവിനെ ഒരു ഭയങ്കരമായ നദിയായി കല്പിച്ചിരിക്കുന്നു)വിൽ മുങ്ങണം. അതിനിടയ്ക്കു് എന്റെ ദാനമെന്നു പറയുന്ന മോക്ഷപ്രദമായ ഗംഗയിൽത്തന്നെ ഞാൻ വീണാൽ എന്റെ ദേഹം എന്റെ കീർത്തിപുണ്ഡരീകം ചൂടുന്നതിനു് ദോഹദമായിത്തീരും. മർത്ത്യൻ=മരണധർമ്മാവായ മനുഷ്യൻ. വൃദ്ധശ്രവസ്സ്=ദേവേന്ദ്രൻ; (ശതക്രതുവിന്റെ വൃദ്ധമായ ചെവിയെന്നും) മാർഗ്ഗണരോധകം=ശത്രുവിന്റെ അമ്പുകളെ തടുക്കുന്നതു്, മാർഗ്ഗണപാണി=യാചകന്റെ കൈ.

46. ആവേദനംചെയ്യുക=അറിയിക്കുക. അങ്ങേയ്ക്കു ഞാൻ ഭിക്ഷ തരണമെന്നുണ്ടെങ്കിൽ അതെന്റെ പ്രാണനാലാണു്; അപ്പോൾ ദേവേന്ദ്രൻ കൃതാർത്ഥനാകുമല്ലോ.

Digitized By Kerala Sahitya Akademi

തമോവല്ലി=കർണ്ണന്റെ ശരീരം. എന്റെ കണ്ഠരക്തം എന്റെ ദേഹത്തിൽ പുരളും. ഈ ബാലനു മിത്രമായ രക്തത്തിന്റെ രശ്മി. തമസ്സ് (ഇരുട്ട്) ബാലാർക്കന്റെ രക്തകിരണങ്ങളാൽ ദീപ്തമാകേണ്ട സമയമാണല്ലൊ അത്. ഉച്ചൈശ്ശ്രവസ്സ്=ഇന്ദ്രന്റെ കുതിര. അതിന് ഒരു കൂർമ്മത്തിന്റെ മന്ദഗതി വന്നുപോയെന്ന് അക്ഷമനായ കർണ്ണനു തോന്നുന്നു. ഹവ്യവാഹനായ അഗ്നി എന്റെ ചിതാവേദിയിൽ ഞാൻ അർപ്പിക്കുന്ന കഞ്ചുക കുണ്ഡലങ്ങളാകുന്ന ഹവിസ്സുകൾ ക്രതുഭുക്കുകൾക്കു രാജാവായ ഇന്ദ്രനു കൊണ്ടുചെന്നു കൊടുക്കട്ടെ.

47. പ്രഖ്യാതിവിത്തൻ=പ്രഖ്യാതിയാകുന്ന ധനത്തോടു കൂടിയവൻ. വൈരോചനൻ=മഹാബലിയെന്നും എന്റെ സാക്ഷാൽ പുത്രനെന്നും. പുത്രി=പുത്രവാൻ. വർച്ചസ്സ്=പ്രകാശം. പാംസു=പൂഴി. നീ ഒരു കണക്കിനു പാപിയാണെങ്കിലും മറെറാരു കണക്കിനു ശിവനെപ്പോലെ വിശുദ്ധനാണ്. ആദിത്യബിംബത്തിലും കളങ്കമുണ്ടെന്നു ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ഈ കുണ്ഡലദാനകഥ ലോകം കർണ്ണഭൂഷണം പോലെ ചെവിക്കൊള്ളും. ഈ കഞ്ചുകദാനകഥ ലോകത്തിനു രോമാഞ്ചത്തെ ഉല്പാദിപ്പിക്കും.

48. സുമനസ്സുകൾ=പുഷ്പങ്ങൾ (ദേവന്മാരെന്നും) ആ സുമനസ്സുകൾ ഭൂമിയിലേയ്ക്കു വരുന്ന ദേവേന്ദ്രനു മുന്നകമ്പടിക്കാരായിരിക്കും; അല്ലെങ്കിൽ ദാനശൗണ്ഡങ്ങളായ കല്പവൃക്ഷങ്ങൾ ആ ദാതാവിനു പുഷ്പാഞ്ജലി

Digitized By Kerala Sahitya Akademi

ചെയ്യുന്നതായിരിക്കുമെന്നു് ഉൽപ്രേക്ഷ. ദിനകാൎയ്യാതിപാതം=ദിനകൃത്യത്തിന്ന നേരിട്ട താമസം. ചിത്രഭാനു (സൂൎയ്യൻ) ചിത്രസ്ഥനായ ഭാനുവെപോലെ ആയിത്തീരുകയാൽ അനാഥനാമാവു്. നക്ഷത്രങ്ങളാകുന്ന (ഗ്രാമികർ) ഗാട്ടുകാർ തങ്ങൾക്കു ഗാട്ടു മാറുവാനുള്ള സമയമാകയാലാണു് അക്ഷമ. അന്യായമായ വരുന്നന വേറെയും ഏതെങ്കിലും അങ്ഗവൈകല്യം വരികയോ, അദ്ദേഹത്തിന്റെ ഹരിദശ്വങ്ങൾ പങ്ഗുക്കളാകയോ ? സൂൎയ്യൻ സമയനിഷ്ഠയുള്ളവരിൽ മുമ്പനാണല്ലോ. അഥവാ സൂൎയ്യൻ പുത്രനെ (യമനെ) ത്തന്നെ കാണ്മാൻ പോയോ ; സിദ്ധികൂടിയോ എന്നു സാരം. അദ്ദേഹത്തിന്റെ നിദ്ര ജാഗരമില്ലാത്തതായി കാണുന്നുവല്ലോ.

49. പത്രികൾ=പക്ഷികൾ. രുതം=ശബ്ദം. പതങ്ഗൻ(സൂൎയ്യൻ)വരാഞ്ഞാൽ പതങ്ഗങ്ങൾ പക്ഷികൾ)ക്കു് അതു സങ്കടമാണു്. ഒരു പക്ഷിയെക്കാണാഞ്ഞാൽ മററു പക്ഷികൾ ആക്രന്ദനം ചെയ്യുന്നതു സഹജമാണല്ലോ. സൂൎയ്യൻ കേൾക്കത്തക്കവണ്ണം കോഴി കൂകുന്നു. ഇവിടെ പുത്രനെക്കാണ്മാൻ സൂൎയ്യൻ വന്നിരിക്കയാണു ; കുക്കുടശബ്ദം കേൾക്കുകയും ചെയ്യാം. അച്ഛൻ (പിതാവു്) മമതാമാലിന്യം മാറിയവൻ. പിന്നെയും പിന്നോട്ടു കണ്ണോടിച്ചിരുന്നു.

Digitized By Kerala Sahitya Akademi

# അനുബന്ധം

## കർണ്ണഭൂഷണം

## ഭാരതത്തിലെ കണ്ണൻ

ഏത്ര പരിചയമില്ലാത്ത നോട്ടക്കാരൻ നോക്കിയാലും അതിൻെറ നീരോട്ടത്തെ കാണാതിരിക്കാൻ തരമില്ല; ഏതു് ഉരകല്ലിൽ ഏത്ര മുഢവായി ഉരച്ചാലും അതിൻെറ മാററു് പത്തരയാണു്; ഏത്ര വായിച്ചാലും അതു് ഒരിക്കൽ കൂടി വായിക്കാം; ഏത്ര പരിശോധിച്ചു കഴിഞ്ഞാലും, അതിൽ ഒരു ഭംഗികൂടി കാണ്മാനുണ്ടായിരിക്കും. "അതു്" കൈരളിയുടെ കർണ്ണപുണ്യമാണു്, ഉള്ളൂരിന്റെ കർണ്ണഭൂഷണമാണു്.

അതിലെ അലങ്കാരങ്ങളുടെ എണ്ണമോ, വിലയോ കണക്കാക്കിയവരില്ല. മറെറാരു കവിതാംഗന ഇത്രയും ആഭരണങ്ങളുടെ ഭാരത്തിലകപ്പെട്ടു് നിലംപതിച്ചുപോകും. പക്ഷെ ഉള്ളൂരിൻെറ കവിത കൃശയല്ല, ബാലയല്ല, അബലയുമല്ല; അവൾ "പൃഥുജഘന"യും "ഉത്തുംഗസ്തനവിലാസിനി"യും ആരോഗ്യത്തിൻെറ കേളീരംഗവുമായ ഒരു ജഗന്മോഹിനിയാണു്. ആ കമ്മലും, മൂക്കുത്തിയും, പതക്കവും, മാലകളും, കങ്കണങ്ങളും, മോതിരങ്ങളും, കാഞ്ചിയും, നൂപുരവും—എല്ലാം അവൾക്കു ചേരും. അവൾ അലങ്കാരരഹിതയായിരുന്നുവെങ്കിൽ തന്നെ അനവദ്യയായിരിക്കുമായിരുന്നു; ഇപ്പോഴത്തെ നിലയ്ക്കു് അവൾ ആഭരണങ്ങളുടെ ആഭരണമാണു്.

---

മാതൃഭൂമി പ്രസിദ്ധീകരണശാല ഹാരാദാടെ അനുവാദത്തോടുകൂടി.

Digitized By Kerala Sahitya Akademi

ഏതു വരികളാണു് ഉദ്ധരിക്കേണ്ടതു്? ഏതു വരികളാണു് വിട്ടുകളയേണ്ടതു്? എന്നുള്ളതാണു് കർണ്ണഭൂഷണത്തിന്റെ ഗുണഗണങ്ങളെക്കുറിച്ചു എഴുതുവാൻ ഉദ്യമിക്കുന്ന ആളുടെ വഴിയിൽ ആദ്യം പൊങ്ങിവരുന്ന വിഷമപ്രശ്നം.

"ആ രാത്രി ചേരാറായ്സന്ധ്യാശ്രീയോടു
സൂരജ വിണ്ണാറോടെന്നപോലെ"

എന്ന രീതിയിൽ പുതിയ അച്ചിൽ വാർത്ത പഴയ അലങ്കാരങ്ങളും,

"വെണ്മതിക്കുള്ള കറുപ്പല്ലതെന്നാകിൽ—
കണ്മണിക്കുള്ളൊരു വെണ്മയാട്ടെ"

എന്ന മട്ടിൽ പഴയ അച്ചിൽ വാർത്ത പുതിയ അലങ്കാരങ്ങളും,

"പ്രസ്പഷ്ടമൊന്നുണ്ടന്യക്കായ് ജീവിപ്പാൻ
ഏൽസ്പന്ദവ്യാജത്താലന്ത്യാമി"

എന്നോ

"ഇക്കർണ്ണം കൈവിടും കുണ്ഡലം ലോകത്തിൻ
നൽക്കർണ്ണഭൂഷണമായ് ലസിക്കും,
ഈമാറു കൈവിടും കഞ്ചുകം ലോകത്തിൻ
രോമാഞ്ചകഞ്ചുകമായ് വിളങ്ങും"

എന്നോ ഉള്ള സംപ്രദായത്തിൽ പുതിയ വാർപ്പിലുള്ള പുത്തൻ അലങ്കാരങ്ങളും കർണ്ണഭൂഷണത്തിൽ എത്രയെങ്കിലും കാണാം.

പക്ഷെ അലങ്കാരവൈചിത്ര്യംകൊണ്ടല്ല ഉള്ളൂർ കർണ്ണഭൂഷണത്തിൽ മെച്ചം നേടുന്നതു്. ആകാശത്തിൽ

Digitized By Kerala Sahitya Akademi

നിന്നുള്ള ഒരൊററ മഴത്തുള്ളിയുടെ വീഴ്ചയെ ഉല്ലേഖ കല്ലോലമാലിയായ ഒരു ഖണ്ഡകാവ്യത്തിലൂടെ "നയാഗറാ" നിർഝരത്തിൻെറ നിപതനംപോലെ പ്രതിധ്വനിപ്പിച്ച ഒരു കവി സാമ്രാട്ടിന്ന്, ഭാരതകഥാപാത്രങ്ങളുടെ ഇടയിൽ ഒരു വൻവേഷക്കാരൻെറ ചരിത്രം ഇതിവൃത്തമായി കിട്ടിയാലുള്ള കഥ സഹൃദയന്മാക്ക് ഊഹ്യമായിരിക്കുമല്ലൊ. ഉള്ളൂരിൻെറ വാക്കുകളിൽതന്നെ പറയുകയാണെങ്കിൽ,

"പങ്കത്തിൽ നില്പതാം പാഴ്മലർമൊട്ടിന്നും
തങ്കരത്താലോലം നൽകീടുമന്നോൻ,
പുണ്യനാംപുത്രനെപ്പുൽകവാൻപോകുമ്പോ–
ളിന്നമട്ടോക്കെയൊാമെന്നതില്ലേ ?

പാപനോടു ചേർന്ന ശുഭൻ പാപൻതന്നെയെന്നും, ജന്തുക്കളിൽ പുരാകൃതങ്ങളായ കർമ്മങ്ങളുടെ വിപാകം വിഷമമായിത്തന്നെ ഭവിക്കുന്നുവെന്നും ഗുണാതീതമായ പരതത്വത്തിൽനിന്ന് പരാങ്മുഖനായിത്രൈഗുണ്യവിഷയകമായ ധർമ്മപദ്ധതിയെ അവലംബിക്കുന്നവൻ മൃത്യുസംസാരവാർദ്ധിയിൽത്തന്നെ വീണ്ടുംവീണ്ടും പതിക്കുമെന്നും മററുമുള്ള ലൗകിക ന്യായങ്ങളേയും ആദ്ധ്യാത്മിക രഹസ്യങ്ങളേയും ഭംഗ്യന്തരേണ പ്രതിപാദിക്കുകയെന്നതു് പ്രധാനോദ്ദേശമായി കല്പിച്ചിരുന്ന ഇതിഹാസകർത്താക്കന്മാർ ഉപയോഗിച്ചിട്ടുള്ള വിശേഷണപദങ്ങളാൽ വഞ്ചിതന്മാരായി, കർണ്ണനെ സാധാരണന്മാരുടെ ഇടയിലുംകൂടി എണ്ണുവാൻ പാടില്ലാത്ത ഒരു നീചപാത്രമായി കരുതുന്നവരുടെ കണ്ണിനുമുൻപാകെ പ്രാചീന

Digitized By Kerala Sahitya Akademi

കാവ്യകൃത്തുകളുടെ അനുവാദപരിധിയെ അണുപോലും അതിലംഘിക്കാതെ, ഭാരതകഥയിൽ ഉത്തമന്മാരെന്ന് എണ്ണപ്പെടുന്ന പാത്രങ്ങളേക്കാൾ പല വിഷയത്തിലും പൂജ്യനാണ് കർണ്ണനെന്നുള്ള തത്വത്തെ വിശദമാക്കുകയാണ് മഹാകവി ഉള്ളൂർ ഈ ഖണ്ഡകാവ്യംകൊണ്ടു് നിർവഹിച്ചിരിക്കുന്ന ഉത്കൃഷ്ടോദ്ദേശ്യം. ഒരാളുടെ സ്വഭാവത്തെക്കുറിച്ചോ ഇതരഗുണങ്ങളെക്കുറിച്ചോ ചിലരുടെ മനസ്സിൽ അജ്ഞതകൊണ്ടോ അസൂയകൊണ്ടോ മാത്സര്യജന്യമായ പക്ഷപാതിത്വംകൊണ്ടോ വേരൂന്നിപ്പിടിച്ചുപോയിട്ടുള്ള അബദ്ധധാരണയെ നീക്കുന്നതു് ഒരെളുപ്പമായ പണിയാണെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അവരെ ഈ വിഷയത്തിൽ ഒന്നു പരിശ്രമിച്ചുനോക്കുവാൻ ക്ഷണിക്കുകയേ വേണ്ടു.

"മാധുര്യം മധുബിന്ദുനാരചയിതും
ക്ഷാരാംബുധേരീഹതേ
മൂർഖാന്യപ്രതി നേതുമിച്ഛതി ബലാൽ
സൂക്തൈസ്സുധാസ്യന്ദിഭിഃ"

എന്നുള്ള ഭർതൃഹരിവാക്യത്തിന്റെ പാരമാർത്ഥ്യം അപ്പോഴാണ് വെളിപ്പെടുക.

ഉള്ളൂർ നിർദ്ദേശിച്ച കാവ്യപദ്ധതിയെ അനുസരിക്കുകയാണെന്നുള്ള മിഥ്യാഭ്രമംകൊണ്ടു് കർണ്ണഭൂഷണത്തിന്റെ ആവിർഭാവത്തിനുശേഷം ചില പദ്യകാരന്മാർ രാവണാദികളായ ചില പാത്രങ്ങളേയും ഉത്തമന്മാരാണെന്നു തെളിയിക്കുവാൻ ശ്രമിച്ചതായി ഈ ലേഖകനറിയാം. തത്വമറിയാതെയുള്ള ഗതാനുഗതികത്വത്തിനു

Digitized By Kerala Sahitya Akademi

കവാടനിരോധനമില്ലല്ലൊ. ഉള്ളൂരിന്റെ അനന്യലബ്ധമായ പ്രതിഭയുടെ ശശ്വൽസാക്ഷികളെന്നപോലെ കർണ്ണഭൂഷണത്തിൽ സാർവ്വത്രികമായി പരിലസിക്കുന്ന ആശയങ്ങളും, യുക്തികളും, അനുമാനങ്ങളും, സമർത്ഥനങ്ങളും ആ മഹാകവിയുടേതുതന്നെയെങ്കിലും അവയൊരോന്നും ഭാരതകഥയിലെ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവയാണെന്ന് ഈ നീചപാത്രങ്ങളുടെ പുതിയ വക്കീലന്മാർ ഓർക്കാത്തതു് സാഹസംതന്നെ.

കർണ്ണന്റെ വിനയാദിഗുണങ്ങൾ ഭാരതത്തിൽ പലേടത്തും പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

"വമ്പനാം കർണ്ണനോടാശു സുയോധന-
നമ്പോടു സേനാപതിയാക നീയെന്നാൻ
കർണ്ണനും മന്ദസ്മിതംചെയ്തുചൊല്ലിനാൻ
കർണ്ണസുഖം ഞാൻ പറകയല്ലാരോടും
ദ്രോണനാമാചാര്യൻ താനിരിക്കെയെന്തു
മാനിച്ചുമററുള്ളോർനിർത്തുന്നിതുപട ? "

തന്റെ ബാല്യംമുതൽക്കേയുള്ള വൈരിയായ അർജ്ജുനനെക്കുറിച്ച് ഒടുക്കത്തെ യുദ്ധത്തിന് പുറപ്പെട്ടുപോകുമ്പോൾ ആ മഹാമനസ്കൻ പറയുന്നതു് നോക്കുക :—

"ചെറുതുപുഞ്ചിരികലരുന്ന കർണ്ണനും
നരവരനോടു പറഞ്ഞാനന്നേരം.
അറിയുന്നീലയോ വിജയൻ തന്നുടെ
ചരിതമെല്ലാമേ നിരൂപിച്ചു കാൺക
മണിമയമായ മകുടം നൽകിയി-
ത്തമരകുലവരനവനുടെ ശംഖും ;

Digitized By Kerala Sahitya Akademi

കൊടിയടയാളം കൊടിയമാരുതി;
പരുത്തഖാണ്ഡവം ദഹിപ്പിച്ച മൂല-
മുരത്തഗാണ്ഡിവം കൊട്ടത്തിതങ്ങിയും;
ശരമൊടുങ്ങാത്ത ശരധിയുമുണ്ടു;
മൂധനീശൻ പശുപതിജഗന്നാഥൻ
കൊടുത്തൊരു പാശുപാതവുമുണ്ടല്ലൊ;
ഹരിജഗന്നാഥൻ പരൻ നാരായണ-
നരികിലുണ്ടല്ലൊ തുണയായെപ്പൊഴും;
വിജയനെന്നുപേരവനാകുന്നതു
ജയമെല്ലാംകൊണ്ടുമവനൊവന്നിട്ടു"

യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ കർണ്ണന്റെ തേരുകരം ഭൂമിയിൽ താണുപോയപ്പോൾ പ്രാചീനകവി പറയുന്നതു നോക്കുക:—

"ജഗതിദാനശീലരിൽ മുൻപുള്ളവൻ
ജനമനോഹരൻ വിമലനംഗേശൻ
നിരൂപിച്ചു വിധിബലമിതെന്നതും
വരുമിപ്പോൾമമ മരണമെന്നതും"

ഇത്രമേൽ ഗുണവാനായ കർണ്ണൻ എന്തിനാണു് ദുര്യോധനപക്ഷപാതിയായിത്തീർന്നതു്? നാരായണന്റെ പിൻബലത്തോടുകൂടി നേക്കുന്ന നരനോടെതിരിടുന്നതു് മരണത്തിൽ മാത്രമേ അവസാനിക്കുകയുള്ളുവെന്നു് തീർച്ചപ്പെടുത്തിയ കർണ്ണൻ പാണ്ഡവപക്ഷത്തിൽ ചേരാതിരുന്നതു് ധാർത്തരാഷ്ട്രന്മാരുടെ ദോഷങ്ങളോടു സഹാനുഭൂതി അദ്ദേഹത്തിനു് ഉണ്ടായിരുന്നതുകൊണ്ടാണോ?

Digitized By Kerala Sahitya Akademi

ഈ ചോദ്യങ്ങൾക്കൊണ്ടു് ഉള്ളൂർ കണ്ണഭൂഷണത്തിൽ ഈ വിഷയത്തെക്കുറിച്ചു് വീണ്ടും പൂർവ്വപക്ഷമുണ്ടാകാതിരിക്കത്തക്കവിധത്തിൽ മറുപടി പറയുന്നതു്.

അതിലെ ആന്തരതത്വം

പാണ്ഡവന്മാരും കൗരവന്മാരും ചിരകാലത്തെ ചില്ലറ കലഹങ്ങൾക്കശേഷം ഒരു മഹായുദ്ധത്തിൽതന്നെ തങ്ങളുടെ അവകാശങ്ങളെ തീർച്ചപ്പെടുത്തേണമെന്നു കരുതി, മൃത്യുവിന്റെ ഇപ്പുറത്തു പരസ്പരം യോജിക്കുവാനിടയില്ലാത്ത വിധത്തിൽ അകന്നു നില്ക്കുന്നു.

തങ്ങൾ ഏതുഭാഗത്തു നിന്നാലും ജയം പാണ്ഡവന്മാർക്കുതന്നെയാണുണ്ടാവുക എന്നുള്ള ദൃഢവിശ്വാസത്തോടുകൂടിയവരും, കേവലം നിസ്സംഗികളായതിനാൽ കർമ്മത്തെ സംബന്ധിച്ചിടത്തോളം പാപലേശസ്പർശമില്ലാത്തവരുമായ ദ്രോണൻ, ഭീഷ്മർ മുതലായ ആചാര്യന്മാർ തങ്ങളുടെ ബുദ്ധിയെ പരമാത്മാവിങ്കലും, ഇന്ദ്രിയവ്യാപാരങ്ങളെ കൗരവന്മാരിലും സമർപ്പിച്ചു് ധൃതരാഷ്ട്രസുതന്മാരെ ദേഹംകൊണ്ടു സഹായിക്കാമെന്നു് ഏററിരിക്കുന്നു. ഈ ആചാര്യന്മാരുടെ പ്രവൃത്തി തന്റെ ഒൻപതുകോടി പടയെ ദുര്യോധനന്നും, നിരായുധമായ സാരഥ്യത്തെ അർജ്ജുനന്നും ദാനം ചെയ്ത അവതാരപുരുഷന്റെ പ്രവൃത്തിയിൽനിന്നു ഭിന്നമായിരുന്നില്ലെന്നു് വിചാരപടുക്കൾക്കു് അറിയുവാൻ കഴിയുന്നതാണു്. ശകുനിയും ദുശ്ശാസനപ്രമുഖന്മാരായ ധാർത്തരാഷ്ട്രന്മാരും ദുര്യോധനപക്ഷത്തിൽ ചേർന്നതു് ധർമ്മവിദ്വേഷവും അധർമ്മപ്രതിപത്തിയുംകൊണ്ടുതന്നെ.

Digitized By Kerala Sahitya Akademi

കർണ്ണനോ? ഭീഷ്മദ്രോണാദികൾ അറിഞ്ഞിരുന്ന തത്വം അദ്ദേഹവും അറിഞ്ഞിരുന്നു. ബ്രഹ്മാണ്ഡമഹാരഥത്തിന്റെ തട്ടിൽ കാലാൾപങ്ങളുടെ കടിഞ്ഞാൺപിടിച്ചിരിക്കുന്ന കയ്യാണു് അർജ്ജുനാശ്വങ്ങളേയും നടത്തുന്നതെന്നു കർണ്ണൻ മനസ്സിലാക്കിയതായി നല്ലവണ്ണം തെളിയുന്നുണ്ടു്. പക്ഷെ ഭീഷ്മരുടെ ജ്ഞാനയോഗം കർണ്ണനു കിട്ടിക്കഴിഞ്ഞിട്ടില്ല. ജീവാത്മാവിനു് ബ്രഹ്മൈക്യം സിദ്ധിക്കാതിരുന്നതിനാൽ "നായം ഹന്തിനഹന്യതേ" എന്ന ഗീതയുടെ പരമതത്വം അദ്ദേഹത്തെ പാപമുക്തനാക്കുവാൻ പര്യാപ്തവുമായിരുന്നില്ല. ഈ വസ്തുത ഉള്ളുരിൻെറ കർണ്ണൻ പ്രസ്ഫുടമായി മനസ്സിലാക്കിയിട്ടുണ്ടായിരുന്നു.

"മൽപ്രാണബന്ധുവിന്നക്രീതദാസൻ ഞാൻ
തൽപാപഭാഗിതാൻ തക്കമില്ല ;"

എന്നു ഭീഷ്മരോ ദ്രോണരോ പറയുവാനിടയില്ലാത്ത രണ്ടു വരികൾ മഹാകവി കർണ്ണനെക്കൊണ്ടു പറയിക്കുന്നതിൽ നിന്നു് ഈ സംഗതി വിശദമാകുന്നുണ്ടു്.

"ജീവിതത്രാസിലെ പങ്കത്തട്ടൊന്നെനി-
ക്കാവിധം താഴുന്നു പങ്കപൂർണ്ണം"

എന്നു മടിയില്ലാതെ ഭയമില്ലാതെ കർണ്ണൻ സമ്മതിക്കുകയും.

"ആമ്മട്ടുമായതു വീഴാതെ്വാൻദാനത്തെ
ഞാൻ മറേറത്തട്ടിലിട്ടൊപ്പിക്കുന്നു"

എന്നു സമാധാനിക്കുകയും ചെയ്യുന്നുണ്ടു്. ദുര്യോധനപക്ഷപാതിത്വത്തിൻെറ പാപം ജ്ഞാനംകൊണ്ടു് ആചാര്യന്മാരും ദാനംകൊണ്ടു കർണ്ണനും നിർദ്ധൂത

Digitized By Kerala Sahitya Akademi

മാക്കുവാൻ ശ്രമിക്കുന്നു. കർണ്ണന്റെ ദാനനിഷ്ഠ സർവ്വോത്കൃഷ്ടമായ ആത്മത്യാഗത്തിൽ—തന്റെ ആയുസ്സിനെ നിലനിറുത്തുന്ന കുണ്ഡലകവചങ്ങളുടെ ദാനത്തിൽ കലാശിക്കുന്നു. ഈ ത്യാഗാഗ്നിയിൽ കർണ്ണന്റെ പാപം ദഹിക്കയും ചെയ്യുന്നു.

കർണ്ണഭൂഷണത്തിന്റെ അടിത്തട്ടിലമർന്നു കിടക്കുന്ന നിഗൂഢതത്വത്തെയാണു് ഞാൻ മേലെഴുതിയ ഖണ്ഡികയിൽ വിശദീകരിക്കുവാൻ ഉദ്യമിച്ചിട്ടുള്ളതു്. ഈ ഉദ്ദേശം സഫലമായിട്ടുണ്ടെന്നു ഞാൻ അഭിമാനിക്കുന്നില്ല; അതിന്നനുസരിച്ചു് വാഗ്വൈഭവമുള്ളവർക്കു് അതിനിയും ചെയ്യാമല്ലോ എന്നു് സമാധാനിക്കുകമാത്രമേ ചെയ്യുന്നുള്ളു.

ഈ തത്വത്തെ കർണ്ണനും അദ്ദേഹത്തിന്റെ താതനായ ആദിത്യനും തമ്മിൽ നടന്നതായി വർണ്ണിക്കപ്പെട്ടിരിക്കുന്ന വാദപ്രതിവാദത്തിൽ കൂടിയാണു് കവി വെളിപ്പെടുത്തുന്നതു്.

സൂര്യനും കർണ്ണനും തമ്മിലുള്ള ഈ സമാഗമം ഭാരതയുദ്ധം അത്യാസന്നമായിരുന്നപ്പോളാണു് നടന്നതു്. ഈ സമാഗമത്തിനുമുൻപു് സൂര്യനാണു് തന്റെ പിതാവെന്നുള്ള വസ്തുത കർണ്ണൻ അറിഞ്ഞിട്ടില്ലായിരുന്നുവെന്നാണു് കവി സങ്കല്പിക്കുന്നതു്. പ്രസ്തുത സങ്കല്പത്തിനു ഭാരതകഥയുടെ അനുവാദം എത്രത്തോളമുണ്ടെന്നു മൂലഗ്രന്ഥം സശ്രദ്ധം വായിച്ചിട്ടുള്ളവർക്കു മാത്രമേ പറയുവാൻ കഴിയുകയുള്ളു. അഥവാ ഇതു് കവിയുടെ സങ്കല്പം മാത്രമായിരുന്നാലും, കഥയുടെ ചമല്ക്കാരത്തിനുവേണ്ടി കാളിദാസൻകൂടി സ്വീകരിച്ചിട്ടുള്ളതുപോലെയുള്ള ഒരു സ്വാ

Digitized By Kerala Sahitya Akademi

തന്ത്ര്യം മാത്രമേ ഉള്ളൂ എന്നും ഈ വിഷയത്തിൽ സ്വീക രിച്ചിട്ടുള്ളൂവെന്നു് സമാധാനിക്കാവുന്നതാണു്.

കുണ്ഡലകവചധാരിയായ കർണ്ണനോടു് പോർക്കള ത്തിൽ എതിരിടുന്നതു് തൻെറ മകനായ അർജ്ജുനൻെറ പരാജയത്തിലാണു് കലാശിക്കുകയെന്നു് ദേവേന്ദ്രനറി യാം. എന്തു ചെയ്തെങ്കിലും കർണ്ണൻെറ ഈ ദിവ്യഭൂഷ കരം കരസ്ഥമാക്കണമെന്നു് ആ അഹല്യാജാരൻ തീർച്ച പ്പെടുത്തുന്നു. ആരെന്തു ചോദിച്ചാലും പൂർണ്ണമനസ്സോടു കൂടി ദാനംചെയ്യുന്ന കർണ്ണൻെറ സ്വഭാവം—ആ കോട്ട മതിലിലെ കൊച്ചുരന്ധ്രം—സഹസ്രാക്ഷൻ കണ്ടു മന സ്സിലാക്കുകയും ബ്രാഹ്മണവേഷധാരിയായി കർണ്ണനോടു കുണ്ഡലകവചങ്ങരം ഇരന്നുവാങ്ങുവാൻ ഉദ്യമിക്കുകയും ചെയ്യുന്നു. ഇന്ദ്രനല്ല, ആരുതന്നെ ആവശ്യപ്പെട്ടാലും കർണ്ണൻ ഈ ദാനം ചെയ്യുമെന്നും, അതിൻെറ കലാശം ദാതാവിൻെറ മരണമാണെന്നും കണ്ടറിഞ്ഞ "ജഗച്ചക്ഷു സ്സെങ്കിലും ആത്മജവാത്സല്യചാപലാന്ധനായ ആദി ത്യൻ തൻെറ മകൻ മൃത്യുവക്ത്രത്തിൽ പതിക്കുന്നതു് മുട ക്കുവാൻവേണ്ടി, ഒരു ദിവസം ഉദയത്തിനുമുമ്പു്, നരാകൃതി കൈക്കൊണ്ടു് കർണ്ണൻെറ ശയനമുറിയിൽ പ്രവേശി ക്കുന്നു. ഇതാണു് കഥയുടെ ആരംഭം.

കഥാനുഗമനം.

"അങ്ങുള്ളിലാരൊരാരം പോവതു ലോകത്തിൻ
ജംഗമചൈതന്യമെന്നപോലെ ?
സൗവർണ്ണശൈലത്തിൻ സാരമോ? തൃക്കയ്യിൽ
ഗോവിന്ദനേന്തും സുദർശനമോ ? "

Digitized By Kerala Sahitya Akademi

എന്നാണു് മഹാകവി കർണ്ണാന്തികത്തിലേക്കു പോകുന്ന ആദിത്യനെപ്പററി ചോദിക്കുന്നതു്.

തന്റെ ദിവ്യാതിഥിയുടെ ആഗമനോദ്ദേശം ഇന്നതായിരിക്കണമെന്നു ബഹിരുപാധികളെ ആശ്രയിക്കാത്ത മനസ്സിന്റെ ഒരാന്തരപ്രവൃത്തിയുടെ പ്രേരണകൊണ്ടറിഞ്ഞതുപോലെയാണു് കർണ്ണൻ ആദ്യമായിത്തന്നെ അദ്ദേഹത്തോടു സംസാരിച്ചു തുടങ്ങുന്നതു്.

"ധർമ്മാധർമ്മാവെത്രയോ സൂക്ഷ്മത്തിൽ സൂക്ഷ്മമെ-
ന്നമ്മഹായോഗീന്ദ്രരോതീടുന്നു ;
ഏതുമതെന്തെന്നുകണ്ടവനല്ല ഞാൻ-
പാതകകാപഥമാത്രപാന്ഥൻ ;
എങ്കിലുമുണ്ടൊരു ഭേഷജൻ കയ്യി-
ലെൻഗദങ്ങൾക്കെല്ലാമൊററമൂലി
ഏവനെന്തെങ്ങെപ്പോളെന്നോടു നേന്നാലും
ജീവനതല്ലതിൻ മേലെന്നാലും
ഞാനവന്നേകമതപ്പോൾ ; എൻ പങ്കമ-
ദ്ദാനഗംഗാംബുവാൽ ധൗതമാകും."

ഇത്രയും സംഗതികൾ ഒരുപക്ഷെ, ഇത്രതന്നെ ചമല്ക്കാരത്തോടുകൂടി, പലക്കും പറയുവാൻ കഴിയുന്നതായിരിക്കും. എന്നാൽ ഇതിന്നപ്പുറത്തുള്ള

"കൂടിക്കിടപ്പുണ്ടിന്നന്മയൊന്നെന്നിൽ
കോടക്കാർകൊണ്ടലിൽ മിന്നൽപോലെ."

എന്നു രണ്ടു വരികൾ ഒരു മഹാകവിയുടെ തൂലികയ്ക്കുമാത്രമേ എഴുതുവാൻ സാധിക്കുകയുള്ളൂ. കർണ്ണന്റെ

Digitized By Kerala Sahitya Akademi

ഭാഷണത്തെ മുഴുവൻ,മിന്നൽപ്പിണർകൊണ്ടെന്നപോലെ തന്നെ, ദ്യോതിപ്പിക്കുന്ന ഒരുപമയാണത്തു്. ആ ഒരൊററ നന്മയുടെ വീര്യത്തെ കുറയ്ക്കാതെ, ഇതുമേൽ വിനയത്തെ കുറിക്കുന്ന വേറൊരു വാക്യത്തെ പിടിക്കുവാൻ സാധിക്കുമെന്നു് തോന്നുന്നില്ല. കൊണ്ടലും മിന്നലും എത്ര പ്രാവശ്യം കവികളും ഉപയോഗിച്ചു കഴിഞ്ഞിട്ടുള്ള ഉപമാനങ്ങളാണു്! എങ്കിലും ഈ പ്രത്യേക സന്ദർഭത്തിൽ അവയെ പുത്തനാക്കിത്തീർക്കുന്ന ഔചിത്യം നോക്കുക!

ആനതമൗലിയായി മുമ്പിൽ നില്ക്കുന്ന കർണ്ണനെ ജഗച്ചക്ഷുസ്സ് നോക്കുന്നതു്,

"ആയിരം കണ്ണുള്ളോരണ്ടർകോൻ തന്റെ നേ-
ർക്കായതമായെഴുമീർഷ്യ"യോടുകൂടിയാണു്. ഈ സമാഗമമുഹൂർത്തത്തിൽ ആ "നിർവ്വൃതിമണ്ഡലമദ്ധ്യവർത്തി" സർവ്വവും വിസ്മരിച്ചു നില്ക്കുന്നു.

സൂര്യൻ ഒന്നാമതു നീക്കുന്നതു്, താൻ അതിരഥനെന്ന സൂതന്റെയും രാധയുടേയും മകനാണെന്നുള്ള കർണ്ണന്റെ അബദ്ധധാരണയെയാണു്.

"പാലാഴിപ്പൈതലാം പാരിജാതത്തെയോ
കാലിക്കുളമ്പുചാൽ പെററിടുന്നു ?"

എന്നാണു് ഈ പ്രകൃതത്തിൽ ആദിത്യൻ ചോദിക്കുന്ന ചോദ്യം. കർണ്ണനായ കർണ്ണന്റെ വാസുദേവനാണു് താനെന്നും, അധിരഥൻ നന്ദഗോപൻ മാത്രമാണെന്നുമുള്ള വസ്തുത അദ്ദേഹം വെളിവാക്കുന്നു.

Digitized By Kerala Sahitya Akademi

പിന്നീട കന്യകയായ കുന്തിയുടെ താപസമന്ത്രതത്വപരീക്ഷണത്തിന്റെ ഫലമായി സൂര്യൻ അവളുടെ ഭർത്താവായിത്തീർന്ന കഥയും അനന്തരസംഭവങ്ങളും അലങ്കാരദീപ്തികൊണ്ട് അതുല്യങ്ങളായ, നാല്പത്തെട്ടു വരികളിൽ മഹാകവി വിശദമാക്കുന്നു. പെററമാത്രയിൽ തന്നെ പേടിച്ചും നാണിച്ചും കുന്തി തന്റെ കററക്കിടാവിനെ പെട്ടിയിലിട്ട് അശ്വനദിയിൽ ആദ്യമായും അശ്വനദിയിൽ പിന്നീടും ഒഴുക്കുന്നു.

"ചർമ്മണ്വതിയും യമുനയും ഗംഗയും
ചമ്പാപുരിവരെ മാറി മാറി
വെൺനുരവൈരക്കൽക്കാപ്പണിഞ്ഞീടിന
തന്നലക്കൈകളാൽ താങ്ങിത്താങ്ങി"

കൊണ്ടാണത്രെ ആ ഇളം പൈതലിന്റെ തനു കാന്തി പൊൻനിറം പൂശിയ പേടകത്തെ രാധയുടെ അടുക്കലേക്കെത്തിച്ചതു്. എന്തൊരു ഭാസുരച്ഛായയാണ് ഈ വരികളുടെ പിന്നിൽ ചലനചിത്രപടമെന്നപോലെ നമ്മുടെ സങ്കല്പാക്ഷികൾക്ക് വിഷയീഭവിക്കുന്നതു്. ഈ നാലു വരികളൊഴികെ ഉള്ളൂരിന്റെ കൃതികളുടെ ഇതരഭാഗങ്ങൾ മുഴുവനും നഷ്ടങ്ങളായിപ്പോവുകയാണെങ്കിൽക്കൂടി, ഇവയുടെ മാഹാത്മ്യം കൊണ്ടുമാത്രം അദ്ദേഹം മഹാകവി പദത്തിന്നർഹൻതന്നെയായിരിക്കും.

ഈ വൻജലസ്തംഭത്തിന്റെ രഹസ്യമായ കർണ്ണസൃഷ്ടിയില്പത്തിന്റെ തത്വാർത്ഥം ആദിത്യൻ പറയുന്നു: കർണ്ണന്റെ ദിവ്യങ്ങളായ കുണ്ഡലകവചങ്ങളാണ് ആ ജലയാത്രയിൽ അദ്ദേഹത്തിന്റെ ജീവനെ രക്ഷിച്ചതു്.

Digitized By Kerala Sahitya Akademi

നാൻമുഖൻ നിൻെറ നെററിമേൽ എങ്ങിനെയെങ്കിലും എഴുതിക്കൊള്ളട്ടെ. ശ്രീകൃഷ്ണൻ പാണ്ഡവന്മാരെ സഹായിക്കുവാൻ എന്തു കൃത്രിമക്കൈയ്യെങ്കിലും കാട്ടിക്കൊള്ളട്ടെ. അജ്ജുനൻ നിന്നോടു തോല്ക്കുകതന്നെ ചെയ്യും. ഈ കഞ്ചുകകണ്ണാവതംസങ്ങളുള്ള കാലത്തോളം എൻെറ ഉണ്ണിക്കു തോൽവിയില്ല" എന്നു പറഞ്ഞു് ആദിത്യൻ തൻെറ പ്രാരംഭഭാഷണത്തെ ഉപസംഹരിക്കുന്നു.

ഈ പ്രസ്താവനയുടെ തത്വം സഹൃദയന്മാർക്കു പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടതില്ല. കുണ്ഡലകവചങ്ങളുടെ മേന്മയാണു് ആദിത്യൻ വണ്ണിക്കുന്നതു്. അവയുള്ള കാലത്തോളം കർണ്ണനു യാതൊന്നും ഭയപ്പെടുവാനില്ലെങ്കിലും വല്ല സംഗതികൊണ്ടെങ്കിലും അവയുമായി വേർപെടുവാനുള്ള ഘട്ടം വന്നുപോയെങ്കിൽ കണ്ണൻെറ ആയുസ്സിനു നിസ്സംശയമായ ക്ഷതിയെ അവസാനത്തെ വരികളിൽക്കൂടി ഉള്ളർ ആലോചനാമൃതമായ വിധത്തിൽ ധ്വനിപ്പിക്കുന്നു. "നിൻെറ എതിരാളികൾ നിസ്സാരന്മാരല്ല ; സൂക്ഷിക്കണം! ശ്രീകൃഷ്ണൻ കൃത്രിമക്കൈകൾ കാട്ടുന്നതിൽ വിദഗ്ദ്ധനാണു്. അജ്ജുനനാണെങ്കിൽ പരമേശ്വരദത്തമായ പാശുപതത്തോടുകൂടിയവനാണു്. ഈ ദിവ്യഭൂഷകളല്ലാതെ നിനക്കു ഗതിയില്ല. "എന്നു കർണ്ണനെ വേദനിപ്പിക്കാതെ ഇതിലധികം ചമല്ക്കാരത്തോടുകൂടി എങ്ങനെ പറയും?

പക്ഷെ ഈ ധ്വനി കർണ്ണൻെറ കർണ്ണത്തിലൂടെ കടന്നില്ല. അഥവാ കടന്നുവെങ്കിൽതന്നെ, അദ്ദേഹത്തിൻെറ മുഖത്തു യാതൊരു സ്തോഭവും പ്രത്യക്ഷപ്പെടുത്തിയില്ല.

Digitized By Kerala Sahitya Akademi

തൻെറ അനന്യബന്ധുക്കളായും ചിരഞ്ജീവിതപ്രദായക ങ്ങളായുമുള്ള അഭേദ്യവിഭൂഷകളുടെ സമ്പാദ്യത്തെക്കുറിച്ച് വിജയപ്രതീക്ഷാജന്യമായ ആഹ്ലാദമോ, അഥവാ അവയെ കൈവിടുന്നപക്ഷം സംഭവിക്കുമെന്ന് ആദിത്യൻ വ്യഞ്ജിപ്പിക്കുന്ന വിപത്തുകളെപ്പററി ആലോചിച്ച് ആകുലതയുമോ, കർണ്ണൻെറ മുഖത്തു കാണപ്പെട്ടില്ലെന്നു ഉള്ളൂർ പറയുന്നതിങ്ങനെയാണ്.

"ഇത്ഥമർപ്പിച്ചിനൻപൌരുഷശ്രീസത്തം
പുത്രാന്യപത്മാമൊന്നുററവനാക്കി;
സാംപ്രതമായതിൽ പങ്ങക്കാറ തെല്ലൊരു
ക്രമ്പലുമില്ല വിരിവുമില്ല!"

സൂര്യദേവൻ ഭഗ്നാശനായില്ല; തൻെറ സ്വന്തജീവനെ രക്ഷിക്കുവാൻ കർണ്ണൻ കൂട്ടാക്കിയില്ലെങ്കിലും തൻെറ പിതാവിന്റെ പൂർവ്വവൈരിയെ തോല്പിക്കുവാനുള്ള അദ്ദേഹത്തിൻെറ ആഗ്രഹത്തെ സഫലമാക്കുവാൻ വേണ്ടിയെങ്കിലും, ഇന്ദ്രന്നു കുണ്ഡലകവചങ്ങൾ പുത്രൻ ദാനം ചെയ്യാതിരിക്കട്ടെ എന്നു കരുതി ആദിത്യൻ, താനും ദേവേന്ദ്രനും പണ്ടേ വൈരികളാണെന്നും സൂര്യപുത്രനായ സുഗ്രീവന്റെ പ്രാർത്ഥനപ്രകാരം ശ്രീരാമൻ ഇന്ദ്രപുത്രനായ ബാലിയെ കൊന്നതാണ് ഈ പൂർവ്വവൈരത്തിനു കാരണമെന്നും സമർത്ഥിക്കുന്നു. ഈ വൈരപ്രസ്താവം പൂർവ്വകവികളാൽ ചെയ്യപ്പെട്ടിട്ടില്ല; ഇതു മഹാകവി ഉള്ളൂരിൻെറ ഇതിഹാസപരിചയം അദ്ദേഹത്തിൻെറ ഏതാണ്ട് അമാനുഷികമായ പ്രതിഭയിൽത്തട്ടി പ്രതിഫലിക്കുമ്പോളുണ്ടായിത്തീരാറുള്ള പ്രഭാകന്ദളങ്ങളിൽ ഒന്നുമാത്രമാണ്.

Digitized By Kerala Sahitya Akademi

ഇന്ദ്രൻ നിമിത്തം തൻെറ മകന്നു് അപായം വരരുതെന്നു കരുതിയാണു് താൻ ഈ വർമ്മകുണ്ഡലങ്ങൾ കർണ്ണന്നു നൽകിയതെന്നു് ആദിത്യൻ പറയുന്നു. പ്രത്യേകം ഒരുദ്ദേശത്തെ മനസ്സിൽവെച്ചു താൻ ദാനം ചെയ്ത ഒരു സാധനം ആ ഉദ്ദേശത്തെത്തന്നെ വിഫലമാക്കുന്നവിധത്തിൽ വേറൊരാൾക്കു ദാനം ചെയ്യാൻ കർണ്ണന്നധികാരമില്ലെന്നാണു് ഈ വരികളിലെ ധ്വനി. അർജ്ജുനൻെറ നേരെയുള്ള ഈർഷ്യയെ പ്രജ്വലിപ്പിച്ചു് കർണ്ണനിൽ ഉറങ്ങിക്കിടന്ന വീരഭാവത്തെ തട്ടിയുണർത്തി അതിൻെറ സഹായത്തോടുകൂടി അദ്ദേഹത്തിൻെറ ധ്യാനനിഷ്ഠയെ മുടക്കുവാനാണു് ആദിത്യൻെറ ശ്രമം.

"എന്നുവിട്ടുണ്ടാവാ ദൂതരെയന്തകൻ—
നിന്നുടെ സോദരൻ—അങ്ങുനോക്കി;
അന്നുശമിക്കണം ഗാണ്ഡീവഹുങ്കാരം;
അന്നരിവെൺചാമ്പലർജ്ജുനാംഗം!

*   *   *   *

ആയതുകണ്ടിന്ദ്രൻഗൗതമശാപദമാ—
ത്തായിരം പ്രാവശ്യം മാഴ്കിടട്ടെ!"

എന്നാണു്, ഈ പ്രസംഗത്തിലുള്ള അന്തകതാതൻെറ ആശംസ. പക്ഷെ ഇതിനെ മുടക്കുവാൻ ഇന്ദ്രൻ കരുതുന്നുണ്ടെന്നു് ആദിത്യൻ മകനെ അറിയിക്കുന്നു. കുണ്ഡലങ്ങൾ ഇരന്നു വാങ്ങുവാൻ ഇന്ദ്രൻ വടുവേഷധാരിയായി വരുമെന്നും, അങ്ങിനെ വന്നാൽ ദാനധർമ്മാസക്തിപാരവശ്യത്താൽ മതിമറന്നു് അവയെക്കൊടുത്തുപോകരുതെന്നും അദ്ദേഹം ഉപദേശിക്കുന്നു.

Digitized By Kerala Sahitya Akademi

"തന്നെ മറന്നേവൻ ദാനം തുടങ്ങുന്ന—
തന്നരനപ്രജ്ഞനാത്മഘാതി
അംബുധികൂടിയും വേലയാൽ ശോഷിപ്പൂ
നന്മയ്ക്കുമൊട്ടോരുസീമവേണം."

എന്നാണു് ആഗമക്കാതലിന്റെ സദാചാരവാക്യം. ദംഷ്ട്രകം പൊയ്യേയ പഞ്ചാസ്യൻ വിശപ്പഹാസ്യനാണെന്നു പറഞ്ഞു്, കർണ്ണന്റെ പൗരുഷത്തേയും; തന്നോടുകൂടി ജനിച്ച കവചകുണ്ഡലങ്ങളെ വെടിയുന്നതു് സോദരത്യാഗമാണെന്നു് നിർദ്ദേശിച്ചു്, അദ്ദേഹത്തിന്റെ ദയാബോധത്തേയും;

"വാസുകി നീർക്കോലിയാകുമെന്നോർക്കുന്നു
വാസവൻ ശേഷനോ കുണ്ഡലീശൻ ?"

എന്നു ചോദിച്ചു് അദ്ദേഹത്തിന്റെ ആത്മാഭിമാനത്തേയും ഉദ്ദീപിപ്പിച്ചു് അവയെക്കൊണ്ടു് അദ്ദേഹത്തിന്റെ ദാനാംബുവെ വററിക്കുവാൻ ആദിത്യൻ ശ്രമിക്കുന്നു.

ഇത്രയും കേട്ടപ്പോഴേക്കും കർണ്ണന്റെ മുഖഭാവം മാറിത്തുടങ്ങി. ആസന്നമായ തന്റെ ആശാഭംഗത്തെ ആ മുകരത്തിൽ പത്മാക്ഷൻ കണ്ടുവെന്നാണു് ഉള്ളൂർ പറയുന്നതു്. ആദിത്യനു് പോംവഴിയില്ലാതായി. ഇത്രയും പറഞ്ഞുകഴിഞ്ഞതിനുശേഷം എങ്ങനെയാണു് ഈ വിഷമഘട്ടത്തിൽനിന്നു് പിൻവലിക്കുക ? അദ്ദേഹം തന്റെ ബുദ്ധിവൈഭവത്തെ മുഴുവൻ സംഭരിച്ചു് അനിവാര്യങ്ങളെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാവുന്ന വാഗസ്ത്രങ്ങളെ അതിൽനിന്നു് നിർമ്മിച്ചു്, കർണ്ണന്റെ ദാനധർമ്മാവ

Digitized By Kerala Sahitya Akademi

ബോധമാകുന്ന കവചത്തെ ലക്ഷ്യമാക്കി, അവയെ ഓരോ ന്നായി, വിസ്മയനീയമായ പാടവത്തോടുകൂടി എയ്തുതുടങ്ങി.

ലൗകികന്യായങ്ങളെ പുതിയ പുതിയ ഓരോ കോണിൽക്കൂടി അഭിവീക്ഷണംചെയ്യുന്നതിലും,അവയെഉദ്ദേശ നിർവഹണപദ്ധതിയിലേക്ക് നിഷ്പ്രയാസം ആനയിക്കുന്നതിലും, ഈ ഘട്ടത്തിൽ മഹാകവികാണിക്കുന്ന പാടവംയഥാർത്ഥമായി അന്യാദൃശംതന്നെയാണ്. ഹൃദയഭിത്തികളിൽ നിന്ന് മാറെറാലി പുറപ്പെടുവിക്കുന്ന ഗംഭീരമായ ആ വാങ്നിർത്ധരപാതനത്തെ ഒരു മിനിട്ടുനേരം ശ്രദ്ധിച്ചു കേൾക്കുക.

"ദാതാവു ദാതാവെന്നുള്ളോരു കീർത്തിക്കാ-
ണേതാവത്താകും നിൻ യത്നമെല്ലാം;
കീർത്തിയോ കേവലം ജീവിച്ചിരിപ്പോൻ തൻ
സാമോദചിത്തമാമെന്നത്രെ സാധുവാദം.

*　　*　　*

ആകവെ പാർക്കുകിലാരുടെ കീർത്തിയും
ലോകത്തിൻവായിലെ ലാലാബിന്ദു.
ആയതിൽ കാൽക്ഷണമത്തരുമേലറിനി-
ന്നാടിത്തകപ്പിത്തു പോലെ തോന്നും.
അപ്പുറം ലോകമിറക്കിട്ടമൊന്നുകിൽ,
തുപ്പിടുമല്ലെങ്കിലഷണെത്തെ,
ഗ്രസ്തമായീടിലും, ക്ഷിപ്തമായീടിലു-
മത്തുള്ളി തൻകഥയപ്പോൾത്തീരും.

*　　*　　*

Digitized By Kerala Sahitya Akademi

അല്ലാ, നരന്റെദേപർ നീർപ്പോളയല്ലേതാ
കല്ലെഴത്തെന്നതാൻ കല്പിക്കാം നാം;
ആയാലുമായത്തു വായിപ്പാനുള്ളവ-
നായുഷ്മാനല്ലാഞ്ഞാലെന്തുലാഭം ?

* * * *

ചത്തശവമതിൽ ചാർത്തിന പൂമാല
യെത്രമേൽപ്രാണിപ്പാൻ ശക്തമാകും ?
ലോകാന്തരസ്ഥൻ തന്നൈഹികവിഖ്യാതി
ആകാശശൂന്യതാ ഹീഹീഹാസം !
അക്കീർത്തിതൻദ്യുതിയസ്ഥികൂടദ്യുതി
അക്കീർത്തിനൃത്തം കബന്ധനൃത്തം.

* * * *

വേരററുവീണോരു വൃക്ഷത്തിലെന്തിന്നു
വാരിദം വീഴ്ത്തുന്നു ബാഷ്പപൂരം ?
ഹന്ത! പരദ്രുവിൻ ദോഹദമക്കാഷ്ഠം—
ഇന്ധനം—ഇങ്ഗാലം—ഭസ്മം മേലിൽ;
ഇട്ടാനസിന്ധുവിൽ നീ വീണു ചാകുകി-
ലത്യാഹിതമതിൻമീതെയുണ്ടോ ?
നീവിവിററുണ്ണുന്ന നിർവ്വാണവാണിജ്യം
നീവിരഞ്ഞീടൊല്ലേ നീതിമാനേ !”

“ഒരു ദിക്കിലും ഒപ്പിച്ചുകൂടാത്ത അതിശയോക്തി!” എന്നു് ശ്രോതാക്കളെക്കൊണ്ടു് പറയിക്കാതെങ്ങിനെയാണു് ഈ വരികളെക്കുറിച്ചു് ഒരഭിപ്രായം പറയുക ?

Digitized By Kerala Sahitya Akademi

## ഉപസംഹാരം

ആദിത്യൻ പറയുകയോ ധ്വനിപ്പിക്കുകയോ ചെയ്തിട്ടുള്ള പൂർവ്വപക്ഷങ്ങൾക്കുള്ള കണ്ണന്റെ സമാധാനങ്ങളാണു് കാവ്യത്തിന്റെ ബാക്കിഭാഗം മുഴുവനും. മിൽട്ടന്റെ "പാരഡൈസ് ലോസ്റ്റ്" എന്ന ഇതിഹാസത്തിലല്ലാതെ മറെറവിടെയും ഇങ്ങനെ പ്രവഹിക്കുന്ന ഒരു കവിതാവാഹിനിയെ, കർണ്ണഭൂഷണത്തിന്റെ ഉത്തരാർദ്ധം പോലെ, ഈ ലേഖകൻ കണ്ടിട്ടില്ല. ഉള്ളൂരിന്റെ വാഗ്വിലാസത്തിനുദാഹരണമായി ഒരു വരിയെങ്കിലും ഉദ്ധരിക്കുവാൻ എനിക്കു ധൈര്യം വരുന്നതുമില്ല. ഒരു വരിക്കു പിമ്പേ തുല്യാവകാശികളായ എത്ര വരികളാണു് കടന്നു വരികയെന്നു് തീർച്ചപ്പെടുത്തുവാൻ കഴിയാത്തതുകൊണ്ടാണു് ഈ സംരംഭത്തിൽനിന്നു ഞാൻ പിൻവലിക്കുന്നതു്. അതു് വായനക്കാർ നേരിട്ടറിഞ്ഞു് അനുഭവിക്കുകയാണുചിതം.

വേറെയൊന്നു, രണ്ടു് സംഗതികൾക്ക് ഉദാഹരണം ചേർക്കാതെ നിവൃത്തിയില്ല. കർണ്ണഭൂഷണത്തിൽ ഉള്ളൂരിന്റെ കവിതാംഗന നമ്മുടെ ഭാഷാസാഹിത്യത്തിനു പരിചിതങ്ങളല്ലാത്ത ചില പന്ഥാവുകളിൽ കൂടിയും ചരിക്കുന്നുണ്ടു്. പക്ഷെ അവയ്ക്കു വരുത്തീട്ടുള്ള തന്മയീഭാവം കൊണ്ടു് പഴകിയ വഴികളിൽക്കൂടിയല്ല കവിത പോകുന്നതെന്നു് വായനക്കാർ അറിയുന്നതേയില്ല.

ഒരു ഭാഗം ഇതാ:—

"ഹാ പേർത്തുമെന്തിനു രംഗസ്ഥൻ ഞാനിനാർപ്പു
നേപത്ഥ്യസംഭാരമെത്തിനോക്കാൻ ?

Digitized By Kerala Sahitya Akademi

ഏതൊരു വേഷവുമാടട്ടെവന്നെന്നി-
ക്കേത്തുരസത്തിലും പ്രീതിതന്നെ.
ആനന്ദാച്ഛാദനമായതിദേവത
താനേതാൻ നീക്കുമെൻ മുന്നിൽവന്നാൽ ;
സുന്ദരം താനതിൻ തൂനെററിച്ചിത്രകം
സിന്ദൂരമായാലും ചാന്തായാലും.
ഫുല്ലാംബുജാസ്യയാം വാസരാധീശ്വരി ;
അല്ലണിക്കുന്തളാം രാത്രിദേവി ;
മേളിപ്പൂരണ്ടോടും ഞാനെനിക്കാവശ്യ-
മീലോകച്ഛായകൾ മാറി മാറി.
പാത്രത്തിൽ നൽകിന ദാനത്താലിദ്ദിനം
പേർത്തും ഞാൻ ധന്യരിൽ ധന്യനായാൽ
അത്ഥം ഗ്രഹിച്ച വാക്യത്തിനെന്തുമേ-
ലെത്തേണ്ടൂ പൂർണ്ണവിരാമമെന്യേ ? ”

ഈ വരികൾ ഉള്ളൂരിന്റെ പ്രത്യേക കവിതാസരണിയെ കുറിക്കുന്നവയാണു്. പാശ്ചാത്യസാഹിത്യങ്ങളുമായി വളരെക്കാലത്തെ പഴക്കംകൊണ്ടുണ്ടാകുന്ന ആശയഗതിയെയാണു് ഈ വരികൾ കാണിക്കുന്നതു്. എങ്കിലും അവയിൽ ഒരുപക്ഷേ അവസാനത്തെ രണ്ടു വരികളിലൊഴികെ—പൌരസ്ത്യന്മാർക്കു് അപരിചിതമായ ഒരൊററ സങ്കേതത്തെയെങ്കിലും കവി സ്വീകരിച്ചിട്ടുമില്ല. പൌരസ്ത്യസംസ്കാരത്തെയും, പാശ്ചാത്യസംസ്കാരത്തെയും കൂട്ടിയിണക്കുന്ന മുത്തുമാലയായ ടാഗോർകവിതകളിൽ മാത്രമേ ഇവയോടു തുല്യങ്ങളായ ആശയങ്ങൾ കണ്ടെത്തുകയുള്ളൂ. ഇത്രയും പറഞ്ഞതുകൊണ്ടു് പാശ്ചാത്യകൃതികളിൽ

Digitized By Kerala Sahitya Akademi

നിന്നോ മഹാകവി ടാഗോറിന്റെ കാവ്യങ്ങളിൽനിന്നോ കടംവാങ്ങിയിട്ടുള്ള ആശയങ്ങളാണിവയെന്നു വായനക്കാർ തെററിദ്ധരിക്കരുത്. അവ ഷെല്ലിയുടേയും ടെന്നിസന്റെയും ബ്രൌണിങ്ങിന്റെയും സർവ്വോപരി ടാഗോറിന്റെയും വിചാരശൈലികളുടെ ഗുണങ്ങളെ അനുസ്മരിപ്പിക്കുന്നുണ്ടെന്നു മാത്രമേ ഇവിടെ വിവക്ഷയുള്ളു.

നവീനശാസ്ത്രസിദ്ധാന്തങ്ങളെ തന്റെ കവിതയിൽ രസത്തിനു ഭംഗം വരുത്താതെ കൂട്ടിയിണക്കുവാൻ ഉള്ളൂരിനു അന്യാദൃശമായ പാടവമുണ്ടു്.

'ആരിൽത്താനങ്കമില്ലായതു കാണുന്നു
സൂരനാമെന്നിലും സൂക്ഷ്മദർശി'

എന്ന വരികൾ നോക്കുക. ദൂരദർശിനിയുടെ സഹായം കൊണ്ടു് ആദിത്യമണ്ഡലത്തിൽക്കൂടി ചില കറുപ്പുപുള്ളികൾ ശാസ്ത്രജ്ഞന്മാർക്കു് കാണുവാൻ സാധിച്ച സംഗതി പ്രകൃതത്തിൽ എത്ര ഉചിതമായാണു് മഹാകവി സംഘടിപ്പിച്ചിരിക്കുന്നതു്. ഇതു് ഏതാണ്ടു്

"ദീധിതിമാലിതൻ വക്ത്രത്തിൽനിന്നെന്തി-
സ്സ്ഫീതാന്ധതാമിസ്രം നിർഗ്ഗമിപ്പാൻ ?"

എന്ന കണ്ണന്റെ മനസ്സുമടുത്തുള്ള ചോദ്യത്തിനു് ഒരു ഉത്തരം പോലെയാണു് പരിണമിച്ചിരിക്കുന്നതു്.

കർണ്ണഭൂഷണം മുഴുവൻ ഒരാവർത്തി വായിച്ചു പുസ്തകം താഴെ വയ്ക്കുന്ന ഒരാളുടെ മനസ്സിൽ അഭൗമമായ ഏതോ ഒരു വെടിക്കെട്ടു് പൊട്ടിത്തീരുന്നതുനോക്കിനിന്ന ഒരാളുടെ മനസ്സിൽ ഉണ്ടാകുവാനിടയുള്ള വികാരങ്ങളാണു് ഉണ്ടാ

Digitized By Kerala Sahitya Akademi

വുക. പുസ്തകം നോക്കിവായിക്കുക മാത്രം ചെയ്യു ആൎക്കു കൂടി, അതിലെ വരികളംമുഴവനം ആരോ ഉറക്കെ ചൊല്ലി ക്കേട്ടതുപോലെ ഒരു ഭ്രാന്തിയുണ്ടായിരിക്കും. ഈ ഒരു അ നഭവം "പാരഡൈഡസ് ലോസ്റ്റി"ലെ സാത്താൻെറയും ഷേക്സ്പീയരുടെ "ജൂലിയസ് സീസർ" എന്ന നാടകത്തി ലെ ആൻറണിയുടേയും പ്രഭാഷണങ്ങളും വായിച്ചപ്പോൾ മാത്രമേ ഇതെഴുതുന്നയാൾക്ക് ഉണ്ടായിട്ടുള്ളൂ. ഈ ഗുണ ത്തെയാണു് ഞാൻ വാഗ്വിലാസം (Eloquence) എന്നു വിളിക്കുന്നതു്. ഇതു് നമ്മുടെ കുഞ്ചൻനമ്പ്യാരിലും ഉള്ളൂ രിലും മാത്രമേ ഞാൻ പരിപൂൎണ്ണമായി കണ്ടിട്ടുള്ളൂ. ഇവർ രണ്ടുപേരും മാത്രം കവിത കേട്ടെഴുതിയതുപോലെ തോന്നി ക്കുന്നു. അഥവാ അവയുടെ ഗുണോല്ക്കൎഷം കണ്ടാൽ അവ സാക്ഷാൽ വാഗീശ്വരിയുടെ മുഖത്തുനിന്നു നിൎഗ്ഗളി ച്ചവയാണെന്നു് അനുമാനിച്ചാലും വലിയ തെറ്റൊന്നു മില്ലതാനും.

സഞ്ജയൻ.

Digitized By Kerala Sahitya Akademi

# മഹാകവി ഉള്ളൂരിൻെറ

# ചില ഇതരകൃതികൾ

| | Rs. | nP. |
|---|---|---|
| ഉമാകേരളം | 3 | 00 |
| പിംഗള | 1 | 25 |
| തരംഗിണി | 1 | 25 |
| താരഹാരം | 1 | 50 |
| കിരണാവലി | 1 | 25 |
| രത്നമാല | 1 | 50 |
| അമൃതധാര | 1 | 50 |
| ഹൃദയകൗമുദി | 1 | 50 |
| കല്പശാഖി | 1 | 50 |
| തപ്തഹൃദയം | 1 | 00 |
| ചൈത്രപ്രഭാവം | 0 | 31 |
| ശരണോപഹാരം | 0 | 37 |
| ചിത്രോദയം | 0 | 47 |
| മംഗളമഞ്ജരി | 0 | 50 |
| ചിത്രശാല | 1 | 00 |
| അരുണോദയം | 0 | 75 |
| വിജ്ഞാനദീപിക (രണ്ടാംഭാഗം) | 5 | 00 |
| ഭാഷാചമ്പുക്കൾ | 3 | 00 |
| അംബ (ഗദ്യനാടകം) | 3 | 00 |
| സ്മരണമാധുരി | 1 | 25 |
| ഭക്തിദീപിക | 1 | 00 |
| ദീപാവലി | 0 | 75 |
| ബാലദീപിക | 0 | 25 |
| മാതൃകാജീവിതങ്ങൾ | 0 | 25 |
| സദാചാരദീപിക | 0 | 37 |
| മണിമഞ്ജുഷ | 1 | 25 |

അപേക്ഷിക്കേണ്ടും മേൽവിലാസം

## ഉള്ളൂർ പബ്ളിഷേഴ്സ്

ജഗതി, തിരുവനന്തപുരം.

Digitized By Kerala Sahitya Akademi